www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

പുസ്തകം 8 ലക്കം 11
2022 ജൂൺ ₹ 12




SPECIAL PULLOUT BOOKLET

## പ്രതീക്ഷയുടെ തുരുത്തിൽ

# മൂന്നാം പ്രവാസി സംഗമം




വാർഷിക വരിക്കാരാവാൻ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്

ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കുക...

0471-2517036
iocirculation@gmail.com

കൂടാതെ www.etreasury.kerala.gov.in എന്ന വെബ്സൈറ്റിലൂടെയും പണമയയ്ക്കാം

# സമകാലിക ജനപഥം

2022 ജൂൺ 1
പുസ്തകം 8 ലക്കം 11

## പ്രത്യാശയോടെ വീണ്ടും ഒത്തുചേരുമ്പോൾ



അസംഖ്യം അടരുകളുള്ള ജീവിതാനുഭവങ്ങളുടെ, അസംഖ്യം മനുഷ്യരുടെ മഹാ പ്രയാണങ്ങളുടെ ഓർമ്മകൾ കൂടി ഉള്ളടങ്ങിയതാകും ഒരു ജനതയുടെ പ്രവാസ ചരിത്രം. മലയാളിയുടെ കഥയും വ്യത്യസ്തമല്ല. നാം ഇന്നറിയുന്ന ആധുനിക മലയാളി രൂപം കൊള്ളുന്നതിനും എത്രയോ കാലം മുമ്പ് അതിജീവനത്തിനായി വിദൂരദേശങ്ങളിലേക്ക്, മഹാസമുദ്രങ്ങൾ താണ്ടി നമ്മുടെ ജനത ചെന്നെത്തിയിരുന്നു. ഏതു ദേശത്തും ഒരു മലയാളിയുണ്ടാവുമെന്ന് അല്പം തമാശയോടെ നമ്മൾ പറയും. പക്ഷെ ചോരയും കണ്ണീരും സഹനങ്ങളും കലർന്നു കിടപ്പുണ്ട് ആ യാത്രകൾ ലക്ഷ്യത്തിലെത്തിയതിനു പിന്നിലെന്ന് ഇന്ന് അറിയാം. എത്തിപ്പെട്ടിടത്തെല്ലാം അത് ഇന്ത്യയിലെ മഹാനഗരങ്ങളിലാകട്ടെ, വിദേശ രാജ്യങ്ങളിലാകട്ടെ സങ്കുചിത ചിന്തയില്ലാതെ അതത് സംസ്കാരങ്ങളുമായി ഇടപഴകി മുന്നോട്ടു പോവാൻ കഴിഞ്ഞതും മലയാളി പ്രവാസി വിജയഗാഥയ്ക്കു പിന്നിലുണ്ട്.

കരുത്തുറ്റ ഒരു സമൂഹമാണ് ഇപ്പോൾ മലയാളി പ്രവാസ ലോകം. ജന്മദേശത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളിൽ താങ്ങാകാനും വളർച്ചയിൽ നിർണായക പങ്ക് വഹിക്കാനും മലയാളി പ്രവാസികൾ നിലകൊള്ളുന്നത് അഭിമാനകരമാണ്. എന്നാൽ ലോകത്തിന്റെ പല കോണുകളിലായി ചിതറിക്കിടക്കുന്ന മലയാളിയുടെ അനുഭവസമ്പത്തും ബൗദ്ധികശേഷിയും കേരളത്തിന്റെ വികസനത്തിനായി കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങൾ കേൾക്കുന്നതിനും ഒരു വേദി എന്ന നിലയിലാണ് ലോക കേരള സഭ എന്ന ആശയം ഉദയം കൊള്ളുന്നത്. 2018 ലും 2020 ലുമായി രണ്ട് സഭകൾ പിന്നിട്ട് മൂന്നാം ലോക കേരള സഭയാണ് ജൂൺ 16, 17, 18 തീയതികളിലായി നടക്കുന്നത്. ആദ്യ സഭകൾ പകർന്ന അനുഭവവും ഊർജവും ഉൾക്കൊണ്ട് കൂടുതൽ ഗൗരവകരമായ സംവാദങ്ങൾക്കും ചർച്ചകൾക്കും മൂന്നാം സമ്മേളനം ഇടമൊരുക്കുമെന്ന് പ്രത്യാശിക്കുന്നു.

**എസ്. ഹരികിഷോർ ഐ.എ.എസ്**
എഡിറ്റർ

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൽ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ-ഇൻ-ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**മെർലിൻ ജെ.എൻ**
**സതികുമാർ റ്റി.എസ്.**
സർക്കുലേഷൻ ഓഫീസർ
**അഭിലാഷ് എ.സി.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി.എസ്.**

June 1, 2022, Volume 8, Issue 11
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.
0471-2517036

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.


സമകാലിക
ജനപഥം
SPECIAL
PULLOUT
BOOKLET
പ്രതീക്ഷയുടെ തുരുത്തിൽ
മൂന്നാം പ്രവാസി സംഗമം
ജനപഥം
PULLOUT
BOOKLET
17-36

06
**ആഗോളമലയാളികളുടെ ഒരുമയും പെരുമയും**
പിണറായി വിജയൻ
മുഖ്യമന്ത്രി

08
**ലോക കേരള സഭ ലോകത്തിന് കേരളത്തിന്റെ സംഭാവന**
പി. ശ്രീരാമകൃഷ്ണൻ

11
**പ്രദേശാനന്തര ജീവിതം**
ഡോ. കെ .എൻ. ഹരിലാൽ

13
**യാത്രയും മലയാളിയും**
ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്

37
**മലയാളിയുടെ കൊൽക്കത്ത**
സുസ്മേഷ് ചന്ത്രോത്ത്

42
**മഹാമാരിയിലെ പച്ചത്തുരുത്ത്**
ഡോ:ഗണേഷ് ബാല

44
**തിരികെയെത്തുന്ന മലയാളികൾ പ്രതിസന്ധികളും സാധ്യതകളും**
സി എസ് അഖിൽ

46
**മറുനാട്ടിലെ മലയാളി**
എസ്. ഗോപാലകൃഷ്ണൻ

48
**ചലച്ചിത്രങ്ങളിലെ പ്രവാസജീവിതം**
പി.എസ്.രാധാകൃഷ്ണൻ

50
**കോവിഡ് കാലത്തും സാന്ത്വനസ്പർശമായി മലയാളി നഴ്സുമാർ**
ജോബി ബേബി



“

**കോ**വിഡ് മഹാമാരി വിതച്ച പ്രതിസന്ധികൾ തരണം ചെയ്യാനും പുതിയ സാഹചര്യത്തിൽ ജീവിക്കാനും കേരളം പരിശ്രമിക്കുന്നതുപോലെ പുതിയ സാഹചര്യങ്ങളെ സ്വീകരിക്കാൻ പ്രവാസലോകത്തുള്ളവരും തയ്യാറെടുക്കുകയാണ്. മിക്ക വിദേശരാജ്യങ്ങളിലെ തൊഴിൽ രംഗത്തും കോവിഡിന് ശേഷമുള്ള മാറ്റങ്ങൾ പ്രകടമാണ്. അവിടെ ജീവിക്കുന്ന മലയാളികൾക്ക് പ്രയാസമില്ലാതെ ജീവിക്കാൻ അനുയോജ്യമായ അന്തരീക്ഷം രൂപപ്പെട്ടുവരിക എന്നതാണ് പ്രധാനം. ലോകത്തെ സാമ്പത്തിക പ്രതിസന്ധി, ഉക്രൈനിലെ യുദ്ധം തുടങ്ങിയ വിഷയങ്ങളും ഈ ഘട്ടത്തിൽ പ്രധാനമാണ്. അതുകൊണ്ടുതന്നെ പ്രവാസ ലോകത്തു ജീവിതം കെട്ടിപ്പടുക്കാൻ കഷ്ടപ്പെടുന്ന മലയാളികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാനുള്ള ലോക കേരളസഭ ഇത്തവണ കൂടുതൽ സജീവമാകുമെന്ന കാര്യം ഉറപ്പാണ്.

കോവിഡ് പ്രതിരോധത്തിൽ ലോകത്തിനു മുന്നിൽ മികച്ച മാതൃക തീർത്ത നാടാണ് നമ്മുടേത്. സംസ്ഥാനത്ത് രോഗവ്യാപനം നിയന്ത്രിച്ചു. പ്രതിസന്ധിയുടെ കാലത്ത് ആരും പട്ടിണി കിടക്കുന്നില്ലെന്നു ഉറപ്പു വരുത്തി. സൗജന്യ ചികിത്സ ഉറപ്പാക്കി. നാട്ടിലെത്തുന്ന പ്രവാസികൾക്ക് സംരക്ഷണ കവചം ഒരുക്കി. ക്വാറന്റൈൻ സൗകര്യമൊരുക്കി. വിദേശ രാജ്യങ്ങളിൽ ഉള്ള ലോക കേരള സഭാംഗങ്ങളുടെ സഹകരണത്തോടെ ഹെൽപ്പ് ഡെസ്ക്കുകളും മെഡിക്കൽ ടീമുകളും പ്രവർത്തിച്ചു. തിരിച്ചെത്തിയ  പ്രവാസികൾക്ക് വിമാനത്താവളം മുതൽ ക്വാറന്റൈൻ കഴിയുന്നതുവരെയുള്ള എല്ലാ ഉത്തരവാദിത്വങ്ങളും സർക്കാർ മേൽനോട്ടത്തിൽ നിർവ്വഹിച്ചു. പ്രതിസന്ധിയുടെ കാലത്തും പ്രവാസികൾക്കായി ഒട്ടനവധി ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു. ഈ രീതിയിൽ നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങളുടെ  പശ്ചാത്തലത്തിൽ കൂടി സവിശേഷതയുള്ളതാകുകയാണ് മൂന്നാം ലോക കേരളസഭ.

”

# ആഗോളമലയാളികളുടെ ഒരുമയും പെരുമയും

**പിണറായി വിജയൻ**
മുഖ്യമന്ത്രി





## ലോക കേരള സഭ

# ലോകത്തിന് കേരളത്തിന്റെ സംഭാവന





**പി. ശ്രീരാമകൃഷ്ണൻ**
നോർക്ക റൂട്ട്സ് റെസിഡന്റ്
വൈസ് ചെയർമാൻ

ജനാധിപത്യം പുഷ്ക്കലമാകുന്നത് അത് പുതിയ വിതാനത്തിലേക്ക് ഓരോ സന്ദർഭത്തിലും ഉയരുമ്പോഴാണ്. പുതിയ പുതിയ തലങ്ങളിൽ ജനാധിപത്യത്തിന്റെ വ്യാഖ്യാനവും നിർവ്വഹണവും നിർവ്വഹിക്കപ്പെടുമ്പോഴാണ് അത് സുരഭിലമാകുന്നത്. ഒരു ദിവസം തുടങ്ങി പെട്ടെന്ന് അവസാനിക്കുന്ന പ്രക്രിയയല്ലത്. ആ നിലയിൽ ലോകത്തിന് പല മാതൃകകളും സൃഷ്ടിച്ച കേരളം ജനാധിപത്യ ലോകത്തിന് നൽകിയ സംഭാവനയാണ് ലോക കേരളസഭ.

കേരളം പ്രവാസത്തിന്റെ ശക്തികൊണ്ട് വളരുകയും നിൽക്കുകയും ചെയ്യുന്ന ഒരു സമൂഹമാണ്. പ്രവാസ സാന്ദ്രതയേറിയ സമൂഹം. ആ പ്രവാസ സാന്ദ്രതയെ ഫലപ്രദമായി വിന്യസിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയെന്നത് ഏതൊരു മലയാളിയുടെയും ആഗ്രഹമാണ്, സ്വപ്നമാണ് ചുമതലയുമാണ്. കേരള സർക്കാർ മുൻകൈയ്യെടുത്ത് കൊണ്ട് ഇത്തരം ഒരു സഭ രൂപീകരിക്കുമ്പോൾ അത് നിക്ഷേപകരുടെ സംഗമമാണെന്നോ, പണക്കാരുടെ വേദിയാണെന്നോ തെറ്റിദ്ധരിച്ച് വാദകോലാഹലങ്ങളിൽ ഏർപ്പെട്ടവരുണ്ട്. എന്നാൽ ഇത് നിക്ഷേപകരുടെ സംഗമമോ പണക്കാരുടെ വേദിയോ അല്ല. ലോകത്താകമാനമുള്ള മലയാളികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന ജനാധിപത്യ സഭയാണ്. അവരുടെ ചിന്തകൾക്കും ശക്തികൾക്കും കേരളത്തിൽ സ്ഥാനമുണ്ട്.

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രവർത്തിക്കുന്ന മലയാളികളുടെ പ്രാഗത്ഭ്യം, വൈദഗ്ദ്ധ്യം, സാങ്കേതിക അറിവുകൾ, പ്രായോഗികജ്ഞാനങ്ങൾ അതെല്ലാം കേരളത്തിലേക്ക് ഒഴുകിയെത്തണമെന്നാണ് നാം ആഗ്രഹിക്കുന്നത്. ആഗോള മലയാളി കൂട്ടായ്മ എന്ന സങ്കൽപം കേരളത്തിന്റെ അത്യാവശ്യ സന്ദർഭങ്ങളിൽ എല്ലാ തരത്തിലും ഒരു കൈസഹായം എന്ന നിലയിൽ എത്തുന്ന ലോക മലയാളികളുടെ സംഗമമാണ്. എന്നാൽ അതുപോലെ തന്നെ പ്രധാനമാണ് വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചു കൊണ്ടിരിക്കുന്നവരുടെ കഴിവുകൾ നമ്മുടെ നാടിനു വേണ്ടി പ്രയോജനപ്പെടുത്തുകയെന്നത് കൃഷിയിലും വിദ്യാഭ്യാസത്തിലും ശാസ്ത്രീയ ചിന്തകളിലും ശുചീകരണത്തിനും എല്ലാം നമുക്ക് പുതിയ അനുഭവങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന ലോക മലയാളികൾ ഉണ്ട്. നമ്മുടെ നവകേരള സങ്കൽപ്പം യഥാർഥ്യമാക്കാൻ അവരുടെ കഴിവുകളും ഉപയോഗപ്പെടുത്താൻ സാധിയ്ക്കണം.

നവകേരള സങ്കൽപ്പം എന്നു പറയുന്നത് ആധുനിക കേരളത്തിന്റെ പുതിയ വളർച്ചയുടെ ഒരു ഘട്ടമാണ്. ടെക്നോളജിയും അതിന്റെ ഭാഗമായിട്ടുള്ള ഉൽപ്പന്നങ്ങളും ഏററവും കൂടുതൽ ഉപയോഗിക്കാൻ കഴിയുന്ന, ശേഷിയുള്ള ഒരു സമൂഹമായി കേരളത്തിനെ മാറ്റാനുള്ള ശ്രമമാണത്. കാർഷിക പരിഷ്കരണത്തിലൂടെ വലിയ മാറ്റം വന്ന കേരളത്തിൽ പ്രവാസികളുടെ കുടിയേറ്റത്തിന്റെ ഭാഗമായി ലഭിച്ച സമ്പത്ത് കൂടി കേരളത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ആ നിർണ്ണായകമായ പങ്ക് വഹിച്ച കേരളത്തിന് ഇനി പുതിയ ഘട്ടത്തിലേക്ക്

പ്രവേശിക്കണം. അത് ലോകോത്തര നിലവാരമുള്ള ഒരു സമൂഹമായി കേരളത്തെ മാററുക എന്നതാണ്. ജീവിതനിലവാരം ഏത് വികസിത രാജ്യത്തിനോടുമൊപ്പം എത്താൻ പററുന്ന രീതിയിൽ കേരളത്തെ വികസിപ്പിക്കാവുന്ന നിലയിൽ എല്ലാ മേഖലയിലും വളർച്ചയുണ്ടാക്കുക എന്നതാണ് കേരളത്തിന്റെ ലക്ഷ്യം. അതാണ് നവകേരള സങ്കൽപ്പം.

## നവകേരള സങ്കൽപ്പം യാഥാർഥ്യമാക്കാൻ

ഒരു പക്ഷേ നവകേരള സങ്കൽപ്പത്തിന്റെ ഭാഗമായിട്ട് നാം ഒരുക്കുന്ന വിവിധ പദ്ധതികളിൽ ഏററവും ശ്രദ്ധേയമായ ഒരു പദ്ധതിയാണ് കെ-ഫോൺ. ഇന്റർനെറ്റ് പുതിയ കാലത്തെ ഏററവും സൗകര്യപ്രദമായ ഒരു ഉൽപ്പന്നമാണ്. വിവരവിനിമയവിദ്യയുടെ സാങ്കേതിക വിസ്ഫോടനം ലോകത്തെ മാറ്റി മറിക്കുന്നതിൽ പ്രധാന കാരണമായി വന്നത് ഇന്റർനെറ്റാണ്. ഇന്റർനെറ്റ് ഉപയോഗിക്കാൻ കഴിയാത്തവർ ഉള്ളിടത്തോളം കാലം ഒരു സമൂഹം നിരക്ഷരരായി തുടരും. സമൂഹത്തിലെ നിരക്ഷരത എന്നു പറയുന്നത് ഇന്ന് പുതിയ കാലത്ത് പുതിയ രൂപത്തിലാണ് അനുഭവപ്പെടുന്നത്. സാക്ഷരതാ പ്രസ്ഥാനം രൂപപ്പെട്ടതുപോലെ, ജനകീയമായ ആസൂത്രണത്തിലൂടെ പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടതുപോല, ഇന്റർനെറ്റിന്റെ ഉപയോഗത്തിലൂടെ ഡിജിറ്റൽ ഡിവൈഡ് ഇല്ലാത്ത ഒരു സമൂഹമെന്ന സങ്കൽപത്തിലേക്ക് കേരളം വളരുകയാണ്. ഒരു പക്ഷെ ലോകത്ത് ആദ്യമായിട്ടായിരിക്കാം ഒരു സമൂഹം ഡിജിറ്റൽ ഡിവൈഡ് ഇല്ലാത്ത എന്നാൽ സമ്പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്ത ഒരു സമൂഹമായി മാറാനുള്ള ത്വര കാണിക്കുന്നത്, അത് പ്രയോഗവൽക്കരിക്കുന്നത്. കെ-ഫോണിലൂടെ അത് ഇവിടെ യാഥാർത്ഥ്യമാവുകയാണ്. അതായത് സമൂഹത്തിന്റെ ഏത് താഴെത്തട്ടിലുള്ളവർക്കും ഏററവും ഊർജ്ജസ്വലമായ നിലയിൽ സാങ്കേതിക വൈദഗ്ദ്ധ്യം തികഞ്ഞ ജീവിതം നയിക്കാൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കാൻ കേരളം ശ്രമിക്കുന്നു എന്നുള്ളതാണ്. അതുപോലെ തന്നെ ശുചീകരണരംഗത്തും പുതിയ മാർഗ്ഗങ്ങൾ നാം ആരായുകയാണ്. കേരളത്തിലെ 44 നദികളിലെ ജലം പാഴായി പോകാതെ ഉപയോഗ പ്രദമാക്കാൻ സാധിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ നമുക്ക് നെതർലാൻഡ്സിലേതുൾപ്പെടെയുള്ള പരീക്ഷണങ്ങൾ നിർവ്വഹിക്കാവുന്നതാണ്.

ലോകത്ത് പലതരത്തിലുള്ള ഇത്തരം മാതൃകകൾ സൃഷ്ടിക്കുന്ന സമൂഹമെന്ന നിലയിൽ കേരളം മനുഷ്യവിഭവത്തിന്റെ ഒരു മഹാസംഭരണിയായി ലോകത്തിനു മുന്നിൽ നിൽക്കുകയാണ്.

ലോകത്ത് പലതരത്തിലുള്ള ഇത്തരം മാതൃകകൾ സൃഷ്ടിക്കുന്ന സമൂഹമെന്ന നിലയിൽ കേരളം മനുഷ്യവിഭവത്തിന്റെ ഒരു മഹാസംഭരണിയായി ലോകത്തിനു മുന്നിൽ നിൽക്കുകയാണ്. അതുകൊണ്ട് തന്നെ മലയാളി ബ്രാൻഡ് കുടിയേററം ഇന്ന് ലോകത്തെ എല്ലാ രാജ്യങ്ങളിലും അനുഭവവേദ്യവുമാണ്. മലയാളി ബ്രാൻഡ് കുടിയേറ്റത്തിന്റെ ശക്തിയും സ്രോതസ്സും ഇല്ലാത്ത സമൂഹങ്ങൾ ഇന്ന് ലോകത്ത് എവിടെയും ഇല്ല എന്നതും നിസ്സംശയം പറയാൻ സാധിക്കും. യുറോപ്പിലേക്കും, അമേരിക്കയിലേക്കും, മിഡിൽ ഈസ്റ്റിലേക്കും, ആഫ്രിക്കയിലേക്കും മനുഷ്യവിഭവത്തെ സംഭരണം ചെയ്യുന്ന ഇന്ന് കുടിയേററത്തിന്റെ തോതും രീതികളും മാറിയിരിക്കുന്നു. പഠനത്തോടൊപ്പം ജോലിയും കണ്ടുകൊണ്ട് പെർമനന്റ് റസിഡന്റ്സ്ഷിപ്പ് കിട്ടാൻ ആവശ്യമായ നിലയിലേക്ക് പുതിയ തലമുറ കുടിയേറ്റത്തെ മാറ്റിത്തീർത്തിരിക്കുന്നു. അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ ലക്ഷ്യങ്ങളായിട്ട് വിദേശരാജ്യങ്ങൾ മാറിത്തീരുന്നതും സ്വാഭാവികമായിരിക്കുന്നു.

## ലോകകേരള സഭ എന്തിന്

ഈ പശ്ചാത്തലത്തിലാണ് ലോകം മുഴുവൻ പരന്നുകിടക്കുന്ന മലയാളികളുടെ ഒരു പൊതുവേദി എന്ന ആശയം കേരള സർക്കാരിന്റേയും കേരള നിയമസഭ യുടെയും സഹായത്തോടുകൂടി യാഥാർഥ്യമായത്. 'എന്തിന് ലോകകേരള സഭ' എന്ന ചോദ്യമുണ്ട്. എന്തിന് സൗഹൃദങ്ങൾ ; എന്തിന് കൂട്ടായ്മകൾ ; എന്തിന് ലോകമാകെയുള്ള മനുഷ്യരുടെ മാനവികമായ ഒരുമ ; എന്ന ചോദ്യത്തെ പോലെ നിരർത്ഥകമായ ചോദ്യമാണ് എന്തിന് ലോകകേരള സഭ എന്ന ചോദ്യം. മലയാളികളുടെ, അവർ എവിടെയായിരുന്നാലും എല്ലാ പ്രശ്നങ്ങളും എല്ലാ സാധ്യതകളും പരിശോധിക്കാനുള്ള ഒരു വേദി എന്ന നിലയിലുള്ള ഒരു സംഗമമാണ് ലോക കേരള സഭ കൊണ്ട് ഉദ്ദേശിക്കുന്നത്. അതിൽ ചിലരുടെ പരിമിതി കൾക്കപ്പുറം കടന്നുകൊണ്ട് രാജ്യാന്തര അതിർത്തി കളിൽ ഭൂമിശാസ്ത്ര പരമായ പരിമിതികൾ മറികടന്നുകൊണ്ടുള്ള ആഗോള കൂട്ടായ്മ എന്ന ലക്ഷ്യത്തിലേക്ക് കേരളം കുതിക്കുകയാണ്. ലോകത്തെല്ലായിടത്തുമുള്ള മലയാളികളുടെ സാന്നിധ്യവും സഹകരണവും പ്രതീക്ഷാനിർഭരമായി ഒഴുകിയെത്തുന്ന സ്ഥലമായി കേരളം മാറുമ്പോൾ കേരളത്തിന് അതിന് ആഗോളമായ ഒരു മാനം കൈവരിക്കാൻ സാധിക്കും.

## ആഗോള ഡിജിറ്റൽ പ്ലാറ്റ്ഫോം

ഒരു പക്ഷേ ആദ്യത്തെ രണ്ട് സമ്മേളനങ്ങളിലും ഏഴ് മേഖലാ വിഷയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ചർച്ചകളിലൂടെ രൂപപെട്ടുവന്ന അഭിപ്രായങ്ങൾ എല്ലാം പരിഗണിക്കാനും നടപ്പാക്കാനും കഴിഞ്ഞില്ലെങ്കിലും ഒരുപാട് തീരുമാനങ്ങൾ നടപ്പിലാക്കാൻ സാധിച്ചു. ഡിമാന്റുകൾ വയ്ക്കാനും പണച്ചിലവുള്ള പരിപാടികൾ നടത്താനുമുള്ള ഒരു സംവിധാനമെന്ന നിലയിലല്ല, കുടിയേറ്റത്തിന്റെ പ്രശ്നങ്ങളെ ഒരു പക്ഷേ ഇന്ത്യാ ഗവൺമെന്റിന് മുന്നിൽ അവതരിപ്പിക്കാൻ പോലും കഴിയാവുന്ന തരത്തിലുള്ള ഡാറ്റയുമായിട്ടാണ് അത് മുന്നോട്ട് പോകുന്നത്. ഇന്ന് ആഗോള കുടിയേറ്റത്തിന്റെ എല്ലാ വിശദാംശങ്ങളും സമാഹരിക്കാൻ ശേഷിയുള്ള ഒരു സ്ഥാപനമായിട്ട് നോർക്കയെ മാററാൻ ശ്രമം നടത്തുകയാണ്. ഒരു ഗ്ലോബൽ ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുമ്പോൾ ലോകത്തെവിടെയും ഉള്ള മലയാളികളുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കാൻ കഴിയുന്ന ആ പ്ലാറ്റ്ഫോമിലൂടെ അതെല്ലാം നമുക്ക് ഉപയോഗപ്രദമാക്കാൻ സാധിക്കും. ■

# പ്രദേശാനന്തര ജീവിതം

**കേരളം സംസ്ഥാനത്തിന്റെ അതിർത്തികൾക്ക് അപ്പുറത്തേക്കു വളർന്നു ലോകകേരളമായി മാറിയിരിക്കുന്നു എന്ന തിരിച്ചറിവാണ് ലോക കേരളസഭ എന്ന ആശയം മുന്നോട്ടുവെയ്ക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്**




**ഡോ. കെ. എൻ. ഹരിലാൽ**
മുൻ ആസൂത്രണ ബോർഡ് അംഗം


രാഷ്ട്രങ്ങളെയും ദേശീയ ജനവിഭാഗങ്ങളേയും ഭൂപ്രദേശാടിസ്ഥാനത്തിൽ നിർവചിക്കുകയും കാണുകയും ചെയ്യുന്നതാണ് നമ്മുടെ സാമ്പ്രദായിക രീതി. കേരളം എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടി വരുക കേരളത്തിന്റെ ഭൂപടവും കേരളത്തിന്റെ അതിർത്തികളുമാണ്. കേരളത്തെ കേരളം എന്ന ഭൂപ്രദേശത്തിനകത്ത് ഒതുങ്ങി നിൽക്കുന്ന ഒന്നായി കാണുന്ന രീതി അക്ഷരാർത്ഥത്തിൽ കാലഹരണപ്പെട്ടിരിക്കുന്നു. കേരളത്തിനകത്തെന്നപോലെ പുറത്തും കേരളമുണ്ട് എന്ന് കണ്ടു കഴിഞ്ഞാൽ അനാവശ്യ വിമർശനങ്ങൾ ഒഴിവാകും.

ഭാഷാസമൂഹങ്ങളും സംസ്കാരങ്ങളും അവ വളർന്നുവന്ന ഭൂപ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ അതിർത്തികൾ പിന്നിട്ടു പടർന്നു വളരുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ആഗോളവൽക്കരണവും സാങ്കേതികവിദ്യകളുടെ വളർച്ചയും ലോകമൊട്ടാകെ ദേശീയ ജനസമൂഹങ്ങളുടെ പ്രദേശാനന്തര വളർച്ചയ്ക്ക് ആക്കം കൂട്ടി. ദേശീയ സംസ്കാരങ്ങൾ താന്താങ്ങളുടെ പരമ്പരാഗത അതിർത്തികൾക്കുള്ളിൽ നിന്നുകൊണ്ട് പുലരാൻ പറ്റാത്ത നിലയിലാണ് ആഗോള പ്രവൃത്തിവിഭജനം വളർന്നു കൊണ്ടിരിക്കുന്നത്. ജീവിതം പഴയ ദേശ- ഉപദേശ അതിർത്തികൾക്കുള്ളിൽ ഒതുങ്ങി നിൽക്കാൻ വിസമ്മതിക്കുകയാണ്. ജീവിതം പ്രദേശാനന്തരമാകുന്നു എന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവ് ജനിച്ച രാജ്യം വിട്ട് അന്യദേശങ്ങളിലേക്കു കുടിയേറുന്നവരുടെ അതായത് പ്രവാസികളുടെ എണ്ണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർധനവാണ്. 2019 ലെ ആഗോള കുടിയേറ്റ റിപ്പോർട്ടനുസരിച്ചു ഏകദേശം മുപ്പതു കോടിയോളം മനുഷ്യർ ജനിച്ച രാജ്യത്തിന് പുറത്തു പ്രവാസത്തിലാണ്. ഇത് ലോക ജനസംഖ്യയുടെ 3.5 ശതമാനം വരും. യഥാർഥത്തിൽ ലോകജനസംഖ്യയിലെ പ്രവാസികളുടെ അനുപാതം തുടർച്ചയായി ഉയർന്നുകൊണ്ടിരിക്കുകയാണ്. അതായത് പ്രവാസികളുടെ എണ്ണം ലോക ജനസംഖ്യയേക്കാൾ വേഗത്തിൽ വർധിച്ചുകൊണ്ടിരിക്കുകയാണ്.

പ്രവാസം എന്നത് പ്രദേശം വിട്ടു വളർച്ചയുടെ ഒരു വശം മാത്രമാണ്. സാധനങ്ങളും സേവനങ്ങളും, ആശയങ്ങളും അഭിരുചികളും, സാങ്കേതികവിദ്യയും അറിവും, മൂലധനവും എന്നുവേണ്ട സംസ്കാരത്തിന്റെ എല്ലാ



തലങ്ങളും ദേശ -പ്രദേശ അതിർത്തികൾക്കും പ്രദേശാധിഷ്ഠിത തട്ടകങ്ങൾക്കും അതീതമായി വളർന്നു കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഓരോ ദേശത്തെയും സ്വദേശവാസികൾ പല ദേശവാസികൾ ആയികൊണ്ടിരിക്കുന്നത്. പക്ഷെ, പല ദേശത്തു വസിക്കുമ്പോഴും സ്വന്തം നാട്ടിൽ നിന്നും അന്യവത്ക്കരിക്കപ്പെടാൻ ആരും ആഗ്രഹിക്കുന്നില്ല. മറുനാട്ടിൽ നിൽക്കുമ്പോഴും സ്വന്തം നാടിന്റെ സാമ്പത്തികവും സാംസ്കാരികവുമായ നിർമിതിയിൽ പ്രവാസികൾ നാട്ടിലുള്ളവരോടൊപ്പം പങ്കു വഹിക്കുന്നുണ്ട്. പക്ഷെ, സംസ്കാരത്തിന്റെ നിർമാണത്തിലും പുനർനിർമാണത്തിലും തുല്യ പങ്കു വഹിക്കുന്ന പ്രവാസിയുടെ പൊതുസംസ്കാരത്തെ നിർണയിക്കുന്ന കാര്യങ്ങൾ തീരുമാനിക്കുന്നതിലും പങ്കില്ല. രാഷ്ട്രീയ അധികാരത്തിൽ പ്രവാസികൾക്ക് എന്തെങ്കിലും സ്ഥാനവും പങ്കും അനുവദിക്കുന്ന പതിവ് ഒരു രാജ്യത്തും അടുത്ത കാലം വരെ ഉണ്ടായിരുന്നില്ല. പക്ഷെ, ഇപ്പോൾ കാര്യങ്ങൾ വളരെ വേഗം മാറുകയാണ്. സാമൂഹികജീവിതം ദേശീയ അതിർത്തികൾ വിട്ടു വളരുമ്പോഴും രാഷ്ട്രീയക്രമവും അധികാരഘടനയും അതിർത്തിക്കുള്ളിൽ ഒതുക്കപ്പെടുന്നതിലെ വൈരുധ്യം ഇപ്പോൾ രാഷ്ട്രമീമാംസകൾ വ്യാപകമായി ചർച്ചചെയ്യുന്ന വിഷയമാണ്. ഈ സംവാദം പല രാജ്യങ്ങളിലും ഭരണഘടനാ ഭേദഗതിയിലേക്കും അധികാര വ്യവസ്ഥയുടെ അഴിച്ചുപണിയിലേക്കും കാര്യങ്ങളെ കൊണ്ടെത്തിച്ചിട്ടുണ്ട്.

## പ്രവാസികളുടെ പൗരാവകാശം

പ്രവാസികൾക്ക് ആതിഥേയരാജ്യങ്ങളിൽ മാത്രമല്ല മാതൃരാജ്യങ്ങളിലും മനുഷ്യാവകാശങ്ങളും പൗരാവകാശങ്ങളും നിഷേധിക്കപ്പെടുന്നത് ഒഴിവാക്കാനുള്ള നടപടികൾ പല രാജ്യങ്ങളിലും വീണ്ടും ആരംഭിച്ചിട്ടുണ്ട്. പല യൂറോപ്യൻ രാജ്യങ്ങളിലും തങ്ങളുടെ പൗരന്മാരായ പ്രവാസികൾക്കു നിയമനിർമാണ സഭകളിൽ പ്രാതിനിധ്യം അനുവദിക്കുന്നു. പ്രവാസി പൗരന്മാർക്ക് പ്രത്യേകം സഭ തന്നെ രൂപീകരിക്കുന്ന തരത്തിലുള്ള പരീക്ഷണങ്ങളും നടക്കുന്നുണ്ട്.

> ജീവിതം പ്രദേശാനന്തരമാകുന്നു എന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവ് ജനിച്ച രാജ്യം വിട്ട് അന്യദേശങ്ങളിലേക്കു കുടിയേറുന്നവരുടെ അതായത് പ്രവാസികളുടെ എണ്ണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർധനവാണ്

ജനസമൂഹങ്ങളുടെ പ്രദേശാനന്തര വളർച്ച സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന നാടാണ് കേരളം. കേരളം എല്ലാ അർത്ഥത്തിലും പ്രദേശാനന്തരമായിക്കൊണ്ടിരിക്കുക യാണ്. അതുകൊണ്ടുതന്നെ പ്രദേശാനന്തര വളർച്ചയെ ഗൗരവമായി കണ്ടുകൊണ്ടുള്ള ഭരണപരിഷ്കാരത്തിനു കേരളം മുൻകൈ എടുക്കേണ്ടതുണ്ട്. ലോകകേരള സഭ തീർച്ചയായും അത്തരമൊരു തുടക്കമാണ്. പ്രവാസികളുടെ പൗരാവകാശം സംരക്ഷിക്കുന്നതിലും അവർക്ക് രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയയിൽ അർഹമായ പങ്കാളിത്തം നൽകുന്നതിന് വേണ്ടിയാണ് പ്രവാസി വോട്ടിനെക്കുറിച്ചുള്ള ചർച്ച ദേശീയ തലത്തിൽ ആരംഭിച്ചത്. കേന്ദ്ര സർക്കാർ സംഘടിപ്പിക്കുന്ന പ്രവാസിദിനാഘോഷങ്ങളിൽ ഇക്കാര്യം പലവട്ടം ഉന്നയിക്കപ്പെട്ടിരുന്നു. തുടർന്നാണ് ജനപ്രാതിനിധ്യനിയമം ഭേദഗതി ചെയ്ത് പ്രവാസികൾക്ക് നാട്ടിലെ അവരവരുടെ നിയോജകമണ്ഡലങ്ങളിൽ വോട്ടു രജിസ്റ്റർ ചെയ്യുന്നതിനും നേരിട്ട് ഹാജരായി സമ്മതിദാനം രേഖപ്പെടുത്തുന്നതിനും അവകാശം നൽകിയത്. നാട്ടിൽ ഹാജരായി വോട്ട് രേഖപ്പെടുത്തുന്നത് അപ്രായോഗികവും ചെലവേറിയതുമാണെന്നുള്ള വിമർശനത്തെ തുടർന്നാണ് കേന്ദ്രസർക്കാർ പ്രവാസികൾക്ക് പ്രോക്സി വോട്ട് രേഖപ്പെടുത്തുന്നതിനുള്ള അവകാശം നൽകുന്നത് പരിഗണിച്ചത്. എന്നാൽ പ്രോക്സി സമ്പ്രദായം സമ്മതിദാനത്തിന്റെ രഹസ്യ സ്വഭാവം ഇല്ലാതാക്കുമെന്നും വോട്ട് കച്ചവടത്തിനു വഴിവെയ്ക്കുമെന്നും ജനാധിപത്യത്തിനു തന്നെ ഭീഷണിയാവുമെന്നും വിമർശനം ഉയർന്നിട്ടുണ്ട്. പ്രോക്സി സമ്പ്രദായം ഒറ്റപ്പെട്ട വോട്ടുകച്ചവടത്തിലേക്കല്ല വോട്ടിന്റെ മൊത്തക്കച്ചവടത്തിലേക്കുതന്നെ കാര്യങ്ങൾ എത്തിച്ചാൽ അത്ഭുതപ്പെടാനില്ല.

എന്നാൽ പ്രോക്സി വോട്ടിന്റെ കൂടുതൽ അടിസ്ഥാനപരമായ ഒരു പരിമിതി അത് പ്രവാസികളുടെ പ്രാതിനിധ്യത്തിന്റെ പ്രശ്നത്തിന് പരിഹാരമല്ല എന്നാണ്. നാട്ടിലെ പ്രദേശാധിഷ്ഠിത നിയോജകമണ്ഡലങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയിൽ പങ്കാളിത്തം കിട്ടിയതുകൊണ്ട് നിയമനിർമാണ വേദികളിൽ പ്രവാസികളുടെ സാന്നിധ്യം അനുഭവപ്പെടില്ല. പ്രവാസത്തിന്റെ സാധ്യതയും പ്രശ്നങ്ങളും പരമ്പരാഗത നിയോജകമണ്ഡലങ്ങളുടേതിൽ നിന്നും വ്യത്യസ്തമാണ്. ഈ കാരണം കൊണ്ടാണ് ഫ്രാൻസും ഇറ്റലിയും മറ്റും പ്രവാസികൾക്ക് പ്രത്യേകം നിയോജക മണ്ഡലം അനുവദിക്കാൻ തീരുമാനിച്ചത്. ഇന്ത്യൻ പ്രവാസി സമൂഹത്തിന്റെ വലിപ്പവും പ്രാധാന്യവും കണക്കിലെടുക്കുമ്പോൾ ഇന്നല്ലെങ്കിൽ നാളെ ഇന്ത്യൻ നിയമനിർമാണ വേദികളിൽ പ്രവാസികൾക്കും ഇടം നൽകേണ്ടി വരും അതിനു തത്കാലം കഴിഞ്ഞില്ലെങ്കിൽ ആംഗ്ലോ-ഇന്ത്യൻ പ്രതിനിധികൾക്കു സമാനമായ നിലയിൽ പ്രവാസികളുടെ പ്രതിനിധികളെ നിയമനിർമാണ സഭകളിലേക്കു നാമനിർദ്ദേശം ചെയ്യുന്ന സമ്പ്രദായമെങ്കിലും കൊണ്ടുവരേണ്ടി വരും. പരിമിതി ഉണ്ടെങ്കിലും പ്രവാസികളുടെ ശബ്ദം സഭാവേദികളിൽ മുഴങ്ങി കേൾക്കാൻ ഇത് സഹായിക്കും. ഈ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ പരീക്ഷണമായ ലോകകേരള സഭ നടക്കുന്നതെന്ന യാഥാർഥ്യം ഒരിക്കൽ കൂടി വ്യക്തമാക്കട്ടെ. ■

# യാത്രയും മലയാളിയും



**ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**

**യാ**ത്ര ചെയ്യുന്നതിനോ പുതിയ ലോകങ്ങളെ അന്വേഷിക്കുന്നതിനോ യാതൊരു സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളും ഇല്ലാഞ്ഞിട്ടും മലയാളി ഒരു പ്രവാസി ജനത ആയി മാറി എന്നത് കാലത്തിന്റെ ഒരു മാജിക്കൽ റിയലിസമാണ്. ഇന്ന് ലോകത്തിന്റെ ഏത് ഭാഗത്തും എന്ത് അത്യാഹിതങ്ങൾ സംഭവിക്കുമ്പോഴും നടുങ്ങുന്ന ഒരു ജനതയാണ് മലയാളി. കാരണം ലോകത്തിന്റെ എല്ലായിടത്തും അവനുണ്ട്. റഷ്യ യുക്രൈയിനിനെ ആക്രമിച്ചപ്പോഴും നാം നെഞ്ചത്ത് കൈ വച്ചു. അവിടെ പഠിക്കാൻ പോയ മക്കളെയോർത്ത്. അവിടെ ജോലി ചെയ്യാൻ പോയ രക്ഷിതാക്കളെയോർത്ത് സൂക്ഷിച്ചു നോക്കിയാൽ രണ്ട് ലോകമഹായുദ്ധങ്ങളാണ് യാത്രാവിമുഖരായ മലയാളികളെ കിടക്കപ്പായയിൽ നിന്ന് എഴുന്നേൽപ്പിച്ച് നഴ്സിങ്ങ് ജോലിക്കും മറ്റുമായി യൂറോപ്പിലേക്കും അമേരിക്കയിലേക്കും അയച്ചത്. അതുവരെ കാണാത്തത്ര ഭാരിച്ച ശമ്പളവും ജീവിത സൗകര്യങ്ങളും അവരെ ആകർഷിച്ചു. തൊട്ടുപിറകെ പെട്രോളിന്റെ വർധിച്ച തോതിലുള്ള ഖനികൾ ഗൾഫ് രാജ്യങ്ങളിൽ തുറക്കപ്പെട്ടു.

യൂറോ അമേരിക്കൻ പ്രവാസം ബഹുദൂരഭാഗവും മധ്യ തിരുവിതാംകൂർ ക്രിസ്ത്യൻ സമൂഹത്തിന്റേതായിരുന്നു. എന്നാൽ ഗൾഫ് സമൂഹത്തിലെ ബഹുഭൂരിഭാഗം വരുന്ന ആദ്യ സമൂഹം മലബാർ കടൽത്തീരവാസികളായിരുന്നു. അറബിക്കടലിനോട് ചേർന്ന് നീണ്ടുകിടക്കുന്ന കേരളത്തെ മൂന്നായി തിരിക്കാം. കടൽത്തീര കേരളം, സമതല കേരളം, പശ്ചിമഘട്ടത്തോട് ചേർന്ന മലയോര പ്രദേശങ്ങൾ മറ്റൊരു നിലയ്ക്ക് പറയുകയാണെങ്കിൽ കേരളം ആകെ മൊത്തം നോക്കിയാൽ ശരാശരി പത്തറുനൂറ് കിലോമീറ്റർ നീണ്ട മൂന്നുവരിപ്പാതയാണ്. ചരിത്രപരമായി നോക്കിയാൽ ഇങ്ങനെ മൂന്ന് കേരളമുണ്ട്. കടലോര കേരളം എന്നത് ജാതിപീഢകളാൽ ഓടി രക്ഷപ്പെട്ട് കടലുമായി മല്ലിട്ടും അതിനെ ആശ്രയിച്ചും ജീവിക്കുന്നവരുടേതായിരുന്നു. പൗരാണിക തുറമുഖ പ്രവിശ്യകളിലേക്ക് വന്നെത്തിയ ഇതര രാജ്യങ്ങളിലെ വണിക്കുകളെ ആശ്രയിച്ചു കഴിഞ്ഞിരുന്ന നാട്ടുപ്രമാണികളായ കച്ചവടക്കാരടക്കമുള്ള സാമ്പത്തികമായി ഉന്നതശ്രേണിയിലുള്ള ന്യൂനവർഗ്ഗത്തെ ഒഴിച്ചുനിർത്തിയാൽ പരമദരിദ്ര സമൂഹമായിരുന്നു ഇത്. പക്ഷേ ഇവർക്ക് കടൽ ഒരു ഭയപ്രദേശമോ കടൽ കടന്നാൽ ജാതിയിൽ നിന്ന് പുറത്തായിപ്പോകുന്ന ഭയമോ ഉണ്ടായിരുന്നില്ല. അതുകൊണ്ട് പെട്രോമണി ഉയർത്തിയതിന്റെ മണിയൊച്ച ഇവർ പെട്ടെന്ന് ശ്രദ്ധിച്ചു. ശ്രദ്ധിക്കുക മാത്രമല്ല കടൽ ഭീതി ഇല്ലാത്തതിനാൽ ലോഞ്ച് യാത്രകൾ ഭയാനകസങ്കൽപ്പമായിരുന്നില്ല. ആദ്യകാല ഗൾഫ്, മലേഷ്യ സിങ്കപ്പൂർ യാത്രകൾ വളരെ കാര്യമായി സംഭവിച്ചത് കേരളത്തിന്റെ കടൽത്തീര ദേശങ്ങളിലാണ്. ആ യാത്രകൾ സാഹസികതയുടേയും ജീവൻ പണയം വച്ചുള്ളതുമായിരുന്നു. എത്രയോ പേർ ഈ ലോഞ്ച് യാത്രയിൽ കൊല്ലപ്പെട്ടിട്ടുണ്ട്. കൊടിഞ്ഞി ഗ്രാമത്തിൽ നിന്ന് പത്തറുപതോളം യാത്രക്കാർ പോയ ലോഞ്ച് ഒന്നിച്ച് അപ്രത്യക്ഷമായിട്ട് ദശാബ്ദങ്ങൾ പലത് പിന്നിട്ടിട്ടും തിരിച്ചു വന്നിട്ടില്ല. മലയാളി യുദ്ധങ്ങൾ കണ്ടിട്ടില്ല എന്നൊക്കെ സാമാന്യവത്കരിക്കുന്ന നമ്മുടെ സാമൂഹിക നിരൂപകർ കാണാതെ പോകുന്ന

സത്യമാണിത്.

സത്യത്തിൽ ആദ്യകാല മലയാളി ഗൾഫ് പ്രവാസം യുദ്ധസമാനമായ അനുഭവം തന്നെയായിരുന്നു. കേരളത്തിൽ ഗൾഫ്മണി നട്ടുനനച്ചിട്ടില്ലാത്ത ഒരിടവുമില്ല. കേരളത്തിന് ഇക്കാര്യത്തിൽ സവിശേഷമായ ഒരു ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ശ്രീനാരായണഗുരുവും ചട്ടമ്പി സ്വാമിയും അയ്യങ്കാളിയും പല നിലയ്ക്ക് രൂപകൽപന ചെയ്ത നവോത്ഥാന പ്രസ്ഥാനങ്ങൾ വരുന്നു. ബ്രിട്ടീഷുകാർക്കെതിരെ ദേശീയ സമരപ്രസ്ഥാനങ്ങൾ ശക്തിപ്പെടുന്നു. കേരളം സ്വതന്ത്ര ഇന്ത്യയുടെ ഭാഗമാകുന്നു. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ സജീവമായ രാഷ്ട്രീയ ശക്തിയാകുന്നു. ഗൾഫ് മണി വരുന്നു. ഇവ തമ്മിൽ പരസ്പരം ബന്ധങ്ങൾ തോന്നില്ലെങ്കിലും മേൽപ്പറഞ്ഞ രാഷ്ട്രീയ, ആത്മീയ ചലനങ്ങൾ ഒന്നുചേർന്നു വന്നതിന്റെ ഗുണഫലമാണ് ഇന്നു കാണുന്ന കേരളം.

ഇന്ത്യ സ്വതന്ത്രമായതോടെയാണ്, ഓരോ പൗരനുമുള്ള അവകാശങ്ങൾ തുല്യമായതോടെയാണ് സത്യത്തിൽ മലയാളികളുടെ വിദേശയാത്രകൾപോലും പ്രബലപ്പെടുന്നത്. ഇന്ത്യ സ്വതന്തമായതിനുശേഷമാണ് നമുക്ക് ഒരു യാത്രാവിവരണ സാഹിത്യം പോലും ഉണ്ടാകുന്നത്. തോമാകത്തനാരുടെ വർത്തമാനപ്പുസ്തകം കഴിഞ്ഞ് ദീർഘകാലത്തിനു ശേഷമാണ് എസ്.കെ.പൊറ്റക്കാട് എന്ന യാത്രാവിവരണ സാഹിത്യകാരൻ ഉദയം ചെയ്യുന്നത്. തോമാകത്തനാരുടെ വർത്തമാനപ്പുസ്തകം എഴുതി അവസാനിപ്പിച്ചത് 1786 ൽ ആണെന്ന് കാണുന്നു. ഇതാണ് നമ്മുടെ ഭാഷയിലെ ആദ്യ യാത്രാവിവരണ ഗ്രന്ഥമായി കണക്കാക്കുന്നത്. മതപരമായ തർക്കം തീർക്കാൻ റോമായിലേക്ക് കപ്പൽമാർഗം പോയ യാത്രാവഴിയാണത്. 1949 ൽ കപ്പൽ മാർഗം അദ്ദേഹം ആദ്യത്തെ വിദേശയാത്ര നടത്തുകയും യാത്രാവിവരണ ഗ്രന്ഥം എഴുതുകയും ചെയ്തു. അതിനുമുമ്പ് അദ്ദേഹം എഴുതിയ യാത്രാവിവരണ പുസ്തകം കാശ്മീർ സന്ദർശനത്തെ ആധാരമാക്കിയാണ്. സത്യത്തിൽ യാത്രാവിവരണ ഗ്രന്ഥമല്ല അദ്ദേഹത്തിന്റെ യാത്രയാണ് ഇപ്പോഴും എന്നെ അമ്പരപ്പിക്കുന്നത്. തുടർന്ന് ഒട്ടേറെ യാത്രാവിവരണ ഗ്രന്ഥങ്ങൾ മലയാളത്തിൽ പിറന്നു. എന്തിനേറെ മലയാളിയായി ജനിച്ച്, ബംഗാളിഭാഷയിൽ പ്രശസ്തനായ അന്തരിച്ച വിക്രമൻ നായർ ബംഗാളിഭാഷയിൽ എഴുതിയ പശ്ചിംദിഗന്തേ പ്രദോഷ്കാലെ എന്ന യാത്രാവിവരണ പുസ്തകം പോലും സംഭവിച്ചു. (മലയാള പരിഭാഷ സുനിൽ ഞാളിയത്ത്) വിക്രമൻ നായർ നടത്തിയ ആ യൂറോപ്പ് യാത്രാപുസ്തകം വ്യക്തിപരമായി എന്നെ അമ്പരപ്പിച്ച പുസ്തകമാണ്.

ഇന്ന് മലയാളി വിദേശങ്ങളിലേക്ക് വിനോദയാത്ര ചെയ്യുന്നത് പതിവ് കാഴ്ചയായി. ഗൾഫ്വാസത്തിന്റെ പുതിയ ശാഖ എന്ന നിലയ്ക്ക് യൂറോപ്പിലേക്കും സ്കാൻഡിനേവ്യൻ രാജ്യങ്ങളിലേക്കും തൊഴിൽതേടി പറക്കുകയും പരമാവധി അവിടെ കൂടണയുവാൻ ശ്രമിക്കുകയും ചെയ്യുന്ന ഉന്നതമധ്യവർഗ പ്രവാസികളായ പുതുതലമുറകൾ രൂപപ്പെട്ടിരിക്കുന്നു. എന്നാൽ താഴ്ന്ന വരുമാനക്കാരായ ഗൾഫ് പ്രവാസികൾ ഇപ്പോഴും അതിജീവനരേഖ കടന്നു എന്നു പറയാറായിട്ടില്ല. ഇത് ബഹുഭൂരിപക്ഷമാണെന്ന സത്യം ഓർക്കേണ്ടതുണ്ട്. അവരുടെ ഹൃദയത്തിലെ ആശങ്കകളും അരക്ഷിതാവസ്ഥകളും അങ്ങേയറ്റം അനുഭാവപൂർവമായി കാണേണ്ട ഉത്തരവാദിത്വം കേരളത്തിൽ ജീവിക്കുന്ന മലയാളികൾക്കുണ്ട്.

> **സത്യത്തിൽ ആദ്യകാല മലയാളി ഗൾഫ് പ്രവാസം യുദ്ധസമാനമായ അനുഭവം തന്നെയായിരുന്നു. കേരളത്തിൽ ഗൾഫ്മണി നട്ടുനനച്ചിട്ടില്ലാത്ത ഒരിടവുമില്ല. കേരളത്തിന് ഇക്കാര്യത്തിൽ സവിശേഷമായ ഒരു ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്**

മലയാളി യാത്രകൾ പെരുകുംമ്പോഴും അവന്റെ സാംസ്കാരിക യാത്രകൾ കട്ടപ്പുറത്തെ ബസ്സുപോലെ തന്നെ നിൽക്കുന്നു. ഭൂമി മുഴുവൻ പടർന്നു നിൽക്കുന്ന രാജ്യങ്ങളിലേക്ക് ചിറകുവിരിച്ച് പറന്ന് ചേക്കേറുമ്പോഴും ആഹാരം, വലിയ വീടുകൾ, ആർഭാടങ്ങൾ, ധനസമ്പാദനം എന്നീ വേവലാതികളിൽ മാത്രം കുടുങ്ങിനിൽക്കുകയാണ് മലയാളി. മാനസികമായി പടർന്നു പന്തലിച്ചു നിൽക്കുന്ന അനേകം സാംസ്കാരിക അടരുകളെ ശ്രദ്ധിക്കുന്നതിലോ ജാതിമത കേന്ദ്രീകൃതമായ സാമൂഹിക ഉപബോധങ്ങളിൽ നിന്ന് കുതറിയുള്ള മൗലികാന്വേഷണത്തിലോ എത്രകണ്ട് വിജയിക്കുന്നുണ്ട് എന്ന സംശയിക്കേണ്ടിയിരിക്കുന്നു. ഏറ്റവും ആധുനികമായ ഷൂസുകൾ ധരിക്കുമ്പോഴും ദുർഗന്ധവാഹിയായ ഭൂതകാല പാദുകം അവൻ ഉപേക്ഷിക്കാതെ കൈയ്യിൽ കൊണ്ടു നടക്കുന്നില്ലേ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. ■


KLM
KLM
KLM

സമകാലിക

# ജനപഥം PULLOUT BOOKLET

## സ്പെഷ്യൽ




**മറ്റു മേഖലകളിലെന്ന പോലെ പ്രവാസി ക്ഷേമത്തിലും രാജ്യത്തിന് മാതൃകയാണ് നമ്മുടെ സംസ്ഥാനം. പ്രവാസികളുടെ ക്ഷേമം മുൻനിർത്തി ഇന്ത്യയിലാദ്യമായി 1996– ൽ കേരളത്തിൽ വകുപ്പ് രൂപീകൃതമായി. പ്രവാസി ക്ഷേമ രംഗത്ത് ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സ് വഴി ഒട്ടനവധി ക്ഷേമ, സഹായ പദ്ധതികളാണ് നോർക്ക നടപ്പാക്കുന്നത്. നോർക്കയുടെ സേവനം, വിവിധ ക്ഷേമ, സഹായ, പുനരധിവാസ പദ്ധതികൾ എന്നിവ സംബന്ധിച്ച് അറിയുന്നതിന് പ്രയോജനപ്രദമായ ഒരു കൈപ്പുസ്തകമാണ് വരും താളുകളിൽ ..**

## അടുത്ത 20 പേജുകൾ കൊണ്ട് ബുക്ക്‌ലെറ്റ് തയ്യാറാക്കാനുള്ള ചിത്രങ്ങളാണ് ചുവടെ

**1** ജനപഥത്തിന്റെ നടുവിലുള്ള 20 പേജുകൾ കൂട്ടിപ്പിടിച്ച് അടർത്തിയെടുക്കുക




**2** ചിത്രത്തിൽ കാണുന്നതുപോലെ കുത്തിട്ട വരകളിലൂടെ നടുവേ മടക്കുക







**3** മടക്കുവരുന്ന വശത്ത് ഇരുഭാഗങ്ങളിലായി സ്റ്റേപ്പർ ക്ലിപ്പ് ചെയ്ത് ഉറപ്പിക്കുക.




**4** ബുക്ക്‌ലെറ്റിന്റെ താഴ്ഭാഗം കുത്തിട്ട വരകളിലൂടെ മുറിച്ച് മാറ്റുക.




www.facebook.com/samakalikajanapadham/

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
# ജനപഥം

# പ്രവാസിക്ഷേമം

പ്രവാസിക്ഷേമ പദ്ധതികളെക്കുറിച്ച് സ്പെഷ്യൽ കൈപ്പുസ്തകം



ജനപഥം
സ്പെഷ്യൽ
കൈപ്പുസ്തകം

## സേവനം
## സഹായം
## പുനരധിവാസം




നോർക്ക റൂട്ട്സ് സേവനങ്ങൾ

പാക്കേജുകൾ ഓരോരുത്തരുടേയും അഭിരുചിക്കനുസരിച്ച് തിരഞ്ഞെടുക്കാനുള്ള സൗകര്യം ഇവിടെ ലഭ്യമാണ്. കൂടാതെ ആഡംബരകപ്പൽ (ക്രൂയിസ്) വിനോദസഞ്ചാര യാത്രാപാക്കേജുകളും സംഘടിപ്പിക്കുന്നു. സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക ഇളവുകളും നൽകിവരുന്നുണ്ട്. COVID-19ന്റെ പശ്ചാത്തലത്തിൽ ടൂർ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ തത്കാലം നിർത്തിവയ്ക്കാൻ നിർബന്ധിതരായെങ്കിലും ഇപ്പോൾ ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വീണ്ടും തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സ്റ്റഡി എബ്രോഡ്

മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ മേഖലകളിലേക്കുകൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റഡി എബ്രോഡ് എന്ന പുതിയ പദ്ധതികൂടി ഒഡെപെക് ആവിഷ്കരിച്ചിട്ടുണ്ട്. ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ വിദ്യാർത്ഥികൾ യു.എസ്.എ, കാനഡ, ആസ്ട്രേലിയ, യു.കെ, ന്യൂസിലൻഡ്, ചെക്, ഉക്രെയിൻ തുടങ്ങിയ വിദേശരാജ്യങ്ങളിൽ പഠിച്ച് ഉന്നത ബിരുദവും ബിരുദാനന്തര ബിരുദവും കൈവശമാക്കുന്നതിനും തുടർന്ന് അവർക്ക് ഉന്നതജോലി ഉറപ്പാക്കുന്നതിനുമാണ് ഈ പദ്ധതി.

## ഭാവി പദ്ധതികൾ

ഇന്ത്യയിലെ, പ്രത്യേകിച്ച് കേരളത്തിലെ, ചികിത്സാസൗകര്യങ്ങൾക്ക് ലോകമെമ്പാടുമുള്ള സ്വീകാര്യത മുൻനിർത്തി മെഡിക്കൽ ടൂറിസം പദ്ധതി, ഇന്ത്യയിൽ നിന്നും വിദേശത്തേക്ക് കുടിയേറാനാഗ്രഹിക്കുന്നവർക്കായി വിവിധ മൈഗ്രേഷൻ പദ്ധതികൾ, വിദഗ്ധരും അർദ്ധവൈദഗ്ധ്യമുള്ളവരുമായ തൊഴിലാളികൾക്ക് ഓസ്ട്രേലിയയിൽ തൊഴിൽ നേടാൻ സഹായിക്കുന്ന Northern Territory Designated Area Migration Agreement (NT DAMA) എന്നിവയാണ് ഒഡെപെകിന്റെ ഭാവിപദ്ധതികൾ.

## രജിസ്ട്രേഷൻ

ഒ.ഡി.ഇ.പി.സി.യുടെ ഓൺലൈൻ ജോബ് പോർട്ടൽ ആയ www.odepc.kerala.gov.in മുഖേനയാണ് റിക്രൂട്ട്മെന്റ് സേവനങ്ങൾക്കായി ഒ.ഡി.ഇ.പി.സി.യിൽ പേര് രജിസ്റ്റർ ചെയ്യേണ്ടത്. ട്രെയിനിംഗ് സേവനങ്ങൾക്കായി www.odepcskills.in എന്ന വെബ്സൈറ്റ് ഉപയോഗിക്കാവുന്നതാണ്. ഉദ്യോഗാർത്ഥികളുടെ സൗകര്യം കണക്കിലെടുത്ത് ഓൺലൈൻ പേയ്മെന്റ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഫോൺ: 0471-2329441 / 42/ 43/ 45. ഇ-മെയിൽ: info@odepc.in

ഉദ്യോഗാർത്ഥികൾ ജൂൺ മുതൽ വിവിധ ക്രൂസ്ഷിപ്പുകളിൽ ജോലിയിൽ പ്രവേശിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

## ട്രെയിനിംഗ് വിഭാഗം

ഗൾഫ് രാജ്യങ്ങളിലേയും യൂറോപ്യൻ രാജ്യങ്ങളിലേയും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പാകപ്പെടുത്തിയെടുക്കുന്നതിനായി പ്രത്യേക ട്രെയിനിംഗ് വിഭാഗം തന്നെ കഴിഞ്ഞ രണ്ട് വർഷമായി ഒഡെപെകിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും അങ്കമാലിയിലും, കോഴിക്കോടും, കൂടാതെ ഡൽഹിയിലുമാണ് ഒഡെപെകിന്റെ പരിശീലന കേന്ദ്രങ്ങൾ ഉള്ളത്. IELTS/OET പരിശീലനത്തിനു പുറമേ ഇപ്പോൾ ജർമൻ, ഡച്ച്, ഭാഷാ പരിശീലനങ്ങളും ആരംഭിച്ചുകഴിഞ്ഞു. വിവിധ കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും മറ്റും സൗകര്യമൊരുക്കുന്ന പുതിയ ഓൺലൈൻ പ്ലാറ്റ്ഫോമും ഒരുങ്ങിയിട്ടുണ്ട്. 2019 ജനുവരിയിൽ പ്രവർത്തനമാരംഭിച്ച ഈ വിഭാഗം മുഖേന ആയിരത്തോളം പേർ വിവിധ കോഴ്സുകളിൽ പരിശീലനം നേടിക്കഴിഞ്ഞു. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് അവരുടെ സ്കോർ അനുസരിച്ച് വിവിധ രാജ്യങ്ങളിലേക്കുള്ള നിയമനസേവനങ്ങളും ഒഡെപെക് നൽകി വരുന്നുണ്ട്.

## ട്രാവൽ വിഭാഗം

1990ൽ പ്രവർത്തനമാരംഭിച്ച അയാട്ടാ അംഗീകാരമുള്ള ട്രാവൽ ഡിവിഷൻ വഴി രാജ്യത്തിനകത്തും പുറത്തുമുള്ള വിമാന യാത്രയ്ക്ക് ടിക്കറ്റുകൾ ലഭ്യമാണ്. സംസ്ഥാന മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, ഒഡെപെക് വഴി വിദേശ ഉദ്യോഗം ലഭിച്ചവർ തുടങ്ങിയവരെല്ലാം തന്നെ ഈ ട്രാവൽ ഡിവിഷന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. റഷ്യ-യുക്രൈൻ യുദ്ധപശ്ചാത്തലത്തിൽ യുക്രൈനിൽ നിന്നും വിദ്യാർത്ഥികളെ തിരികെ നാട്ടിലെത്തിക്കുന്നതിനായി ഒഡെപെകിന്റെ ട്രാവൽ വിഭാഗത്തിന്റെ സേവനമാണ് സംസ്ഥാന സർക്കാർ പ്രയോജനപ്പെടുത്തിയത്.

## ടൂർ വിഭാഗം

പ്രമുഖ ടൂർ ഓപ്പറേറ്ററായ തോമസ് കുക്കുമായി ചേർന്ന് ടൂർ പാക്കേജുകൾ നടപ്പിലാക്കുന്നതിനായി ട്രാവൽ ഡിവിഷന്റെ കീഴിൽ ടൂർ വിഭാഗം 2018 ൽ ആരംഭിച്ചു. സ്വദേശ/ വിദേശവിനോദയാത്രകൾ നടത്തുവാൻ ആഗ്രഹിക്കുന്നവർക്കായി വിവിധ തരത്തിലുള്ള ടൂർ

# ആമുഖം

നോർക്ക വകുപ്പിന്റെ കീഴിൽ 2002 മുതൽ പ്രവർത്തിച്ചു വരുന്ന ഫീൽഡ് ഏജൻസിയാണ് നോർക്ക-റൂട്ട്സ്, ഇതിനു മുൻപ് ഈ സ്ഥാനത്ത് ഉണ്ടായിരുന്ന പ്രവാസി കേരളീയക്ഷേമ ഏജൻസിയാണ് പിന്നീട് നോർക്ക-റൂട്ട്സ് എന്ന കമ്പനിയായി മാറിയത്. വിദേശരാജ്യങ്ങളിൽ ജോലി നോക്കുന്ന കേരളീയർ, തിരികെ എത്തിയവർ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി നോക്കുന്നവർ, വിദേശത്തേക്ക് ജോലി തേടിപ്പോകുന്നവർ എന്നിങ്ങനെയുള്ള നാല് വിഭാഗങ്ങൾക്കായി നോർക്ക-റൂട്ട്സും ഒഡെപെകും പ്രവാസികേരളീയ വകുപ്പും നടപ്പിലാക്കുന്ന കർമ്മ പദ്ധതികൾ അസംഖ്യമാണ്. തൊഴിൽ തേടി വിദേശത്തേക്ക് പോകുന്നത് മുതൽ തിരികെ നാട്ടിലെത്തി മെച്ചപ്പെട്ട ജീവിതം കെട്ടിപ്പടുക്കുന്നതുവരെ വിവിധ പദ്ധതികളുമായി ഈ സർക്കാർ ഓരോരുത്തരുടെയും ഒപ്പമുണ്ടാകും. നോർക്ക, ഒഡെപെക് എന്നീ ഏജൻസികളുടെ പ്രവർത്തനങ്ങളെക്കുറിച്ചും പദ്ധതികൾക്കായി അപേക്ഷിക്കുന്നതിനെക്കുറിച്ചുമുള്ള ഈ കൈപ്പുസ്തകം ഏവർക്കും ഉപകാരപ്രദമാകുമെന്നു പ്രതീക്ഷിക്കുന്നു.

**എഡിറ്റർ**




# നോർക്ക റൂട്ട്സ് സേവനങ്ങൾ

## സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ

മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ മാർഗ നിർദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര -കേരള സർക്കാരുകൾ അധികാരപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ഏക സ്ഥാപനമാണ് നോർക്ക റൂട്ട്സ്. പൊതുജന സൗകര്യാർഥം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന മൂന്ന് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ മുഖേന യാണ് നോർക്ക അറ്റസ്റ്റേഷൻ നിർവ്വഹിക്കുന്നത്.

ഉദ്യോഗാർഥികളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി അറ്റസ്റ്റു ചെയ്ത സർട്ടിഫിക്കറ്റുകൾ എം.ഇ.എ സാക്ഷ്യപ്പെടുത്തൽ, വിവിധ എംബസികളുടെ സാക്ഷ്യപ്പെടുത്തൽ എന്നിവയാണ് നോർക്ക അറ്റസ്റ്റേഷൻ സെന്ററുകളിലൂടെ സാധ്യമാക്കുന്നത്. യു.എ.ഇ, ഖത്തർ, ബഹറിൻ, കുവൈത്ത്, സൗദി അറേബ്യ എന്നീ എംബസികളിലെ സാക്ഷ്യപ്പെടുത്തലു കൾക്കും അപ്പോസ്റ്റിൽ അറ്റസ്റ്റേഷനും വേണ്ടി നോർക്ക റൂട്ട്സ് വഴി സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാവുന്നതാണ്.



ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ, എൻജിനീയർ, ടീച്ചർ, തുടങ്ങി വിവിധ വിഭാഗം ജീവനക്കാരെ ഗൾഫ്‌രാജ്യങ്ങൾ, മാലദ്വീപ്, യു.കെ., അയർലൻഡ്, തുടങ്ങി വിവിധ രാജ്യങ്ങളിലേക്ക് നിയമിച്ചിട്ടുണ്ട്. കോവിഡ്19 മഹാമാരിക്കിടയിൽ പോലും 2021ൽ 787 പേർക്ക് വിവിധ വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടിക്കൊടുക്കാൻ ഒഡെപെകിന് കഴിഞ്ഞു. 2019 ൽ ആരംഭിച്ച യു.കെ റിക്രൂട്ട്മെന്റ് പ്രോഗ്രാം മുഖേന 542 നഴ്സുമാർക്ക് യു.കെ യിലെ വിവിധ NHS ട്രസ്റ്റ് ആശുപത്രികളിൽ തൊഴിൽ ലഭിക്കുകയുണ്ടായി. ഇതുകൂടാതെ 2021 ഡിസംബർ മാസം മുതൽ യു.കെ യിലേക്ക് റേഡിയോഗ്രാഫർമാരുടെ റിക്രൂട്ട്മെന്റും ഒഡെപെക് ആരംഭിച്ചിട്ടുണ്ട്.

ഒഡെപെകിന്റെ എടുത്തു പറയാവുന്ന മറ്റൊരു നേട്ടമാണ് ബൽജി യത്തിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ്. മുൻകാലങ്ങളിൽ ഒരുപാട് തൊഴിൽ തട്ടിപ്പുകൾ നടന്നിട്ടുള്ള മേഖലയാണ് ബെൽജിയത്തിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ്. ഈ ചൂഷണത്തിൽ നിന്നും നഴ്സുമാരെ രക്ഷിക്കുന്നതിനായി ആരംഭിച്ചതാണ് ഒഡെപെകും ബെൽജിയത്തിൽ നിന്നുള്ള ഡിഗ്നിറ്റാസ് കൺസോർഷ്യവും, കൊച്ചിയിലെ ലൂർദ് ആശുപത്രിയും ചേർന്നുള്ള അറോറ എന്ന സംയുക്ത സംരംഭം. തികച്ചും സുതാര്യമായ രീതിയിലൂടെ ആയിരുന്നു ഇതിലേക്ക് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തത്. തിരഞ്ഞെടുക്കപ്പെട്ട 22 നഴ്സുമാരും ആറ് മാസം കോവിഡ് പ്രോട്ടോകോൾ പാലിച്ച് ബയോബബിൾ സംവിധാനത്തിൽ ഡച്ച് ഭാഷാപരിശീലനവും തുടർന്ന് വീസാ നടപടികളും പൂർത്തിയാക്കി 2022 മാർച്ചിൽ ബെൽജിയത്തിലേക്ക് യാത്ര തിരിച്ചു.

ഇതുകൂടാതെ ജർമനിയിലേക്ക് നഴ്സുമാർക്കുള്ള സൗജന്യ റിക്രൂട്ട്മെന്റും ഒഡെപെക് മുഖേന ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ജർമൻ ഭാഷയിൽ ഓൺലൈൻ, ഓഫ്‌ലൈൻ കോഴ്സുകളും ഒഡെപെക് ആരംഭിച്ചുകഴിഞ്ഞു. ഓഫ്‌ലൈൻ കോഴ്സിൽ പ്രവേശനം നേടുന്ന ആദ്യത്തെ 50പേർക്ക് 10000 രൂപ വീതവും അതിനുശേഷം 5000രൂപ വീതവും മാസം തോറും സ്റ്റൈപ്പന്റ് നൽകുന്നതാണ്. നിബന്ധനകൾക്ക് വിധേയമായി സൗജന്യപരിശീലനവും സൗജന്യ റിക്രൂട്ട്മെന്റുമാണ് ഈ പദ്ധതി മുഖേന ഒരുക്കിയിരിക്കുന്നത്.

എടുത്തുപറയേണ്ട മറ്റൊരു പുതിയ പദ്ധതിയാണ് ക്രൂസ് ഷിപ്പുകളിലേക്കുള്ള നിയമനം. ഐ.സി.യു, എമർജൻസി, എന്നീ മേഖലകളിൽ മൂന്നുവർഷം പ്രവൃത്തി പരിചയമുള്ള ഡോക്ടർ, നഴ്സ്, ഹെൽത്ത് കെയർ അസിസ്റ്റന്റ് എന്നിവർക്കാണ് ഈ പദ്ധതി മുഖേന തൊഴിലവസരമൊരുക്കിയിട്ടുള്ളത്. ഈ റിക്രൂട്ട്മെന്റ് മുഖേനെയുള്ള

# പ്രവർത്തനങ്ങൾ സേവനങ്ങൾ



തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ്, കഴിഞ്ഞ നാല് പതിറ്റാണ്ടായി വിദേശ റിക്രൂട്ട്മെന്റ് മേഖലയിൽ പ്രശംസനീയമായ രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്. നമ്മുടെ നാട്ടിലെ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്കും വിദഗ്ധരും അവിദഗ്ധരും അർദ്ധ വിദഗ്ധരുമായ തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി ചുരുങ്ങിയ ചെലവിൽ അവരെ ജോലികളിൽ നിയോഗിക്കുക എന്നതാണ് ഈ പൊതുമേഖലാസ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. അയാട്ടാ അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷനും ഒഡെപെക്കിന് കീഴിൽ പ്രവർത്തിക്കുന്നു. വിദേശ റിക്രൂട്ട്മെന്റ്, എയർടിക്കറ്റിംഗ് എന്നീ മേഖലകൾക്കു പുറമെ പാക്കേജ്ഡ് ടൂർ, ട്രെയിനിംഗ്, സ്റ്റഡി എബ്രോഡ് എന്നീ മേഖലകളിൽ കൂടി ഒഡെപെക് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. പത്ത് വർഷത്തോളമായി തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പത്ത് ലക്ഷം രൂപ ലാഭവിഹിതമായി സംസ്ഥാന സർക്കാരിന് നൽകുകയുണ്ടായി.

## വിദേശ റിക്രൂട്ട്മെന്റ്

നാളിതുവരെ പതിനായിരത്തോളം റിക്രൂട്ട്മെന്റുകളാണ് ഒഡെപെക് മുഖേന വിവിധ രാജ്യങ്ങളിലേക്ക് നടന്നിട്ടുള്ളത്. നഴ്സ്,





## നടപടിക്രമങ്ങൾ

നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിലെ (www.norkaroots.org) Certificate Attastation എന്ന ലിങ്ക് തുറന്നു ഫോട്ടോയും മറ്റ് വിവരങ്ങളും അപ്‌ലോഡ് ചെയ്ത ശേഷം അതിന്റെ പ്രിന്റ് ഔട്ടും സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പുകളുമായി അതത് അറ്റസ്റ്റേഷൻ കേന്ദ്രങ്ങളിൽ എത്തിയാണ് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തേണ്ടത്.

ഹാജരാകേണ്ട തീയതിയും സമയവും പ്രിന്റ് ഔട്ടിൽ രേഖപ്പെടുത്തിയിരിക്കും. സർട്ടിഫിക്കറ്റിന്റെ ഉടമയ്ക്ക് പുറമേ, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്/റേഷൻ കാർഡ് ഇവയിലൊന്നുമായി അപേക്ഷകൻ ചുമതലപ്പെടുത്തുന്നവർക്കും(സർട്ടിഫിക്കറ്റ് ഉടമയുടെ മാതാപിതാക്കൾ, സഹോദരൻ, സഹോദരി, ജീവിതപങ്കാളി, ഓതറൈസേഷൻ ലെറ്റർ മുഖേന ചുമതലപ്പെടുത്തിയ വ്യക്തി) സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തലിന് അപേക്ഷിക്കാവുന്നതാണ്.

## ആവശ്യമുള്ള രേഖകൾ

അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനു മുൻപായി ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

അപേക്ഷയോടൊപ്പം പാസ്പോർട്ടിന്റെ ഫോട്ടോ ഉൾപ്പെടുന്ന പേജ്, മേൽ വിലാസം ഉൾപ്പെടുന്ന പേജ് എന്നിവയും വെരിഫിക്കേഷൻ സമയത്ത് അസ്സൽ പാസ്പോർട്ട്, അപേക്ഷകൻ വിദേശത്താണെങ്കിൽ പാസ്പോർട്ടിന്റെ പകർപ്പും വിസാ പകർപ്പും, എസ്.എസ്.എൽ.സി മുതലുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പ്, സെമസ്റ്റർ/വാർഷിക തലങ്ങളിലെ മാർക്ക് ലിസ്റ്റുകളുടെ / Conoslidated Marklist അസ്സൽ പകർപ്പ്.

## മാർഗനിർദ്ദേശങ്ങൾ

കേരളത്തിനകത്തുള്ള വിവിധ സർവ്വകലാശാലകൾ /ബോർഡുകൾ/ കൗൺസിലുകൾ എന്നിവ നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രമാണ് നോർക്ക സാക്ഷ്യപ്പെടുത്തുന്നത്. സംസ്ഥാനത്തിനു പുറത്തുള്ള വിവിധ ഏജൻസികൾ, സ്വകാര്യ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി നൽകില്ല. അക്കാഡമിക് യോഗ്യതകളുടെ മാർക്ക് ലിസ്റ്റുകൾ/ സമാഹൃത മാർക്ക് ലിസ്റ്റുകൾ എന്നിവ അറ്റസ്റ്റേഷൻ സമയത്ത് ഹാജരാക്കണം.

താൽക്കാലിക സർട്ടിഫിക്കറ്റുകൾ (Provisional Certificate) അനുവദിച്ച തീയതി മുതൽ ആറുമാസത്തിനുള്ളിൽ മാത്രമേ സാക്ഷ്യപ്പെടുത്തി നൽകുകയുള്ളൂ. താൽക്കാലിക എൻടിസി സർട്ടിഫിക്കറ്റുകൾ അവ അനുവദിച്ച തീയതി മുതൽ രണ്ടു വർഷത്തിനുള്ളിൽ സാക്ഷ്യപ്പെടുത്തി നൽകുന്നതാണ്. എസ്.എസ്.എൽ.സി. മാത്രം വിദ്യാഭ്യാസ യോഗ്യതയുള്ള അപേക്ഷകർ സ്ഥാപന/സ്കൂൾ മേധാവിയിൽ നിന്ന് നിശ്ചിത ഫോമിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മെഡിക്കൽ/നഴ്സിങ്/ ഡന്റൽ/ഫാർമസി പാരാമെഡിക്കൽ യോഗ്യതയുള്ള അപേക്ഷകർ തങ്ങളുടെ ബന്ധപ്പെട്ട കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

## സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റുകൾ

കേരളത്തിലെ വിവിധ സർവ്വകലാശാലകൾ നൽകിയിട്ടുള്ള എല്ലാ സർട്ടിഫിക്കറ്റുകളും, സംസ്ഥാന സാങ്കേതിക പരീക്ഷാബോർഡിനു വേണ്ടി ടെക്നിക്കൽ എക്സാമിനേഷൻ ജോയിന്റ് കൺട്രോളർ നൽകുന്ന സർട്ടിഫിക്കറ്റുകൾ, കേരളാ പൊതു പരീക്ഷാ ബോർഡ് സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റുകൾ.






വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് പൂർണ്ണ വിശ്വാസത്തോടെ ആശ്രയിക്കാവുന്ന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള റിക്രൂട്ട്മെന്റ് സ്ഥാപനമാണ് ഒഡെപെക്. (OVERSEAS DEVELOPMENT EMPLOYEMENT PROMOTION CONSULTANTS LTD). 1977 ൽ ആരംഭിച്ച ഈ ഏജൻസി വിദേശത്തും സ്വദേശത്തുമുള്ള വിവിധ കമ്പനികളുടെ തൊഴിലവസരങ്ങളെക്കുറിച്ചറിയാനും അവ നേടുവാനും അപേക്ഷകരെ സഹായിക്കുന്നു. വിദേശ കമ്പനികളുടെ തൊഴിൽ അവസരങ്ങൾ വിജ്ഞാപനം വരുന്നതിനനുസരിച്ച് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. വീസ നിയമങ്ങളെക്കുറിച്ചും വിദേശത്ത് തൊഴിൽ തേടുന്നതിനുള്ള മാനദണ്ഡങ്ങളെക്കുറിച്ചും ഒഡെപെകിന് നിർദ്ദേശങ്ങൾ നൽകാനാകും.

എല്ലാ മേഖലകളിലെയും തൊഴിലവസരങ്ങൾ ഒഡെപെക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. മെഡിക്കൽ സ്റ്റാഫ്, എൻജിനീയറിങ് സ്റ്റാഫ്, എക്സിക്യൂട്ടീവ് സ്റ്റാഫ്, ഓഫീസ് സ്റ്റാഫ്, ക്രാഫ്റ്റ്സ്മെൻ, സ്കിൽഡ് വർക്കർ, ഹോട്ടൽ ആൻഡ് കാറ്ററിങ് തുടങ്ങിയ ജോലികൾക്കാണ് ഒഡെപെക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നത്.

എല്ലാ കളക്ടറേറ്റുകളിലും പ്രവർത്തിക്കുന്ന ജില്ലാ ലേബർ ഓഫീസുമായി ബന്ധപ്പെട്ടാൽ ഒഡെപെകിനെ സംബന്ധിച്ച വിശദ വിവരങ്ങൾ അറിയാം. ഏജൻസിയുടെ വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓരോ വിഭാഗക്കാർക്കും തങ്ങൾ ആഗ്രഹിക്കുന്ന ജോലികൾ തരം തിരിച്ച് തിരച്ചിൽ നടത്താം. രാജ്യത്തിനകത്ത് തൊഴിലുകൾ തിരയുന്നവർക്ക് 100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. വിദേശ ജോലികൾ തിരയുന്നവർക്ക് വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് ഫീസിൽ വ്യത്യാസമുണ്ട്. പ്രൊഫഷണൽ/പോസ്റ്റ് ഗ്രാജ്വേറ്റ്സ് - 600 രൂപ, സ്കിൽഡ്/സെമി സ്കിൽഡ് - 250 രൂപ, ലാസ്റ്റ് ഗ്രേഡ്/അൺ സ്കിൽഡ് - 70 രൂപ എന്നിങ്ങനെയാണ് ഫീസ് വിവരം. രണ്ട് വർഷം കൂടുമ്പോൾ രജിസ്ട്രേഷൻ പുതുക്കേണ്ടതുണ്ട്. വെബ്സൈറ്റ് http://odepc.kerala.gov.in/

# തൊഴിൽ തേടി പോകുന്നവർക്ക് തണലായ് ഒഡെപെക

## ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്




നോർക്ക റൂട്ട്സ് സേവനങ്ങൾ

1. എസ്.എസ്.എൽ.സി 2. ടൈപ്പ്റൈറ്റിങ് ലോവർ/ഹയർ) സർട്ടിഫിക്കറ്റുകൾ, 3. ഷോർട്ട് ഹാൻഡ് ലോവർ/ഹയർ) സർട്ടിഫിക്കറ്റുകൾ 4. ടി ടി സി സർട്ടിഫിക്കറ്റുകൾ, സമാനമായ മറ്റു സർട്ടിഫിക്കറ്റുകൾ.

മെഡിക്കൽ പരീക്ഷാ ഡയറക്ടറേറ്റിനു വേണ്ടി പരീക്ഷാബോർഡ് ചെയർമാൻ നൽകുന്ന സർട്ടിഫിക്കറ്റുകൾ (ഉദാ: ഡി.ഫാം, ഡി.എം.എൽ.ടി, ഡി.എം.ആർ.ടി. മുതലായവ)

ദേശീയ പരീക്ഷാ ബോർഡ് (National Board of Examination) നൽകുന്ന ഡിഎൻബി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകണമെങ്കിൽ കേരളത്തിലെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ കോഴ്സ് പൂർത്തിയാക്കുകയും അധിക യോഗ്യതയായി അവരുടെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ചേർത്തിരിക്കുകയും വേണം.

- എൻ.ഐ.ഒ.എസ്. നൽകുന്ന സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകണമെങ്കിൽ അപേക്ഷകർ കേരളത്തിലെ ഏതെങ്കിലും എൻ ഐ ഒ എസ് മേഖലാ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും കേരളത്തിലെ ഏതെങ്കിലും പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതിയിട്ടുള്ളവരും ആയിരിക്കണം.
- കെ.എൻ.സി നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ. അതായത് ജി.എൻ.എം, എ.എൻ.എം സർട്ടിഫിക്കറ്റുകൾ.

എൻ.സി.വി.ടി./ എസ്.സി.വി.ടി. സർട്ടിഫിക്കറ്റുകൾ കേരള സംസ്ഥാന സാക്ഷരതാ മിഷൻ 10–ാം സ്റ്റാൻഡേർഡിനു വേണ്ടി നൽകിയിട്ടുള്ള തുല്യതാ സർട്ടിഫിക്കറ്റ്. എച്ച്.ഡി.സി./ ജെ.ഡി.സി. സർട്ടിഫിക്കറ്റുകൾ, സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സർട്ടിഫിക്കറ്റുകൾ (ബന്ധപ്പെട്ട സ്കൂൾ കേരള സർക്കാരിന്റെ അധികാര പരിധിയിലായിരിക്കണം).

### വെരിഫിക്കേഷനു ശേഷം മാത്രം സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകൾ

Medical Council Registration Certificate അധികയോഗ്യതയായി ഉൾപ്പെടുത്തിയിട്ടില്ലാത്ത MS, MD, M.ch, MD, (DGO, DLO, DA) മുതലായ മെഡിക്കൽ ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ, MPhil/Phd Certificate NIT, IGNOU, IISER മുതലായ സ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ (കേരളത്തിലെ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തത്).

### സാക്ഷ്യപ്പെടുത്തി നൽകാത്ത സർട്ടിഫിക്കറ്റുകൾ

വിവിധ സ്വകാര്യ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ, വിവിധ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ (വിവിധ വിദേശ സർവ്വകലാശാലകൾ /സ്ഥാപനങ്ങൾ എന്നിവയിൽ ചേർന്ന് പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടേത് ഒഴികെയുള്ളവ) റാങ്ക്

സർട്ടിഫിക്കറ്റുകൾ, സെറ്റ് / നെറ്റ് സർട്ടിഫിക്കറ്റുകൾ, ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റുകൾ, തുല്യത/ മൈഗ്രേഷൻ സർട്ടിഫിക്കറ്റുകൾ, അപ്രന്റീസ് സർട്ടിഫിക്കറ്റുകൾ, ട്രെയിനിങ് സർട്ടിഫിക്കറ്റുകൾ. സർവ്വീസ് ചാർജ്ജ്/ എംബസി ഫീസ് (ഓരോ സർട്ടിഫിക്കറ്റിനും ഈടാക്കുന്നത്)

സംസ്ഥാന സർക്കാരിന്റെ സാക്ഷ്യപ്പെടുത്തൽ ഫീസ് - 75 രൂപ, യു.എ.ഇ. എംബസ്സി - 3,750 രൂപ, ഖത്തർ - 3,000 രൂപ, ബഹറിൻ - 2,750 രൂപ, കുവൈത്ത് - 1,700 രൂപ വീതം, സൗദി അറേബ്യ - 3,500 രൂപ, നോർക്ക റൂട്ട്സിന്റെ സർവ്വീസ് ചാർജ് 708 രൂപ (ജി.എസ്.റ്റി ഉൾപ്പെടെ). ഇതിനു പുറമെ ഓരോ അധിക സാക്ഷ്യപ്പെടുത്തലിനും 250 രൂപയും നികുതിയും അടയ്ക്കേണ്ടതാണ്. കാലാകാലങ്ങളിൽ എംബസി നിശ്ചയ പ്രകാരം സാക്ഷ്യപ്പെടുത്തൽ ഫീസുകളിൽ മാറ്റം വരുന്നതാണ്.

**സൗദി എംബസി അറ്റസ്റ്റേഷൻ സേവനത്തിനായി ഹാജരാക്കേണ്ട രേഖകൾ**

1. അസ്സൽ സർട്ടിഫിക്കറ്റ്
2. അവസാന വർഷ മാർക്ക് ലിസ്റ്റ്
3. സത്യവാങ്മൂലം (വെബ്സൈറ്റിൽ ലഭ്യമാണ്)
4. പാൻ/ആധാറിന്റെ പകർപ്പ്
5. പാസ്പോർട്ടിന്റെ പകർപ്പ്
6. സൗദി എം.ഒ.എഫ് എ അറ്റസ്റ്റഡ് ഓഫർ ലെറ്റർ
7. വീസയുടെ പകർപ്പ്

ഇതോടൊപ്പം 708 രൂപ നോർക്ക സർവ്വീസ് ചാർജ്ജും (ജി.എസ്.റ്റി ഉൾപ്പെടെ) ഓരോ സർട്ടിഫിക്കറ്റിനും 75 രൂപ വീതം എച്ച്.ആർ.ഡി



നോർക്ക റൂട്ട്സ് സേവനങ്ങൾ

**ബെംഗളൂരു**
എഫ്. 09, ജെം പ്ലാസ,
ഇൻഫൻട്രി റോഡ്, ബെംഗളൂരു - 560001, ഫോ: 08025585090

## ജില്ലാ സെല്ലുകൾ

**കാസർകോട്**
നോർക്ക റൂട്ട്സ്സെൽ,
സിവിൽ സ്റ്റേഷൻ,
കാസർകോട്,
ഫോ: 04994 257827

**കണ്ണൂർ**
നോർക്ക റൂട്ട്സ്സെൽ,
അനെക്സ് ബിൽഡിങ്,
സിവിൽ സ്റ്റേഷൻ,
കണ്ണൂർ 670002,
ഫോ: 0497 2765310

**വയനാട്**
നോർക്ക റൂട്ട്സ്സെൽ,
സിവിൽ സ്റ്റേഷൻ, കൽപ്പറ്റ,
വയനാട്
ഫോ: 04936 204243

**മലപ്പുറം**
നോർക്ക റൂട്ട്സ്സെൽ,
സിവിൽ സ്റ്റേഷൻ,
മലപ്പുറം,
ഫോ: 0483 22732922

**പാലക്കാട്**
നോർക്ക റൂട്ട്സ്സെൽ,
സിവിൽ സ്റ്റേഷൻ,
പാലക്കാട്,
ഫോ: 0491 2505606

**തൃശൂർ**
നോർക്ക റൂട്ട്സ്സെൽ,
സിവിൽ സ്റ്റേഷൻ, രണ്ടാം നില
അയ്യന്തോൾ,
തൃശൂർ,
ഫോ: 0487 2360707

**കോട്ടയം**
നോർക്ക റൂട്ട്സ്സെൽ,
സിവിൽ സ്റ്റേഷൻ,
കോട്ടയം-686002,
ഫോ: 0481 2580033

**ഇടുക്കി**
നോർക്ക റൂട്ട്സ്സെൽ, സിവിൽ സ്റ്റേഷൻ
പൈനാവ്,
ഇടുക്കി,
ഫോ: 0486 2233140

**ആലപ്പുഴ**
നോർക്ക റൂട്ട്സ്സെൽ,
മിനിസിവിൽ സ്റ്റേഷൻ,
ആലപ്പുഴ,
ഫോ: 0477 2239100

**പത്തനംതിട്ട**
നോർക്ക റൂട്ട്സ്സെൽ,
സിവിൽ സ്റ്റേഷൻ,
പത്തനംതിട്ട,
ഫോ: 0468 2229951

**കൊല്ലം**
റൂം നമ്പർ 41,
കോർപ്പറേഷൻ,
ഷോപ്പിംഗ് കോംപ്ലക്സ്,
പോളയത്തോട്,
കൊല്ലം

## നോർക്ക റൂട്ട്സ് (ഹെഡ് ഓഫീസ്)

നോർക്ക സെന്റർ, തൈക്കാട്,
തിരുവനന്തപുരം 695014
ഫോ: 04712770500, 2332416, 2332452,
ഫാക്സ്: 0471 2326263
വെബ്സൈറ്റ്: www.norkaroots.org
ഇ-മെയിൽ : mail@norkaroots.org

## മേഖല ഓഫീസുകൾ

### തിരുവനന്തപുരം

നോർക്ക റൂട്ട്സ്
സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ
നോർക്ക സെന്റർ, ഒന്നാം നില,
തൈക്കാട്, തിരുവനന്തപുരം 695014.
ഫോ: 0471 2329950, 2770500.
ഇ-മെയിൽ:cacvtm@norkaroots.net

### എറണാകുളം

നോർക്ക റൂട്ട്സ്
സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ,
ആറാം നില,
കൊമേഴ്ഷ്യൽ ബിൽഡിംഗ്,
എം.ജി.റോഡ്, മെട്രോസ്റ്റേഷൻ
എറണാകുളം- 682035

### കോഴിക്കോട്

നോർക്ക റൂട്ട്സ്
സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ
ഒന്നാം നില, വികാസ് ബിൽഡിംഗ്,
ലിങ്ക് റോഡ്, കോഴിക്കോട്

## എൻ.ആർ.കെ. ഡെവലപ്മെന്റ് ഓഫീസുകൾ

### ന്യൂ ഡൽഹി

എൻ.ആർ.കെ. ഡെവലപ്മെന്റ്
ഓഫീസർ
എൻ.ആർ.കെ.
ഡെവലപ്മെന്റ് ഓഫീസ്
റൂം നമ്പർ 255, കേരളഹൗസ് 3,
ജന്തർ മന്തർ റോഡ്
ന്യൂഡൽഹി-110001,
ഫോ: 01123360350,
ഫാക്സ്: 01123349202
ഇ-മെയിൽ: norkadelhi@norkaroots

### മുംബൈ

എൻ.ആർ.കെ. ഡെവലപ്മെന്റ്
ഓഫീസർ
എൻ.ആർ.കെ. ഡെവലപ്മെന്റ്
ഓഫീസ്
പ്ലോട്ട് നമ്പർ 8, സെക്ടർ 30 എ,
കേരളഹൗസ്, വാഷി,
നവി മുംബൈ-400703
ഫോ: 022 27812129,
ഫാക്സ്: 022 27812129
ഇ-മെയിൽ:
norkamumbai@norkaroots.net

## സാറ്റലൈറ്റ് ഓഫീസുകൾ

### ബറോഡ

നോർക്ക റൂട്ട് സാറ്റലൈറ്റ് ഓഫീസ്
ബറോഡ കേരള സമാജം,
ബി ട്യൂബിന് എതിർവശം
ജി.ഐ.ഡി.സി റോഡ്,
മക്കർപുര, ബറോഡ 390010
ഫോ: 09898436564

### ഹൈദരാബാദ്

നോർക്ക റൂട്ട് സാറ്റലൈറ്റ് ഓഫീസ്
C/o കൈരളി സമാജം,
നമ്പർ 128423/1,
റെയിൽവേ ജനറൽ സ്റ്റോഴ്സിന്
എതിർവശം, മേട്ടുഗഡ,
ഹൈദരാബാദ്-500 017

### ചെന്നൈ

നോർക്ക റൂട്ട് സാറ്റലൈറ്റ് ഓഫീസ്
കെ.റ്റി.ഡി.സി റെയൻ ഡ്രോപ്സ്
ബിസിനസ്സ് ഹോട്ടൽ,
169/2, ഗ്രീംസ് റോഡ്, ചെന്നൈ -
600040, ഫോ: 04428293020



അറ്റസ്റ്റേഷൻ ഫീസും അതത് സർവ്വകലാശാലകളുടെ പരിശോധനാ ഫീസും ഒടുക്കേണ്ടതാണ്.

## കുവൈത്ത് വീസ സ്റ്റാമ്പിങ്

**ആവശ്യമായ രേഖകൾ**

1. കുറഞ്ഞത് ആറു മാസമെങ്കിലും സാധുതയുള്ള പാസ്പോർട്ട്.
2. വെള്ള പശ്ചാത്തലത്തിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ.
3. ജി.സി.സി അംഗീകൃത കേന്ദ്രത്തിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.
4. പാസ്പോർട്ട് ഓഫീസിൽ നിന്നുള്ള പൊലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്.
5. വീസയുടെ അസ്സൽ പകർപ്പ്.
6. ഫീസും സർവ്വീസ് ചാർജ്ജും : 9,314 രൂപ (വിസ പ്രോസസിംഗ്) ഫീസ്: 8600 രൂപ+സർവ്വീസ് ചാർജ് 708 (ജി.എസ്.റ്റി. ഉൾപ്പെടെ)

## അപ്പോസ്റ്റലി അറ്റസ്റ്റേഷൻ

ഹേഗ് കൺവെൻഷനിൽ അംഗത്വമുള്ള 106ൽപ്പരം രാജ്യങ്ങളിലേക്ക് ജനനം, മരണം, വിവാഹം തുടങ്ങിയവയുടെ സർട്ടിഫിക്കറ്റുകൾക്കും സത്യവാങ് മൂലം, മുക്ത്യാർ തുടങ്ങിയ രേഖകൾക്കും ഡിഗ്രി ഡിപ്ലോമ, മെട്രിക്കുലേഷൻ, സെക്കൻഡറി സർട്ടിഫിക്കറ്റ് തുടങ്ങിയ വിദ്യാഭ്യാസ രേഖകൾക്കും അറ്റസ്റ്റേഷൻ സൗകര്യം ലഭ്യമാണ്. എന്നാൽ വാണിജ്യ പരമായ രേഖകൾ അപ്പോസ്റ്റലി അറ്റസ്റ്റേഷൻ ചെയ്യുന്നതല്ല.



# നഴ്സുമാർക്കു പറക്കാം ജർമനിയിലേക്ക്...



കേരളത്തിൽ നിന്നും ജർമനിയിലേക്കു നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്ന ഔദ്യോഗിക ഏജൻസിയാണ് നോർക്ക റൂട്ട്സ്. ഇതിനായി ജർമൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയുമായി ട്രിപ്പിൾ വിൻ പദ്ധതി പ്രകാരം കേരളം ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

## യോഗ്യതകൾ

ജർമൻ ഭാഷയിൽ ബി 2 ലവൽ യോഗ്യത നേടിയവർക്ക് മാത്രമേ ജർമനിയിൽ രജിസ്റ്റേഡ് നഴ്സ് ആയി ജോലി ചെയ്യാൻ സാധിക്കൂ. കൂടാതെ ലൈസൻസിംഗ് പരീക്ഷയും പാസ്സാകണം. ട്രിപ്പിൾ വിൻ പദ്ധതി പ്രകാരം നോർക്ക മുഖേന റിക്രൂട്ട് ചെയ്യപ്പെടുന്നവർക്കു ബി1 യോഗ്യത നേടി ജർമനിയിൽ എത്തിയ ശേഷം ബി2 യോഗ്യത കൈവരിച്ചാൽ മതിയാകും.

നിലവിൽ ബി1 യോഗ്യത നേടിയ നഴ്സുമാർക്ക് ബി2 ലവൽ യോഗ്യത നേടുന്നതിനും ലൈസൻസിംഗ് പരീക്ഷ പാസ്സാകുന്നതിനും സൗജന്യ

നോർക്ക റൂട്ട്സ് സേവനങ്ങൾ

# നോർക്ക റൂട്ട്സ് ഓഫീസുകൾ



പരിശീലനം ലഭിക്കും. ഇക്കാലയളവിൽ ആശുപത്രികളിലോ കെയർ ഹോമുകളിലോ കെയർ ഗിവറായി ജോലി ചെയ്യുന്നതിനും പ്രതിമാസം കുറഞ്ഞത് 2300 യൂറോ ശമ്പളം ലഭിക്കുന്നതിനും അർഹതയുണ്ടാവും. നിലവിൽ ജർമൻ ഭാഷയിൽ ബി1 ലവൽ യോഗ്യതയും നഴ്സിംഗിൽ ബിരുദമോ ഡിപ്ലോമയോ ഉള്ളവരുമായ ഉദ്യോഗാർഥികൾക്കായുള്ള ഫാസ്റ്റ് ട്രാക്ക് റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ബി1 ലവൽ മുതൽ ജർമൻ ഭാഷ പരിശീലിപ്പിച്ചു കൊണ്ടുള്ള റിക്രൂട്ട്മെന്റാണ് രണ്ടാം ഘട്ടമായി നടത്താൻ വിഭാവന ചെയ്തിട്ടുള്ളത്. ജർമനിയിലേക്കു പോകാൻ ആഗ്രഹിക്കുന്ന നഴ്സുമാർക്ക് ഭാഷാ പ്രാവീണ്യത്തിന് കേരളത്തിൽത്തന്നെ സൗജന്യമായി സൗകര്യം ഒരുക്കും.

## യു.കെ.യിലേക്ക് നഴ്സിംഗ് റിക്രൂട്ട്മെന്റിനായ് ...

ഇയോവിൽ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ എൻ.എസ്.എച്ച്. ട്രസ്റ്റിലേക്കും ഇരുപത്തിയഞ്ചോളം അനുബന്ധ ട്രസ്റ്റുകളിലേക്കുമാണ് നോർക്ക റൂട്ട്സ് വഴി റിക്രൂട്ട്മെന്റ് നടക്കുന്നത്. റിക്രൂട്ട്മെന്റ് പൂർണമായും സൗജന്യമാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒ.ഇ.ടി/ഐ.ഇ.എൽ.ടി.എസ് പരീക്ഷാ ഫീസ്, സി.ബി.ടി ചെലവുകൾ തിരികെ ലഭിക്കും. യു.കെയിൽ എത്തിച്ചേർന്നാൽ ഒ.എസ്.സി.ഇ ടെസ്റ്റ് എഴുതുന്നതിനുള്ള സഹായവും ലഭിക്കും. എട്ട് മാസത്തിനുള്ളിൽ ഒ.എസ്.സി.ഇ പാസാകേണ്ടതാണ്. ഇക്കാലയളവിൽ 24,882 യൂറോ വരെ ശമ്പളം ലഭിക്കും. ഒ.എസ്.സി.ഇ നേടിക്കഴിഞ്ഞാൽ 25,665 മുതൽ 31,534 യൂറോ വരെ ശമ്പളം കിട്ടും.

വിശദാംശങ്ങൾക്ക് www.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 1800 425 3939 എന്ന ടോൾ ഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്. 0091 880 20 12345 എന്ന നമ്പരിൽ വിദേശത്തു നിന്നും മിസ്സ്ഡ് കോൾ സേവനവും ലഭ്യമാണ്. ഇ - മെയിൽ uknhs.norka@kerala.gov.in.

## ജപ്പാനിലേക്ക് ...

ലോകരാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദ്ധ തൊഴിലാളികളെ ആകർഷിക്കുന്നതിനായി ജപ്പാൻ ആവിഷ്കരിച്ചിരിക്കുന്ന എസ്.എസ്.ഡബ്ല്യൂ അഥവാ സ്പെസിഫൈഡ് സ്കിൽഡ് വർക്കേഴ്സ് പദ്ധതി പ്രകാരമാണ് ജപ്പാനിലേക്കുള്ള നിയമനങ്ങൾ നടക്കുന്നത്. ഇതനുസരിച്ച് ജപ്പാനിലെത്തുന്ന ഇന്ത്യൻ തൊഴിലാളികൾക്ക് പുതിയ മേഖലകളിൽ നൈപുണ്യം ആർജിക്കാനുള്ള സൗകര്യമൊരുക്കാനും വ്യവസ്ഥയുണ്ട്.

# നോർക്ക ബിസിനസ് സഹായക കേന്ദ്രം

സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ പ്രവാസി കേരളീയർക്ക് പരിചയപ്പെടുത്തുക, നിക്ഷേപ സന്നദ്ധതയുള്ളവർക്ക് ആവശ്യമായ മാർഗ നിർദ്ദേശം നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് നോർക്ക ബിസിനസ് സഹായക കേന്ദ്രം പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ ലഘൂകരിക്കാനും പരിഹരിക്കാനും നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ ഫലപ്രദമായ ഇടപെടലുകൾക്ക് കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

## സേവനങ്ങൾ

വിദേശമലയാളികൾക്കും വിദേശത്ത് നിന്നും തിരിച്ചെത്തുന്നവർക്കും നിക്ഷേപസംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കും.

നിക്ഷേപ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി, നിക്ഷേപകരുടെ താൽപ്പര്യാർഥം അനുയോജ്യമായ മേഖലകളിൽ നിക്ഷേപം നടത്താൻ വേണ്ടി മാർഗ നിർദ്ദേശം നൽകുക.

സംരംഭകർക്കാവശ്യമായ സർക്കാർ അനുമതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുക.

സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ലക്ഷ്യമാക്കി പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിലേക്ക് പ്രവാസി നിക്ഷേപ സമ്മേളനങ്ങൾ സംഘടിപ്പിക്കുക.

ജി 2 ബി & ബി 2 ബി മീറ്റുകൾ

വിദേശനിക്ഷേപം സംസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ശരിയായ മേഖലകൾക്കു മുൻഗണന നൽകി സാധ്യമാക്കാൻ വേണ്ടി മാർഗനിർദ്ദേശങ്ങൾ നൽകാൻ പ്രാപ്തിയുള്ള വിദഗ്ധരുടെ സേവനം നൽകുക.

# നോർക്ക റൂട്ട്സ് പരിരക്ഷാ കാർഡുകൾ




## പ്രവാസി ഐ.ഡി. കാർഡ്

വിദേശത്ത് ആറ് മാസത്തിൽ കൂടുതൽ ജോലിചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന 18 വയസ്സ് പൂർത്തിയായ പ്രവാസികൾക്ക് നോർക്ക റൂട്ട്സ് തിരിച്ചറിയൽ കാർഡിന് അപേക്ഷിക്കാം. പ്രായം : 18-70

## പരിരക്ഷ

അപകടം മൂലമുള്ള മരണത്തിന് നാല് ലക്ഷം രൂപയുടെയും അപകടം മൂലമുള്ള ഭാഗികമോ സ്ഥിരമോ ആയ അംഗവൈകല്യങ്ങൾക്ക് രണ്ടുലക്ഷം രൂപ വരെയും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

## ആവശ്യമായ രേഖകൾ

പാസ്പോർട്ടിന്റെ ഫോട്ടോ പതിച്ച പേജ്, അഡ്രസ്സ് പേജ് എന്നിവയുടെ പകർപ്പ്, വിസാപേജ്/ഇക്കാമ/വർക്ക് പെർമിറ്റ്/റസിഡന്റ് പെർമിറ്റ്, അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും, ഒപ്പും. കാലാവധി മൂന്ന് വർഷം. പുതുതായി അപേക്ഷിക്കുന്നതിനും കാർഡ് പുതുക്കുന്നതിനും അപേക്ഷഫീസ് 315/- രൂപ. ഓൺലൈൻ ആയി അടയ്ക്കാവുന്നതാണ്.



സംരംഭകത്വശേഷി പരിപോഷിപ്പിക്കുവാനും, സ്വയംതൊഴിൽ സംരംഭകർക്കും നിക്ഷേപ പദ്ധതികൾ വഴിയൊരുക്കുന്ന വെബ്ബ് അധിഷ്ഠിത ഏകജാലക സംവിധാനമാണ് നോർക്ക സ്കിൽ റിപ്പോസിറ്ററി പദ്ധതി. ഒരു വെബ്ബ് അധിഷ്ഠിത ആപ്ലിക്കേഷനായ നോർക്ക സ്കിൽ ബാങ്കിൽ(NSB)വിദേശ പ്രവൃത്തി പരിചയമുള്ള വിദഗ്ധരും അവിദഗ്ധരുമായ മടങ്ങിയെത്തിയ പ്രവാസികൾക്കും ഇന്ത്യയിൽ നിന്നും വിദേശത്തുമുള്ള തൊഴിൽദായകർക്കും, സ്വയംതൊഴിൽദാതാക്കൾക്കും കേരളത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനും നിക്ഷേപ സാധ്യതകൾ ഉപയോഗിക്കുവാൻ താൽപ്പര്യമുള്ള പ്രവാസികൾക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്.

## ഗ്ലോബൽ കോൺടാക്ട് സെന്റർ - ജി. സി. സി

നോർക്ക റൂട്ട്സിന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ നിലവിലുണ്ട്. നോർക്ക വകുപ്പ്, നോർക്ക റൂട്ട്സ്, കേരള പ്രവാസി വെൽഫെയർ ബോർഡ്, എൻ.ആർ.ഐ കമ്മീഷൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ, ഇവയുടെ കീഴിലുള്ള വിവിധ ഓഫീസുകൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ, മറ്റ് വിവരങ്ങൾ എന്നിവ കോൾസെന്ററിൽ നിന്ന് ലഭിക്കും. ഇന്ത്യയിൽ നിന്ന് 18004253939 എന്ന ടോൾ ഫ്രീ നമ്പറിൽ കോൾസെന്ററുമായി ബന്ധപ്പെടാവുന്നതാണ്.

ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് നോർക്ക നൽകുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും പരാതികൾ അറിയിക്കുന്നതിനും അന്താരാഷ്ട്ര മിസ്ഡ് കോൾ സർവീസും നിലവിലുണ്ട്. ഏത് വിദേശ രാജ്യത്തുനിന്നും 24 X 7 മണിക്കൂറും ടെലിഫോണിലോ ലൈവ് ചാറ്റിലോ ഇ-മെയിൽ, എസ്.എം.എസ് എന്നിങ്ങനെ ഏത് രീതിയിലും ബന്ധപ്പെടാം. നമ്പർ- 0091 8802612345

## നോർക്ക സ്കിൽ പോർട്ടൽ

തിരിച്ചെത്തുന്ന പ്രവാസികളുടെ നൈപുണ്യവിവരങ്ങൾ ലഭിക്കുന്നതിനും പുനരധിവാസം ഉറപ്പുവരുത്തുന്നതിനും നോർക്ക സ്കിൽ ബാങ്ക് രൂപീകരിച്ചു. www.skill.registernorkaroots.org എന്ന വെബ് സൈറ്റിൽ തൊഴിൽദാതാക്കൾക്കും മടങ്ങിയെത്തിയ പ്രവാസികൾക്കും രജിസ്റ്റർ ചെയ്യാം.

നോർക്ക റൂട്ട്സ് സേവനങ്ങൾ

പദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം ആൻഡ് റീ ഇന്റഗ്രേഷൻ പ്രോഗ്രാം. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിൽ സാങ്കേതികവിദ്യ പകർന്നുകൊടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കേരളസർക്കാരിന്റെ വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.ടി.ഐ), സർക്കാർ പോളിടെക്നിക് കോളേജുകൾ, എൽ.ബി.എസ് സെന്ററുകൾ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഈ പരിശീലന പദ്ധതി നടപ്പാക്കി വരുന്നത്.

ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി മേഖലയിൽ ലഭ്യമായ ഉയർന്ന തൊഴിൽ സാധ്യതകൾ പരിഗണിച്ച് 2019-2020 സാമ്പത്തിക വർഷം മുതൽ റോബോട്ടിക്ക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് ആന്റ് അനലറ്റിക്സ് എന്നീ കോഴ്സുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തമുള്ള ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ഐ.സി.റ്റി.എ.കെ)യുമായി ചേർന്ന് നടത്തി വരുന്നു.

യു.എ.ഇ, കുവൈത്ത്, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ നഴ്സിംഗ് മേഖലയിൽ തൊഴിൽ സാധ്യതയേറുന്നതിനാൽ കേരളത്തിലെ നഴ്സുമാർക്ക് ഈ മേഖലയിൽ തൊഴിൽ മികവ് ലഭ്യമാക്കുന്നതിന് വേണ്ടി അതത് രാജ്യങ്ങളിലെ സർക്കാർ ലൈസൻസിങ് പരീക്ഷകളായ HAAD/PROMETRIC/MOH/DOH പാസാകുന്നതിന് സഹായകരമായ ഒരു പരിശീലന പദ്ധതി കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നഴ്സിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മുഖാന്തരം നൽകി വരുന്നു. പ്രതിവർഷം രണ്ടായിരത്തോളം വിദ്യാർത്ഥികളാണ് ഈ പരിശീലന പരിപാടിയിൽ ചേർന്ന് വിജയകരമായി പഠനം പൂർത്തിയാക്കുന്നത്.

## നോർക്ക സ്കിൽ റിപ്പോസിറ്ററി

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ കേരളത്തിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസം സുഗമമാക്കുന്നതിനും ഇവരുടെ തൊഴിൽ നൈപുണ്യവും പ്രവർത്തന പരിചയവും തൊഴിൽ സംസ്കാരവും ഇന്നാട്ടിലെ തൊഴിൽ മേഖലയ്ക്ക് ലഭ്യമാക്കുന്നതിനും, പുതിയ കുടിയേറ്റ മേഖലകളിലേക്ക് ഇവരെ നയിക്കുവാനും

നോർക്ക റൂട്ട്സ് സേവനങ്ങൾ

## സ്റ്റുഡന്റ്സ് ഐ.ഡി. കാർഡ്

വിദേശ പഠനത്തിന് പോകുന്ന കേരളീയരായ വിദ്യാർഥികൾക്കുള്ള തിരിച്ചറിയൽ കാർഡാണ് സ്റ്റുഡന്റ്സ് ഐ.ഡി.കാർഡ്. കാർഡുള്ളവർക്കു അപകട മരണത്തിനു നാല് ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷയും അപകടം മൂലമുള്ള സ്ഥിരമോ ഭാഗികമോ ആയ വൈകല്യങ്ങൾക്ക് ആനുപാതികമായി രണ്ടുലക്ഷം രൂപ വരെയും ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.

## അപേക്ഷിക്കേണ്ട വിധം

വിദേശരാജ്യങ്ങളിലേക്ക് പഠനത്തിനായി പ്രവേശന നടപടികൾ പൂർത്തിയാക്കിയ മലയാളി വിദ്യാർത്ഥികൾക്കും നിലവിൽ വിദേശത്ത് പഠിക്കുന്നവർക്കും അപേക്ഷിക്കാം.
18 വയസ്സ് പൂർത്തിയായിരിക്കണം.
പാസ്പോർട്ടിന്റെ ഫോട്ടോ പതിച്ച പേജ്, അഡ്രസ്സ് പേജിന്റെ പകർപ്പുകൾ വിദേശ പഠനം നടത്തുന്നത് തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ /പഠനത്തിന് പോകുന്നവർ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കിയ രേഖകൾ എന്നിവയുടെ പകർപ്പുകൾ, അപേക്ഷകന്റെ ഫോട്ടോയും ഒപ്പും.
രജിസ്ട്രേഷൻ ഫീസ് 315 രൂപ. ഫീസ് ഓൺ ലൈനായി അടയ്ക്കാവുന്നതാണ്.
സാധുവായ വീസ ഉണ്ടെങ്കിൽ കാലാവധി തീരുന്ന തീയതിക്ക് മൂന്നു മാസം മുമ്പ് ഐ.ഡി കാർഡ് പുതുക്കലിനായി അപേക്ഷിക്കാവുന്നതാണ്. നിർദ്ദിഷ്ട രേഖകളുടെ പകർപ്പുകളും അപേക്ഷാഫീസും ഓൺലൈനായി സമർപ്പിക്കണം.

നോർക്ക റൂട്ട്സ് സേവനങ്ങൾ

# സുരക്ഷ, പരിരക്ഷ



വിദേശത്ത് ജോലി ചെയ്യുന്ന കേരളീയർക്ക് പട്ടിക പ്രകാരമുള്ള രോഗമുണ്ടായാൽ ഒരു ലക്ഷം രൂപ വരെ നോർക്ക പ്രവാസിരക്ഷാ ഇൻഷുറൻസ് പോളിസിയിലൂടെ പരിരക്ഷ നൽകുന്നു. ഇതിനായി രജിസ്റ്റർ ചെയ്ത മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റും പരിശോധനാ റിപ്പോർട്ടുകൾ ഉൾപ്പെടെയുള്ള അംഗീകാര പത്രവും ലഭ്യമാക്കണം. ഒരു വർഷമാണ് പോളിസിയുടെ കാലാവധി. തുടർന്നു ഇൻഷുറൻസ് പുതുക്കാവുന്നതാണ്.

## ആർക്കൊക്കെ അപേക്ഷിക്കാം

ആറ് മാസമോ അതിൽ കൂടുതലോ വിദേശത്ത് താമസിക്കുകയോ, ജോലിചെയ്യുകയോ ചെയ്യുന്ന സാധുതയുള്ള വീസ, പാസ്പോർട്ട് എന്നിവയുള്ള പ്രവാസികൾക്ക് അപേക്ഷിക്കാം. പ്രായം 18നും 60നും മധ്യേ.

നോർക്ക റൂട്ട്സ് സേവനങ്ങൾ

# തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്ന പരിശീലന പരിപാടികൾ



കേരളത്തിൽ നിന്നുള്ള തൊഴിൽ അന്വേഷകർക്ക് വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിന് നൽകുന്ന പരിശീലന പദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് പ്രോഗ്രാം. സാങ്കേതികവിദ്യ, സോഫ്ട് സ്കിൽ എന്നിവയിൽ സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ.ടി.ഐകൾ, പോളിടെക്നിക്കുകൾ, മികവ് തെളിയിച്ച അംഗീകൃത സ്വകാര്യ പരിശീലന കേന്ദ്രങ്ങൾ എന്നിവ മുഖേന പരിശീലനം നൽകി വരുന്നു. നൈപുണ്യ സർട്ടിഫിക്കറ്റിനു പുറമെ തൊഴിൽമേളകളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. മാറുന്ന തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം ഇന്ത്യക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്ക വിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കി വരുന്ന തുടർ

മൂന്ന് ശതമാനം സബ്സിഡി നാലുവർഷത്തേക്ക് നൽകും. ചുരുങ്ങിയത് രണ്ട് വർഷം വിദേശത്ത് താമസിക്കുകയോ ജോലിചെയ്യുകയോ ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾക്കും അത്തരം പ്രവാസികൾ ചേർന്നു രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയ്ക്കും ആനുകൂല്യം ലഭിക്കും.

താൽപ്പര്യമുള്ള സംരംഭങ്ങൾക്ക് വേണ്ടി പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലന കളരികൾ, ബോധവത്ക്കരണ സെമിനാറുകൾ എന്നിവയും നടത്തുന്നുണ്ട്.

ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെ 18 ധനകാര്യസ്ഥാപനങ്ങളുടെ സഹകരണം ഇതിനായി ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും ബാങ്ക് വായ്പ ഉറപ്പാക്കുന്നതിനും സംരംഭകർക്കുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും സൗജന്യ വിദഗ്ദ്ധ സേവനവും നൽകി വരുന്നു. ഓൺലൈനായി മാത്രം അപേക്ഷ നൽകാൻ www.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പാസ്പോർട്ട്, ഫോട്ടോ, ആധാർ, റേഷൻ കാർഡ്, പാൻകാർഡ്, പദ്ധതിയെക്കുറിച്ചുള്ള ലഘുവിവരണം, പദ്ധതിക്കാവശ്യമായ തുക, വായ്പക്കായി തിരഞ്ഞെടുക്കുന്ന ധനകാര്യ സ്ഥാപനത്തിന്റെ വിശദവിവരം എന്നിവ ഉൾപ്പെടെയാണ് അപേക്ഷ നൽകേണ്ടത്.

**വായ്പ അനുവദിക്കുന്ന സ്ഥാപനങ്ങൾ**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്. ബി. ഐ)
കാനറ ബാങ്ക്
കേരള ബാങ്ക്
ബാങ്ക് ഓഫ് ബറോഡ
ഫെഡറൽ ബാങ്ക്
സൗത്ത് ഇന്ത്യൻ ബാങ്ക്
ഇന്ത്യൻ ഓവർസീസ് ബാങ്ക്
യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
ബാങ്ക് ഓഫ് ഇന്ത്യ
യൂക്കോ ബാങ്ക്
ധനലക്ഷ്മി ബാങ്ക്
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്
കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
കേരള സംസ്ഥാന പിന്നാക്ക വിഭാഗവികസന കോർപ്പറേഷൻ
കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ
കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, (മലപ്പുറം)
ട്രാവൻകൂർ പ്രവാസി വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി (തിരുവനന്തപുരം)

നോർക്ക റൂട്ട്സ് സേവനങ്ങൾ

## അപേക്ഷിക്കേണ്ട വിധം

അപേക്ഷാഫീസ് 550 രൂപ (ഇൻഷുറൻസ് പ്രീമിയം ഉൾപ്പെടെ) ഫീസ് ഓൺലൈനായി അടയ്ക്കാവുന്നതാണ്.

## ആവശ്യമായ രേഖകൾ

പാസ്പോർട്ടിന്റെ ഫോട്ടോ പതിച്ച പേജ്, അഡ്രസ് പേജ് എന്നിവയുടെ
പകർപ്പ്
വീസാപേജ്/ഇക്കാമ/ വർക്ക് പെർമിറ്റ്/ റസിഡന്റ് പെർമിറ്റ്
അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഒപ്പും.

**ഗുരുതര രോഗങ്ങളുടെ പട്ടികയും സർട്ടിഫിക്കറ്റ് നൽകേണ്ട മെഡിക്കൽ പ്രാക്ടീഷണറും**

1. Cancer- Oncologist
2. Kidney failure(end stage renal failure)- Nephrologist
3. Primary pulmonary arterial Hypertension- Cardiologist/Pulmonologist
4. Multiple sclerosis - Neurologist
5. Major organ transplantation -Concerned Specialtiy Doctor/General Surgeon
6. Coronary Artery By-pass Grafts- CTVS (Cardio Thoracic & vascular surgeon)
7. Aorta graft surgery -CTVS Cardio Thoracic & vascular surgeon)
8. Heart Valve surgery- CTVS (Cardio Thoracic & vascular surgeon)
9. Sortke -Neurologist
10. Myocardial Infarction (First heart Attack)- Cardiologist
11. Coma -Neurologist
12. Total Blindness -Ophthalmologist
13. Paralysis -Neurologist



## എൻ.ആർ.കെ ഇൻഷുറൻസ് കാർഡ്

രണ്ടു വർഷമായി ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന കേരളീയരായ പ്രവാസികൾക്ക് നോർക്ക റൂട്ട്സ് നൽകുന്ന തിരിച്ചറിയൽ കാർഡിന് അപേക്ഷിക്കാം. പ്രായപരിധി 18-70.

അപകടം മൂലമുള്ള മരണത്തിന് നാല് ലക്ഷം രൂപയുടെയും അപകടം മൂലമുള്ള ഭാഗികമോ സ്ഥിരമോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപയുടേയും ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. കാലാവധി മൂന്ന് വർഷം അപേക്ഷാഫീസ് 315 രൂപ

## ആവശ്യമായ രേഖകൾ

സ്വയം സാക്ഷ്യപ്പെടുത്തിയ സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയും അതതു സംസ്ഥാനങ്ങളിൽ താമസിക്കുന്നതിന്റെ രേഖ/ ആധാർ കാർഡിന്റെ കോപ്പി, അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഒപ്പും. കാർഡുകൾക്കു അപേക്ഷിക്കുന്നതും പുതുക്കുന്നതും ഓൺലൈനായാണ്.

ഇതിനായി www.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. (എല്ലാ രേഖകളും സ്കാൻ ചെയ്ത് JPEG ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.)

പ്രവാസിക്ഷേമനിധി അംഗത്വം: റസിഡന്റ്സ് സർട്ടിഫിക്കറ്റിന് പകരം എൻ.ആർ.കെ ഇൻഷുറൻസ് കാർഡ് പരിഗണിക്കും.

മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾ പ്രവാസി ക്ഷേമനിധി അംഗത്വത്തിന് അപേക്ഷിക്കുമ്പോൾ റസിഡന്റ്സ് സർട്ടിഫിക്കറ്റിന് പകരം നോർക്ക റൂട്ട്സ് നൽകുന്ന എൻ.ആർ.കെ ഇൻഷുറൻസ് കാർഡ് ആധികാരിക രേഖയായി സ്വീകരിക്കും. കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പാണ് നൽകേണ്ടത്. ക്ഷേമനിധി അംഗത്വത്തിനു www.pravasikerala.org വഴി അപേക്ഷിക്കാവുന്നതാണ്.



## പ്രവാസി ഭദ്രത – മെഗാ (സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം)



25 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെ സുസ്ഥിരവരുമാനം ഉറപ്പു വരുത്തുന്നതിനും തിരികെയെത്തിയ പ്രവാസികളുടെ സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാരിന്റെ സമഗ്ര പദ്ധതിയാണിത്.

കെ.എസ്.ഐ.ഡി.സി വഴി നടപ്പിലാക്കുന്ന സംരംഭക പദ്ധതിയിൽ ഗുണഭോക്താക്കളായ പ്രവാസികേരളീയർക്ക് അനുവദിക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നു. 25 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെയുള്ള വായ്പകൾക്കാണ് പലിശ സബ്സിഡി. 8.25% മുതൽ 8.75% വരെ പലിശ ഈടാക്കുന്ന വായ്പകൾ 5% മാത്രം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി ബാക്കി 3.25% മുതൽ 3.75% വരെ പലിശ ഗുണഭോക്താക്കൾക്ക് പലിശ സബ്സിഡി ഇനത്തിൽ തിരികെ നൽകും.

തിരികെയെത്തുന്ന പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി നടപ്പിലാക്കുന്ന സംരംഭകത്വ പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള പലിശ സബ്സിഡി ത്രൈമാസക്കാലയളവിൽ നോർക്ക റൂട്ട്സ് മുഖേന വിതരണം ചെയ്യും. വായ്പക്കായി കെ.എസ്. ഐ. ഡി.സി ഓഫീസുകൾ വഴി അപേക്ഷിക്കാം.

30 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡി (പരമാവധി മൂന്ന് ലക്ഷം രൂപ വരെ) അനുവദിക്കപ്പെടുന്ന വായ്പയുടെ പലിശയ്ക്ക്

സഹായം നൽകുന്നത്.

സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തിഗത/ഗ്രൂപ്പ് വായ്പകൾ നൽകും. രണ്ട് ലക്ഷം രൂപ വരെയുള്ളവയ്ക്കു പലിശരഹിത വായ്പയാണ് നൽകുന്നത്. രണ്ട് വർഷത്തിനുള്ളിൽ തിരിച്ചടവ് പൂർത്തിയാക്കിയിരിക്കണം. കുടുംബശ്രീ യൂണിറ്റ് വഴിയാണ് സഹായത്തിന് അപേക്ഷിക്കേണ്ടത്.

സംരംഭകത്വ വികസന പരിശീലനം, വൈദഗ്ദ്ധ്യ പരിശീലനം എന്നിവ നൽകി സംരംഭത്തിന് സജ്ജമാക്കുന്നതിനോടൊപ്പം സാമ്പത്തിക സഹായവും, പിന്തുണാസഹായവും ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് നൽകുന്നു.

വായ്പ തിരിച്ചടവായി ലഭിക്കുന്ന തുക മറ്റ് ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം സംരംഭങ്ങളുടെ തുടർവ്യാപനത്തിനും/ വിപുലീകരണത്തിനും ഉപയോഗിക്കാവുന്നതാണ്.

കുടുംബശ്രീ മിഷൻ മുഖാന്തരം വിതരണം ചെയ്യുന്ന തുകയുടെ വിനിയോഗം നോർക്ക വകുപ്പുതല കമ്മിറ്റി അവലോകനം ചെയ്യും.

## പ്രവാസിഭദ്രത – മൈക്രോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം)

കേരളാ ബാങ്ക്, കെ.എസ്.എഫ്.ഇ എന്നിവ വഴി സ്വയം തൊഴിൽ വായ്പ ലഭ്യമാക്കും.

അഞ്ച് ലക്ഷം രൂപ വരെയുള്ള വായ്പകളാണ് അനുവദിക്കുക. പദ്ധതി തുകയുടെ 25% പരമാവധി ഒരുലക്ഷം രൂപ വരെ മൂലധന സബ്സിഡിയായി ലഭിക്കും. ആദ്യ നാലുവർഷം മൂന്ന് ശതമാനം പലിശ സബ്സിഡി നൽകും. തൊട്ടടുത്ത കേരളാ ബാങ്ക്, കെ.എസ്.എഫ്.ഇ ശാഖകൾ വഴി ഈ വായ്പക്ക് അപേക്ഷിക്കാം. അനുവദിക്കുന്ന വായ്പകൾക്ക് പദ്ധതി തുകയുടെ 25%, പരമാവധി ഒരു ലക്ഷം രൂപ വരെ മൂലധന സബ്സിഡി നൽകും. കൃത്യമായ തിരിച്ചടവുകൾക്ക് ത്രൈമാസക്കാലയളവിൽ പലിശ സബ്സിഡി നൽകും. സബ്സിഡി വിതരണവും അനുബന്ധ മാനദണ്ഡങ്ങളും നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് പദ്ധതിയുടെ മാർഗ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും.



# മറുനാട്ടിൽ നിയമ സഹായങ്ങൾക്ക് അപേക്ഷിക്കാം

അജ്ഞത മൂലം അന്യനാട്ടിൽ കോടതി വ്യവഹാരങ്ങളിലും മറ്റ് നിയമക്കുരുക്കുകളിലും പെട്ടുപോകുന്ന പ്രവാസികൾക്കു സൗജന്യമായി നോർക്ക നിയമ സഹായം നൽകുന്നു. നിയമോപദേശം, നഷ്ടപരിഹാരം/ ദയാഹർജികൾ എന്നിവയിൽ സഹായം, നിയമബോധവത്കരണ പരിപാടികൾ, വിവിധ ഭാഷകൾ പരിഭാഷ നടത്തുന്നതിന് വിദഗ്ധരുടെ സഹായം എന്നിവയാണ് നൽകി വരുന്ന സേവനങ്ങൾ.

കുവൈത്ത് ഒമാൻ, യു.എ.ഇ, സൗദിഅറേബ്യ, ഖത്തർ എന്നീ രാജ്യങ്ങളിലായി 10 ലീഗൽ കൺസൾട്ടന്റുമാരാണ് നിയമ സഹായം നൽകി വരുന്നത്. വിദേശത്ത് തൊഴിൽ/വിസിറ്റ് വീസയിൽ പോയിട്ടുള്ളവരായിരിക്കണം അപേക്ഷകർ. വിദേശ രാജ്യങ്ങളിൽ കോടതികൾ വിധിക്കുന്ന 'ദയാമണി', കണ്ടുകെട്ടൽ, സാമ്പത്തിക ബാദ്ധ്യതകൾ, റിക്കവറി തുടങ്ങിയവയ്ക്ക് ഈ സഹായം ലഭ്യമായിരിക്കുകയില്ല.

## നിബന്ധനകൾ

തന്റേതല്ലാത്ത കുറ്റങ്ങൾ മൂലം നിയമപ്രശ്നങ്ങൾ നേരിടേണ്ടി വരുകയും സാമ്പത്തിക വൈഷമ്യം അനുഭവിക്കുകയും ചെയ്യുന്ന പ്രവാസി മലയാളികളായിരിക്കണം.

വീസയുള്ളവരാണെങ്കിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും വിദേശത്ത് തൊഴിലെടുത്തവരാകണം.

ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ നിർദ്ദിഷ്ട അപേക്ഷ ഫാറത്തിൽ നോർക്ക റൂട്ട്സിന് തപാൽ മുഖേനയോ ഇ-മെയിൽ വഴിയോ അയക്കേണ്ടതാണ്. അറബി ഭാഷയിലുള്ള രേഖകളുടെ തർജ്ജമകളും സമർപ്പിക്കേണ്ടതാണ്.

## അപേക്ഷ സമർപ്പിക്കേണ്ട രീതി

നിയമസഹായത്തിനായുള്ള പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, മൂന്നാം നില, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം-695 014 എന്ന മേൽവിലാസത്തിലോ ceo.norka@kerala.gov.in എന്ന ഇ- മെയിലിലോ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കണം.



# നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്

വിദേശത്ത് ജോലിചെയ്യുന്ന സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള മലയാളികൾ അസുഖബാധിതരായി നാട്ടിലക്ക് മടങ്ങേണ്ടി വരുമ്പോഴും പ്രവാസികളുടെ ഭൗതികശരീരം കൊണ്ടു വരുമ്പോഴും നാട്ടിലെ വിമാനത്താവളത്തിൽ നിന്നും അവരുടെ വീടുകളിലും ബന്ധപ്പെട്ട ആശുപ്രതികളിലും സൗജന്യമായി എത്തിക്കുന്നതിന് സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്. കേരളത്തിലെ നാല് വിമാനത്താവളങ്ങളിലും കോയമ്പത്തൂർ, മംഗലാപുരം വിമാനത്താവളങ്ങളിലും നോർക്ക എമർജൻസി ആംബുലൻസ് സേവനം ലഭിക്കും. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഇതേ സാഹചര്യത്തിലുള്ള മലയാളികൾക്കും നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് ഉപയോഗിക്കാം.

## സേവനങ്ങൾ ലഭിക്കുന്നത് എങ്ങനെ?

നോർക്ക റൂട്ട്സിന്റെ ഗ്ലോബൽ കോൺടാക്ട് സെന്റർ (18004253939 ഇന്ത്യക്കുള്ളിൽ) (00918802612345) വിദേശത്ത് നിന്നും മിസ്ഡ് കോൾ സർവ്വീസ്) മുഖേനയോ norkaemergancyambulance@gmail.com എന്ന ഇ-മെയിൽ വിലാസത്തിലൂടെയോ നാട്ടിലേക്ക് വരുന്ന ആളിന്റെ / ഭൗതികശരീരത്തിന്റെ പാസ്പോർട്ട് നമ്പർ, തിരികെയെത്തുന്ന തീയതി, നാട്ടിലുള്ള പ്രാദേശിക കോൺടാക്ട് നമ്പർ, എന്നിവ സമർപ്പിച്ച് സേവനം ഉപയോഗിക്കാവുന്നതാണ്.



## പ്രവാസി ഭദ്രത – പേൾ
## (നാനോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം)

അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാന പരിധിയിൽ വരുന്നവരുമായ പ്രവാസികേരളീയർ/കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭക വായ്പകളും പിന്തുണ സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

റിവോൾവിംഗ് ഫീ മാതൃകയിൽ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്കാണ്



നോർക്ക റൂട്ട്സ് സേവനങ്ങൾ

# നാട്ടിലെത്തിയവർക്ക് സുരക്ഷിത ജീവിതം പ്രവാസി ഭദ്രത

കോവിഡ്-19 മഹാമാരി ലോകവ്യാപകമായി പ്രവാസി കേരളീയരുടെ തൊഴിലിനെയും തൊഴിൽ സാധ്യതകളെയും ബാധിച്ച പശ്ചാത്തലത്തിൽ യാത്രാവിലക്ക് കാരണം നാട്ടിൽ കുടുങ്ങിയവർക്കും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവർക്കുമായി മൂന്ന് സംരംഭക പദ്ധതികൾ ഉൾപ്പെടുന്നതാണ് പ്രവാസി ഭദ്രത

**പ്രവാസി ഭദ്രത -**
**പേൾ (നാനോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം)**

**പ്രവാസി ഭദ്രത -**
**മൈക്രോ (മൈക്രോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം)**

**പ്രവാസി ഭദ്രത -**
**മെഗാ (സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം)**

നോർക്ക റൂട്ട്സ് സേവനങ്ങൾ

## പ്രവാസികളുടെയും തിരിച്ചെത്തിയവരുടെയും മക്കൾക്ക്

# ഡയറക്ടേഴ്സ് സ്കോളർഷിപ്പ്




സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസികളുടെയും വിദേശത്തു നിന്നും തിരിച്ചെത്തിയവരുടെയും മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും ധനസഹായം നൽകി വരുന്നു. നിലവിൽ വിദേശത്ത് ജോലി നോക്കുന്ന ഇ.സി.ആർ കാറ്റഗറിയിൽപ്പെട്ട പ്രവാസികളുടെയും വിദേശത്തു നിന്നും തിരിച്ചെത്തിയവരുടെയും മക്കൾക്ക് അപേക്ഷിക്കാം.

## യോഗ്യതകൾ

രണ്ടു വിഭാഗങ്ങളിലും കുറഞ്ഞത് രണ്ടുവർഷം വിദേശത്ത് തൊഴിൽ ചെയ്തിരിക്കണം. തിരിച്ചെത്തിയവരുടെ വാർഷികവരുമാനം രണ്ടു ലക്ഷം രൂപയിൽ കവിയരുത്. 20,000 രൂപയാണ് സ്കോളർഷിപ്പ്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ കുറഞ്ഞത് 60 ശതമാനം മാർക്കോടെ ബിരുദാനന്തര- ബിരുദ കോഴ്സുകൾക്കോ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കോ നടപ്പ് അധ്യയനവർഷം പ്രവേശനം നേടിയവരായിരിക്കണം. കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച റഗുലർ കോഴ്സുകൾക്ക് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരായിരിക്കണം. ഒറ്റത്തവണ മാത്രമേ ഒരാൾക്ക് സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ.

# പ്രവാസി സംഘങ്ങൾക്ക് ധനസഹായം




തിരികെ എത്തിയ പ്രവാസികളുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് ആരംഭിച്ച പ്രവാസിസംഘങ്ങളെ സഹായിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നോർക്ക ധനസഹായം നൽകിവരുന്നു.

പൊതുജനതാൽപ്പര്യാർഥമുള്ള ഉൽപ്പാദന, സേവന, ഐ.ടി, തൊഴിൽ സംരംഭങ്ങൾ (കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട വ്യവസായം, മത്സ്യമേഖല, മൂല്യവർധിത ഉൽപ്പന്ന നിർമാണം, സേവന മേഖല, നിർമാണമേഖല) എന്നിവയിലൂടെ കുറഞ്ഞത് 10 പേർക്കെങ്കിലും തൊഴിലും വരുമാനവും ലഭ്യമാക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിനോ നിലവിലുള്ള സംരംഭങ്ങൾ മേൽപ്രകാരം വികസിപ്പിക്കുന്നതിനോ ആണ് സഹായം ലഭ്യമാക്കുന്നത്.



# നോർക്ക വനിതാമിത്ര വായ്പകൾ



നോർക്ക റൂട്ട്സും വനിതാവികസന കോർപ്പറേഷനും ചേർന്ന് വനിതാസംരംഭകർക്കായി ആവിഷ്ക്കരിച്ചിരിക്കുന്ന വായ്പാ പദ്ധതി. വിദേശത്ത് രണ്ടുവർഷമെങ്കിലും ജോലി നോക്കുകയോ താമസിക്കുകയോ ചെയ്തശേഷം സ്ഥിരമായി മടങ്ങിയെത്തിയ വനിതകൾക്ക് 30 ലക്ഷം രൂപ വരെയുള്ള വായ്പകളാണ് പദ്ധതിയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. 2022-23 വർഷം 1000 വായ്പകൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വനിതാവികസന കോർപ്പറേഷന്റെ ആറ് ശതമാനം പലിശ നിരക്കിലുള്ള വായ്പക്ക് ആദ്യ നാല് വർഷം നോർക്ക റൂട്ട്സിന്റെ മൂന്നു ശതമാനം സബ്സിഡി അടക്കം മൂന്ന് ശതമാനം പലിശ നിരക്കിൽ വനിതാസംരംഭകർക്ക് വായ്പ ലഭിക്കുമെന്നതാണ് പദ്ധതിയുടെ സവിശേഷത. 15 ശതമാനം മൂലധന സബ്സിഡിയും ലഭിക്കും.

വനിതാവികസന കോർപ്പറേഷന്റെ www.kswdc.org എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാവുന്നതാണ്.

നോർക്ക റൂട്ട്സിന്റെ എൻ.ഡി.പി.ആർ.ഇ.എം പദ്ധതിയുടെ ഭാഗമായാണ് നോർക്ക വനിതാ മിത്ര വായ്പകൾ ആവിഷ്കരിച്ചിരിക്കുന്നത്.



# മലയാളിയുടെ കൊൽക്കത്ത

**കൊൽക്കത്തയിലെ പ്രവാസികളുടെ കുടിയേറ്റത്തിന് ഏകദേശം ഒന്നര നൂറ്റാണ്ടോളം പഴക്കമുണ്ട്. എന്തുതന്നെയായാലും ബംഗാളികളും മലയാളികളും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളിലൂടെയാണ് ആ ബന്ധം മുന്നോട്ടുപോയിട്ടുള്ളത്**



**സുസ്മേഷ് ചന്ത്രോത്ത്**
കഥാകൃത്ത്, നോവലിസ്റ്റ്

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനു എത്രയോ മുമ്പേ തന്നെ മലയാളികൾ ബംഗാളിലേക്ക് കുടിയേറിത്തുടങ്ങിയിരുന്നു. മുഗൾ തലസ്ഥാനമായിരുന്ന മൂർഷിദാബാദിൽ നിന്നും ആദ്യത്തെ ഗവർണർ ജനറലായ വാറൻ ഹേസ്റ്റിംഗ്സ് 1772 ൽ കൊൽക്കത്തയിലേക്ക് സുപ്രധാന ഓഫീസുകൾ മാറ്റിയതോടെ ബ്രിട്ടീഷ് ഇന്ത്യയുടെ സിരാകേന്ദ്രവും തലസ്ഥാനവും കൊൽക്കത്തയായി മാറി. 1911 വരെ തൽസ്ഥിതി തുടർന്നു. അങ്ങനെയുണ്ടായ തൊഴിലവസരങ്ങളാണ് ദക്ഷിണേന്ത്യക്കാരെ കൊൽക്കത്ത എന്ന സന്തോഷത്തിന്റെ നാട്ടിലെത്തിച്ചത്.

ആദ്യകാലത്ത് കേരളത്തിൽ നിന്നും അന്നത്തെ മദിരാശിയിലെത്തി പകൽ മുഴുവൻ കാത്തുകിടന്ന് വണ്ടി മാറിക്കയറിയാണ് പലരും കൊൽക്കത്ത പിടിച്ചത്. ഹൗറ സ്റ്റേഷനിൽ കരിവണ്ടിയുടെ പുകയേറ്റ് കറുത്ത ദേഹവുമായി വന്നിറങ്ങിയ മലയാളികളിൽ പലരും അവിടെ പിടിച്ചുനിന്നു. ചിലർ ജോലിയും ആഹാരവും ശരിയാകാതെ മടങ്ങി. പിടിച്ചുനിന്നവരുടെ പിൻമുറക്കാരോ ബന്ധുക്കളോ പിന്നാലെയെത്തി. ‘മദ്രാസി’ എന്ന പേരിൽ അങ്ങനെയെല്ലാം പടർന്നു കയറിയ മലയാളി സമൂഹമാണ് പിന്നീട് കൊൽക്കത്തയിൽ വേരുകളുണ്ടാക്കിയത്.

കഴിഞ്ഞകാലം മാത്രമുള്ള നാടാണ് കൊൽക്കത്ത എന്നു പറഞ്ഞാൽ അത് തദ്ദേശീയർക്കു മാത്രമല്ല പ്രവാസികൾക്കും ബാധകമാകുമെന്നു തോന്നുന്നു. 2014 ൽ ഞാനവിടെ ചെല്ലുമ്പോഴേക്കും മലയാളികളും ബംഗാളികളും ഒന്നൊന്നായി ബംഗാൾ വിട്ട് മറ്റ് പ്രദേശങ്ങളിലേക്ക് മാറിത്തുടങ്ങിയിരുന്നു. ഒരുകാലത്ത് അങ്ങോട്ടൊഴുകിയ മലയാളികൾ കേരളത്തിലേക്ക് അക്കാലത്ത് മടങ്ങിവന്നില്ല. പക്ഷേ ഇരുപത്തിയഞ്ച് ലക്ഷത്തോളം ബംഗാളികൾ പലപ്പോഴായി തൊഴിൽ തേടി കേരളത്തിലെത്തി. അതേസമയം കൊൽക്കത്തയിലെ പ്രവാസി മലയാളികളുടെ മക്കൾ പഠനത്തിനായും തൊഴിലിനായും കൊൽക്കത്ത ഉപേക്ഷിച്ചു വിദേശങ്ങളിലേക്കും പോയി. പിന്നീട് കോവിഡ് വ്യാപിച്ചതോടെ

അവശേഷിച്ച മലയാളികളിൽ പലരും നാടുപറ്റി. ഈ സംഖ്യകളെല്ലാം ഇനിയും ഉയരും.

## ലേക്ക് മാർക്കറ്റിലെ മലയാളിക്കടകൾ

സൗത്ത് കൊൽക്കത്തയിലെ ലേക്ക് മാർക്കറ്റും പരിസരവുമായിരുന്നു ആദ്യകാലം മുതൽ കൊൽക്കത്താ നഗരത്തിലെത്തുന്ന മലയാളികളുടെ താവളം. ലേക്ക് മാർക്കറ്റിൽ കേരളത്തിലെ പലചരക്കുസാധനങ്ങളും മലയാളം മാസികകളും കിട്ടുന്ന കടകളുണ്ടായി. അവ 'മലയാളിക്കട' എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടു. ബരാഖ്പൂരിലും ഖരക്പൂരിലും ഒരുകാലത്ത് നിറയെ മലയാളി സാന്നിധ്യമുണ്ടായിരുന്നെങ്കിൽ ഇന്നതല്ല അവസ്ഥ. ഏതാനും വിദ്യാർഥികളിലേക്ക് മാത്രമായി അവിടത്തെ മലയാളിബന്ധം ഒതുങ്ങി. വ്യവസായങ്ങൾ നിലച്ചുപോയതും ആരോഗ്യ-വിദ്യാഭ്യാസമേഖല തകർന്നതും ഐ. ടി മേഖല വളരാത്തതും കുടിയേറ്റത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്.

സഹസ്രാബ്ദം പിറന്നതിനുശേഷം വാർത്താവിനിമയ മാർഗ്ഗങ്ങളിൽ വന്ന മാറ്റങ്ങളും സ്വകാര്യ ടെലിവിഷൻ ചാനലുകളുടെ കടന്നുവരവും കൊൽക്കത്തയിലെ പ്രവാസികളെ നാടുമായി ചേർത്തുവയ്ക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. അതിനുമുമ്പുള്ള കൊൽക്കത്ത എന്നത് ഇന്ത്യയിലെ ഇതര നഗരങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ യാത്രാസൗകര്യം കുറവുള്ള ഒരിടമായിരുന്നു. ബ്രിട്ടീഷുകാർ രാജ്യതലസ്ഥാനം ഡൽഹിക്കു മാറ്റിയതോടെയും ബ്രിട്ടീഷ് കമ്പനികളും മറ്റ്



വിദേശകമ്പനികളും സ്വാതന്ത്ര്യലബ്ധിക്കുശേഷം ഒന്നൊന്നായി കൊൽക്കത്ത വിട്ടു പോയതോടെയും പിന്നീട് ഗൃഹാതുരസ്മൃതികൾ മാത്രം അവശേഷിക്കുന്ന ഒരിടമായി കൊൽക്കത്ത മാറുകയാണുണ്ടായത്. അവിടത്തെ മലയാളികൾ തികച്ചും ഒറ്റപ്പെട്ടു. ഡൽഹിയിൽ നിന്നും മുംബൈയിൽ നിന്നും ചെന്നൈയിൽ നിന്നും കേരളത്തിലേക്ക് നേരിട്ട് തീവണ്ടികളും വിമാനങ്ങളും പണ്ടുതൊട്ടേയുണ്ടായിരുന്നപ്പോൾ സമീപകാലം വരെ കൊൽക്കത്തയിൽ നിന്നും നേരിട്ട് വാഹനങ്ങളുണ്ടായിരുന്നില്ല. ആഴ്ചയിൽ രണ്ടോ മൂന്നോ സർവ്വീസ് നടത്തുന്ന തീവണ്ടികളെ ആശ്രയിച്ചാണ് പതിറ്റാണ്ടുകളോളം മലയാളി കൊൽക്കത്തയിൽ ജീവിച്ചത്. അത്തരം ഒറ്റപ്പെടലിനെയും അരക്ഷിതാവസ്ഥയെയും അതിജീവിച്ചവരാണ് കൊൽക്കത്തയിലെ മലയാളികൾ എന്നത് എടുത്തുപറയേണ്ടതാണ്.

## ഇല്ല ഒരു കേരള സ്കൂൾ

എവിടെച്ചെന്നാലും അവിടെ താവളം പണിയുന്നതിൽ കേമത്തമുള്ള മലയാളികൾക്ക് കൊൽക്കത്തയിൽ പലയിടത്തും പിഴച്ചുപോയിട്ടുണ്ട്. മുപ്പതോളം സജീവ സംഘടനകൾ ഒരുകാലത്തുണ്ടായിരുന്ന കൊൽക്കത്തയിൽ ഒരു കേരള സ്കൂൾ സ്ഥാപിക്കാൻ മലയാളിക്കായില്ല. ഒരുകാലത്തെ രാഷ്ട്രീയ



സാഹചര്യങ്ങളിൽ നിഷ്പ്രയാസം അതു സാധിക്കുമായിരുന്നെങ്കിലും ആരുമതിന് മുതിർന്നില്ല. ആന്ധ്രാ അസോസിയേഷൻ പണിത സ്കൂൾ ഇന്നും കൊൽക്കത്തയിലെ തിരക്കുപിടിച്ച വിദ്യാലയങ്ങളിലൊന്നായി നിലകൊള്ളുന്നു. ഇന്ന് മലയാളികൾക്കൊപ്പം തമിഴ്, ആന്ധ്ര സമൂഹങ്ങളുടെ എണ്ണത്തിലും ഗണ്യമായ കുറവ് വന്നിട്ടുണ്ട്. കർണാടകക്കാർ നാമ മാത്രമായി ഒതുങ്ങി.

പ്രശസ്ത മലയാളം - ബംഗാളി വിവർത്തകൻ സുനിൽ ഞാളിയത്തിന്റെ പിതാവ് അന്തരിച്ച ടി. പി ഞാളിയത്ത് 1968 മുതൽ 1986 വരെ പതിനെട്ട് വർഷം മലയാളം - ഇംഗ്ലീഷ് പ്രിന്റിംഗ് പ്രസ് നടത്തിയിരുന്നു. അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന മാസികയായിരുന്നു 'കേരളരശ്മി'. റാഞ്ചിയും റൂർക്കലയും ഭിലായും ഉൾപ്പെടെയുള്ള ഇന്ത്യൻ വ്യവസായ നഗരങ്ങളിലെ മലയാളികളിലേക്ക് എത്തിച്ചേർന്നിരുന്ന പ്രസിദ്ധീകരണമായിരുന്നു അക്കാലത്ത് കേരളരശ്മി.

## എ കെ ജി യുടെ മലയാളി കൂട്ടായ്മ

കൊൽക്കത്തയിൽ എ. കെ. ജി രൂപീകരിച്ച മലയാളി കൂട്ടായ്മയിൽ നിന്നാണ് 1951 ൽ കൽക്കട്ട മലയാളി സമാജം പിറന്നത്. 2022 മാർച്ച് 20 ന് 68-ാം പിറന്നാൾ ആഘോഷിച്ച കൽക്കട്ട മലയാളി സമാജത്തിനു മുന്നേ അവിടെ പിറന്ന സംഘടനയാണ് കേരളീയ മഹിളാ സമാജ്. നൂറാം പിറന്നാൾ കൊണ്ടാടിയ കേരളീയ മഹിളാ സമാജ് 1941 ലാണ് രൂപീകരിക്കുന്നത്. 1978 ൽ രൂപീകരിച്ച കൽക്കട്ട മലയാളി അസോസിയേഷനും സെൻട്രൽ കൊൽക്കത്തയിലുണ്ടായിരുന്ന മുസ്ലീം അസോസിയേഷനും കേരള കൾച്ചറൽ ഫോറവും ക്രിസ്ത്യൻ സംഘടനകളും ഒക്കെ ഒരുകാലത്ത് കൊൽക്കത്തയിൽ എത്രത്തോളം മലയാളികളുണ്ടായിരുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ്. ലേക്ക് മാർക്കറ്റും ലേക്ക് ഗാർഡൻസും പിന്നിട്ട് ബെഹാലയിലേക്കും എസ്. എം നഗറിലേക്കും ബ്രഹ്മപൂരിലേക്കും മലയാളികൾ കൂട്ടമായി ചേക്കേറി. സാമ്പാ - മിർസാ നഗറിൽ (എസ്. എം നഗർ) വെസ്റ്റ് ബംഗാൾ സർക്കാർ നിർമ്മിച്ചു നൽകിയ ഗവ. ഹൗസിംഗ് എസ്റ്റേറ്റിലേക്ക് അക്കാലത്ത് ഒരുപാട് മലയാളികൾ കൂടുമാറി.

> **പഴയ ഗരിമകളും ഓർമ്മകളും പ്രൗഢിയും പേറി നിൽക്കുന്ന ഈ പ്രേതനഗരത്തിൽ അവശേഷിക്കുന്ന പ്രവാസികളിലേക്ക് പുതുതായി എത്തുന്നവർ ഐ. ടി മേഖലയിലോ ആതുരസേവന രംഗത്തോ ബാങ്കിങ് മേഖലയിലോ പണിയെടുക്കാൻ വരുന്നവരാണ്**

## വംഗനാട്ടിൽ തിളങ്ങിയ മലയാളികൾ

കലാ സാഹിത്യ പ്രവർത്തനങ്ങൾക്ക് വളക്കൂറുള്ള വംഗനാട്ടിൽ ചെന്നുപറ്റിയ മലയാളികളും ഒരുകാലത്തും വെറുതെയിരുന്നിട്ടില്ല. നാടക-നൃത്ത- സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ മലയാളികളും തിളങ്ങി. മഹാകവി വള്ളത്തോൾ ജീവിച്ചിരുന്ന കാലത്ത് കേരള കലാമണ്ഡലത്തിലേക്ക് വിദ്യാർഥികളെ നേരിട്ടാണ് തിരഞ്ഞെടുത്തിരുന്നത്. അങ്ങനെ നേരിട്ട് വിദ്യാർഥിയായ മലപ്പുറം ജില്ലക്കാരൻ കലാമണ്ഡലം ശങ്കരനാരായണനും അദ്ദേഹത്തിന്റെ സഹോദരി കലാമണ്ഡലം തങ്കമണിക്കുട്ടിയും ഭർത്താവ് ഗുരു ഗോവിന്ദൻകുട്ടിയുമെല്ലാം ബംഗാളിന്റെ കലാഭൂമിയെ സമ്പുഷ്ടമാക്കി. മലയാളികൾ മാത്രമല്ല ബംഗാളികളും ഒഡിഷക്കാരും കിഴക്കേയിന്ത്യാക്കാരും ദക്ഷിണേന്ത്യൻ നൃത്തരൂപങ്ങളുടെ പഠിതാക്കളായി. കഥകളി അധ്യാപകനായി ശങ്കരനാരായണൻ മാഷ് ശാന്തിനികേതനെ പൂർണമായും വരിച്ചപ്പോൾ ഗുരു തങ്കമണിക്കുട്ടി ടീച്ചറും ഗുരു ഗോവിന്ദൻകുട്ടിയും കൊൽക്കത്തയിൽ ഉറച്ചുനിന്ന് തലമുറകളെ വാർത്തെടുത്തു. 1968 ൽ ഇരുവരും ചേർന്ന് കലാമണ്ഡലം കൽക്കട്ട സ്ഥാപിച്ചു. പിന്നീട് കൊൽക്കത്ത മുനിസിപ്പൽ കോർപ്പറേഷൻ 'ഗുരു ഗോവിന്ദൻകുട്ടി ഉദ്യാൻ' എന്ന പേരിൽ കളിസ്ഥലം സ്ഥാപിച്ചത് മറുനാട്ടിൽ മലയാളിക്ക് കിട്ടിയ അംഗീകാരത്തിന് മികച്ച ഉദാഹരണമാണ്.

കൊൽക്കത്തയിലെ സജീവ കലാ, സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ചൂടറിയാൻ ഒരുദാഹരണം എഴുതാം. 80-കളുടെ മധ്യം തൊട്ട് തൊണ്ണൂറുകളുടെ പാതി വരെ ബെഹാലയിലുള്ള സി. പി. ഐ. എം പാർട്ടി ഓഫീസ് അന്നത്തെ സജീവ സാംസ്കാരിക കൂട്ടായ്മകളുടെ കേന്ദ്രം കൂടിയായിരുന്നു.

മലയാളി സമാജം ലൈബ്രറിയിൽ നിന്നും നൂറോളം പുസ്തകങ്ങൾ എടുത്ത് ബാലിഗഞ്ചിൽ നിന്നും ട്രാം കയറി അന്നത്തെ മലയാളി സമാജം പ്രവർത്തകർ ബെഹാലയിലെ പാർട്ടി ഓഫീസിലെത്തും. ശനിയും ഞായറും ഈ വിധം പകൽ മുഴുവൻ പാർട്ടി ഓഫീസിലിരുന്ന് ആവശ്യക്കാർക്ക് പുസ്തകം വിതരണം ചെയ്യും. അതിനൊരു രജിസ്റ്ററുമുണ്ടാകും. വായന കഴിഞ്ഞ പുസ്തകങ്ങൾ ശേഖരിക്കുകയും പുതിയ പുസ്തകങ്ങൾ വായനയ്ക്ക് നൽകുകയും ചെയ്തു മടങ്ങിപ്പോകും. ഇത് ഇന്നത്തെ കൊൽക്കത്തയിലെ പ്രമുഖ വിദ്യാലയമായ ഗാർഡൻ ഹൈസ്കൂളിന്റെ നടത്തിപ്പുകാരനും കൊൽക്കത്ത കൈരളി സമാജത്തിന്റെ സ്ഥാപകനും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നാല് പതിറ്റാണ്ടോളമായി ചുക്കാൻ പിടിക്കുകയും ചെയ്യുന്ന ടി. കെ ഗോപാലന്റെ ഓർമ്മയാണ്. അതുമാത്രമല്ല 80-കളുടെ മധ്യത്തിൽ 'ഉഷസ്സ്' എന്ന പേരിൽ മലയാളി സമാജം കൈയെഴുത്തുമാസിക നടത്തിയിരുന്നതും പിന്നീട് അച്ചടി രൂപത്തിലേക്ക് അത് വളർന്നതും അദ്ദേഹം ഓർത്തെടുക്കുന്നുണ്ട്.

നാടകപ്രവർത്തകൻ ഏവൂർ കൃഷ്ണൻനായർ, രാഷ്ട്രീയപ്രവർത്തകനായിരുന്ന കെ. കേശവൻ, പ്രഫ. എൻ. എം ജോൺ, കൊൽക്കത്ത നാഷണൽ ലൈബ്രറിയുടെ അമരത്തിരിക്കുന്ന കെ. കെ കൊച്ചുകോശി, ചിത്രകലയിലെ നാരായണൻ നമ്പൂതിരി, ചരിത്രകാരൻ പി. തങ്കപ്പൻ നായർ, മാധ്യമപ്രവർത്തകൻ എൻ. ഗോപി, ഫിലിംസ് ഡിവിഷന്റെ തലപ്പത്തിരുന്ന ജോഷി ജോസഫ്, ആനന്ദബസാർ പത്രികയിൽ പ്രവർത്തിച്ചിരുന്ന പത്രപ്രവർത്തകനും എഴുത്തുകാരനുമായിരുന്ന ജി. വിക്രമൻ നായർ, ദി ടെലഗ്രാഫിന്റെ ഇപ്പോഴത്തെ പത്രാധിപർ ആർ. രാജഗോപാൽ, ഐ. പി. എസ്



ഉദ്യോഗസ്ഥരായിരുന്ന വി. വി തമ്പി, ഹരിസേനവർമ്മ, ഐ. എ. എസ് ഓഫീസർമാരായ ആർ. പ്രസന്നൻ, പി. ബി സലീം, ബിജിൻ കൃഷ്ണ.. എന്നിങ്ങനെ പെട്ടെന്നോർമ്മ യിൽ വരുന്ന പ്രമുഖ മലയാളി സാന്നിധ്യങ്ങൾ വംഗനാട്ടിൽ പ്രവാസിയുടെ കാൽപ്പാടുകൾക്ക് ഉറപ്പുപകർന്നിട്ടുള്ളവരാണ്.

## കൊഴിഞ്ഞുപോകുന്നവർ മടങ്ങിയെത്താത്തവർ

90-കൾ വരെ ലക്ഷത്തിനടുത്ത് മലയാളികളുണ്ടായി രുന്ന ഈ വൻനഗരം ഇപ്പോൾ സാക്ഷ്യം വഹിക്കുന്നത് കൊഴിഞ്ഞുപോക്കിനാണ്. ഇന്ന് നഗരത്തിലെ ആകെയുള്ള ദക്ഷിണേന്ത്യക്കാരുടെ മുഴുവൻ കണക്കെടുത്താലും ഒരു ലക്ഷം തികയില്ലെന്ന് പറയപ്പെടുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ചതാണ് ഇപ്പോഴത്തെ മടങ്ങിപ്പോക്ക്. ജോലിയിൽ നിന്നും വിരമിച്ച് വിശ്രമജീവിതം നയിച്ചുകൊണ്ടിരുന്നവരും ശിഷ്ടകാലം കൊൽക്കത്തയിൽത്തന്നെ മതി എന്ന് കരുതിയവരും കോവിഡിന്റെ ദുരിതത്തിൽ കേരളത്തി ലേക്ക് മടങ്ങി. അവരിൽപ്പലരും ഇനി തിരികെ വരികയില്ല.

പഴയ ഗരിമകളും ഓർമ്മകളും പ്രൗഢിയും പേറി നിൽക്കുന്ന ഈ പ്രേതനഗരത്തിൽ അവശേഷിക്കുന്ന പ്രവാസികളിലേക്ക് പുതുതായി എത്തുന്നവർ ഐ. ടി മേഖലയിലോ ആതുരസേവന രംഗത്തോ ബാങ്കിങ് മേഖലയിലോ പണിയെടുക്കാൻ വരുന്നവരാണ്. പണ്ടു കുടിയേറി വന്നവരുടെ ഒറ്റപ്പെടലോ സാമ്പത്തിക - മാനസിക ക്ലേശങ്ങളോ ഇവർക്കില്ലാത്തതിനാൽ ഇവരാരും പൊതുകൂട്ടായ്മകളിലേക്ക് വരുന്നുമില്ല. തന്നെയുമല്ല അവരുടെ അഭിരുചികളും പഴയ തലമുറയുടെ അഭിരുചി കളും തമ്മിൽ ചേരുകയുമില്ല. ചുരുക്കത്തിൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി അങ്ങനെ വരുന്ന തൊഴിലാളികൾ വരുന്നതും പോകുന്നതും ആരും അറിയുന്നതുപോലുമില്ല.


മുകുന്ദപൂരാണ് ഇത്തരത്തിൽ ശ്രദ്ധ നേടുന്ന ഒരിടം. 2005 വരെ മുപ്പതോളം മലയാളി നഴ്സുമാരുണ്ടായിരുന്ന സ്വകാര്യ ആരോഗ്യമേഖലയിലേക്ക് 2012 ആകുന്നതോടെ മൂവായിരത്തോളം നഴ്സുമാരെത്തി എന്നാണ് പത്രവാർത്തകൾ പറയുന്നത്. 'മിനി കേരള' എന്ന പേരിലേക്ക് മുകുന്ദപൂരിനെ എത്തിച്ചതും ആൺ - പെൺ മലയാളി നഴ്സുമാരുടെ കടന്നുവരവാണ്. ഇന്ന് മുകുന്ദപൂരിൽ ചില കച്ചവടസ്ഥാപനങ്ങൾ നടത്തുന്നതു പോലും മലയാളികളാണ്.

മുകുന്ദപൂർ കൂടാതെ സിലിഗുരി, അസനോൾ, ദുർഗാപൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലായി പതിനയ്യായിരത്തോളം മലയാളി നഴ്സുമാരുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ പാതിയിലേറെയും പുരുഷ നഴ്സുമാരാണെന്നതും ശ്രദ്ധേയം. പക്ഷേ മുഖ്യധാരാ മലയാളി സമൂഹത്തിലേക്ക് ഇവർക്ക് കടന്നെത്താനാവു ന്നില്ല. അടുക്കാനും അടുപ്പിക്കാനും ലേശം വൈമനസ്യം കാണിക്കുന്ന ബംഗാളി അടുത്തു കഴിഞ്ഞാൽ അകന്നുപോകില്ലാത്തവരാണ്. കൊൽക്കത്തയിൽ മലയാളി കെട്ടിപ്പൊക്കിയ ഏതൊരു സ്ഥാപനത്തിനോടും കൂട്ടായ്മ യോടും പ്രവർത്തനങ്ങളോടും കടപ്പെട്ടിരിക്കേണ്ടതും ബംഗാളികളോടാണ്.

ചുരുങ്ങിച്ചുരുങ്ങി പതിനായിരത്തിൽ താഴെ മാത്രം അംഗബലമുള്ള കൊൽക്കത്തയിലെ മലയാളിപ്രവാസികളി ലേക്ക് ഇനിയാരും കടന്നു ചെല്ലുകയില്ല. മുംബൈയി ലേക്കും പൂനെയിലേക്കും ഹൈദരാബാദിലേക്കും ദില്ലിയി ലേക്കും ചെന്നൈയിലേക്കും എല്ലാം ഇനിയും ഒഴുക്ക് തുടരും. പക്ഷേ കൊൽക്കത്തയിലേക്ക് സ്ഥിരവാസ ത്തിനോ സ്ഥിരജോലിക്കോ ഇനിയാരും ചെല്ലുകയില്ല എന്ന ദുഃഖസത്യത്തിൽ വരാനിരിക്കുന്ന വലിയൊരു ശൂന്യത നാം കാണുന്നുണ്ട്. അതിന്റെ നഷ്ടം ബംഗാളിനും ബംഗാളിക്കുമായിരിക്കുകയും ചെയ്യും. ■



# മഹാമാരിയിലെ പച്ചത്തുരുത്ത്



**ഡോ. ഗണേഷ് ബാല**
അധ്യാപകൻ (ഓസ്ട്രേലിയ)

**ച**രിത്രത്തിലുടനീളം മാനവരാശിക്ക് ഇതുപോലെയുള്ള 'ഓർക്കാപ്പുറത്തെ അടികൾ' കിട്ടി പോന്നിട്ടുണ്ട്. കോവിഡിന് മുൻപ്, ലോക സാമ്പത്തിക മാന്ദ്യം/ സ്പാനിഷ് ഫ്ളൂ, അതിനും മുൻപ് പ്ളേഗ് യൂറോപ്പിൽ പടർന്നു പിടിച്ച കാലം, ഈ മഹാമാരികളെയെല്ലാം, ദൈവങ്ങൾ, മനുഷ്യന്, അവന്റെ ദുഷ്ചെയ്തികൾക്കു ശിക്ഷകൾ കൊടുക്കുന്നതാണ് എന്ന് മതപണ്ഡിതന്മാർ വ്യാഖ്യാനിച്ചും പോന്നിട്ടുണ്ട്. കഴിഞ്ഞ ഏതാണ്ട് രണ്ടര കൊല്ലക്കാലം ആഫ്രിക്ക തൊട്ട് ഏഴാം കടലിനക്കരെ അങ്ങ് അമേരിക്ക വരെ വൈറസ് ബാധ യാൽ മനുഷ്യർ ദിനംപ്രതി മരിച്ചു വീഴുമ്പോഴും, ഇവിടെ ഓസ്ട്രേലിയ എന്ന ഭൂഖണ്ഡ ദ്വീപ്, ഒരു 'പച്ചത്തുരുത്ത്' പോലെ, കോവിഡിൽ നിന്നും 'കാത്തു' എന്ന് നിസ്സംശയം പറയാം! വളരെ കുറഞ്ഞ മരണനിരക്ക്, ദൈനംദിന കോവിഡ് കേസുകളിലെ കുറവ്, മാലാഖമാരെപ്പോലെ പ്രവർത്തിച്ച ആരോഗ്യ പ്രവർത്തകർ, ടെസ്റ്റിംഗ് സൗകര്യങ്ങൾ, ഫലപ്രദമായ വാക്സിൻ ലഭ്യത അങ്ങനെ സർക്കാരും, ആശുപത്രികളും അവർക്കു ചെയ്യേണ്ടത് നന്നായി ചെയ്തുവെങ്കിലും, യൂറോപ്പിലും, അമേരിക്കയിലും, ഇന്ത്യയിലും മനുഷ്യർ മരിച്ചുവീഴുന്ന വാർത്തകൾ ടെലിവിഷനിൽ കണ്ടു വേദനയോടെ നാട്ടിലെ ബന്ധുക്കളെകുറിച്ചു ഓർത്തു വിറളിപൂണ്ടു ദുഖിച്ചിരിക്കുമ്പോഴും, ഇവിടെ ഓസ്ട്രേലിയയിൽ എവിടെയോ ഒരു 'ദൈവത്തിന്റെ കൈ' പ്രവർത്തിക്കുന്നതായി തോന്നിക്കൊണ്ടേയിരുന്നു. ലോകം ഒരു തവിട്ട് തുരുത്തായി മാറിക്കൊണ്ടിരിക്കുമ്പോൾ ഞാൻ ഇപ്പോഴും ഒരു 'പച്ചത്തുരുത്തിൽ' തന്നെയാണല്ലോ എന്ന് അത്ഭുതത്തോടെയും, അല്പം ഭയത്തോടെയും ആശ്വസിച്ചവരാണ് ഓസ്ട്രേലിയൻ മലയാളികൾ!

കഴിഞ്ഞ രണ്ടോ മൂന്നോ ദശാബ്ദക്കാലം തകർന്നു കൊണ്ടിരിക്കുന്ന കുടുംബ ജീവിതത്തെക്കുറിച്ചു സാംസ്കാരിക ചർച്ചകളും, സിനിമകളും നിറഞ്ഞ ലോക മലയാളി സമൂഹത്തിന് കോവിഡ് സമ്മാനിച്ചത് "Work from Home" എന്ന 'ഉർവ്വശി ശാപം ഉപകാരമാണ്'. പെട്ടെന്ന് വീട് നിറച്ചു മനുഷ്യരെക്കൊണ്ട് നിറഞ്ഞു! ഇനി എന്ത് ചെയ്യും? എന്ന് ഒരു അങ്കലാപ്പ്! ഇരുപതു വർഷമായി ക്ലാസ്സുമുറിയിൽ വിദ്യാർത്ഥികളെ സാമ്പത്തികശാസ്ത്രം പഠിപ്പിച്ച ഞാൻ വീട്ടിലിരുന്നു ലാപ്ടോപ്പ് വഴി അവർക്കു ക്ലാസ് കൊടുത്തു തുടങ്ങി. സോഫ്റ്റ്‌വെയർ മാനേജർ ആയ സ്ത്രീകൾ അടുക്കളപ്പണിയും, ജോലിയും വീട്ടിൽ തന്നെയായി, കുട്ടികൾ സ്കൂൾ അവരുടെ വീട്ടിലേക്കു മാറ്റി പാർപ്പിച്ചു, അങ്ങനെ കുടുംബ സദസ്സുകൾ വളരെകാലത്തിന് ശേഷം സജീവമായി തുടങ്ങി. ഒന്നും നാശത്തിന് മാത്രമായി ഉണ്ടാകുന്നില്ല എന്നൊരു ആശ്വാസം ഉണ്ടായ കാലം! വീടിന്റെ ബാൽക്കണിയിൽ ബാല്യ-കൗമാര ദിനങ്ങളും, പാട്ടുകളും, ഓർമകളും ഓടി വന്നെത്തി തുടങ്ങി. എഴുത്തിലേക്കെത്തി. എന്റെ ആദ്യ നോവൽ 'ക്രിക്കറ്റ് ഹൗസ്' ഈ വർഷം പുറത്തിറക്കി. രണ്ടാമത്തേത് 'എഴുത്തുപുര' ഈ മാസം ഇറക്കുന്നു. കോവിഡ് അനുഭവങ്ങളുടെ വെളിച്ചത്തിൽ അമ്പതു മലയാളികളുടെ അനുഭവങ്ങളെ ആധാരമാക്കി ഒരു പുസ്തകം ഓസ്ട്രേലിയയിൽ ഒരു മലയാളി വനിത ഈ മാസം പുറത്തിറക്കിയതും പറയണം..




കോവിഡിന്റെ ആദ്യത്തെ ഒന്നര വർഷം മാസ്ക് പോലും സിഡ്നിയിൽ നിർബന്ധമല്ലായിരുന്നു! എന്നാൽ കഴിഞ്ഞ ഒരു വർഷമായാണ് ഇന്ത്യയിലെ സ്നേഹിതർ അനുഭവിക്കുന്ന ലോക്ഡൗൺ സമ്പ്രദായം ഇവിടെയും വന്നെത്തിയത്. കേസുകൾ കൂടി, ആശുപത്രികൾ രോഗികളെകൊണ്ടു നിറയാൻ തുടങ്ങി. എന്നാൽ ഇവിടെയും എന്തോ ഭാഗ്യം പോലെ മരണനിരക്ക് താരതമ്യേന കുറവായി തുടർന്നു. ഇതിന്റെയൊക്കെ അർത്ഥം ഓസ്ട്രേലിയൻ മലയാളികൾ കോവിഡ് കൊണ്ട് പ്രയാസപ്പെട്ടില്ല എന്നല്ല. ഈ രണ്ടര വർഷകാലം പലയിടങ്ങളിലായി മലയാളി കുടുംബങ്ങൾ കോവിഡ് കൊണ്ട് പലതരം ബുദ്ധിമുട്ടുകൾ അനുഭവിച്ചിട്ടുണ്ട്. പക്ഷേ ഇന്ത്യയിലെയോ, മറ്റിടങ്ങളിലെയോ പോലെയുള്ള വ്യാപകമായ വിഷമങ്ങൾ ഓസ്ട്രേലിയൻ മലയാളികൾക്ക് ഉണ്ടായിട്ടില്ല. ഇപ്പോൾ കോവിഡ് ഒരു ശീലമായി തീർന്നിട്ടുണ്ട്. മാനസികമായും, വാക്സിൻ കൊണ്ട് ശാരീരികമായും ഒരു പ്രതിരോധം ഉണ്ടായിത്തീർന്നിട്ടുണ്ട്. കോവിഡിന്റെ കൂടെ സഞ്ചരിക്കുവാൻ ഇന്ന് ഓസ്ട്രേലിയൻ ജനത പ്രാപ്തരാണ്.

'മരുഭൂമിക്കും പൂക്കാം' എന്ന ബഷീർ വിമർശനത്തെ ഓർമപ്പെടുത്തി കോവിഡ് കാലത്തെ ദുരിതങ്ങളുടേയും, വേദനകളുടേയും നീണ്ട കഥകൾ ലോകം മുഴുവൻ നോവലുകളായും, സിനിമകളായും, അനുഭവകഥകളായും ഇപ്പോൾ പുറത്തുവന്നു കൊണ്ടിരിക്കുകയാണല്ലോ. സമാനമായ അനുഭവലോകങ്ങൾ, നാട്ടിൽ മരിച്ച അമ്മയെ കാണാൻ പോകാൻ കഴിയാത്ത വിദ്യാർഥികൾ, അസുഖം ബാധിച്ച മാതാപിതാക്കളെ ഓസ്ട്രേലിയയിലേക്കു കൊണ്ടുവരാൻ കഴിയാതെ വ്യസനിച്ച മക്കൾ, വർഷങ്ങളോളം സ്വന്തം നാട്ടിലുള്ള കാമുകനെ കാണാൻ കഴിയാത്ത കാമുകിമാർ, രാപകലില്ലാതെ രോഗികളെ ശുശ്രൂഷിച്ചു സ്വയം കോവിഡിന് കീഴടങ്ങിയ നേഴ്സുമാർ, വീട്ടിൽ തന്നെയിരുന്നു ജോലി ചെയ്തു മാനസിക രോഗത്തിന് അടിമപ്പെട്ട പ്രൊഫഷണലുകൾ എന്നിങ്ങനെ ആ പട്ടിക നീണ്ടു നീണ്ടു പോകുന്ന ഒന്നാണ്. ഒരിക്കലും ഒന്ന് വഴക്കിടാത്ത ദമ്പതികൾ, ജോലി നഷ്ടപ്പെട്ട് ഗാർഹിക പീഡനങ്ങൾക്കു നിർബന്ധിതരായ നിസ്സഹായാവസ്ഥ, നാലുപാടും ചിതറിയ കുടുംബ ബന്ധങ്ങൾ എന്നീ ദുരന്ത രൂപമായ ഒരു മറുപുറവും കൂടി ഈ അസുഖത്തിനുണ്ടായി. മറുവശത്തു വീട്ടിൽ അകന്നു കഴിഞ്ഞിരുന്നവരെ രോഗഭീതി ഒന്നിപ്പിച്ച അനുഭവങ്ങളും ഉണ്ടായി എന്നത് ആശ്വാസം. ഞാൻ കോവിഡിനെ സമീപിച്ചത് 'ജീവിക്കുന്ന പരിമിതിയിൽ, കിട്ടിയ ജീവിതത്തെ എങ്ങനെ കലയാക്കി/ ബൗദ്ധികമാക്കി മാറ്റാം' എന്ന സ്വാഭാവിക പ്രക്രിയയുടെ ഭാഗമായി തീരുക എന്നതായിരുന്നു. ഇത് കോവിഡിനെ നേരിടാൻ നൽകിയ ആത്മവിശ്വാസവും, ധൈര്യവും വിശദീകരിക്കാവുന്നതിനു അപ്പുറമാണ്.

ഈ ദുരന്തത്തിനു ശേഷവും, ഈ ദുസ്വപ്നങ്ങളുടെ രാത്രിക്ക് ശേഷവും, ഈ മരവിച്ച നിശ്ശബ്ദതക്കു ശേഷവും ഒരു സംഗീതം ഉണ്ടാകും എന്ന് പ്രത്യാശിക്കാം.




**സി. എസ്. അഖിൽ**
കോ-ഓർഡിനേറ്റർ,
ലോക കേരള സഭ


# തിരികെയെത്തുന്ന മലയാളികൾ പ്രതിസന്ധികളും സാധ്യതകളും

പ്രവാസികളുടെ പ്രശ്നങ്ങളും പ്രവാസലോകത്തുണ്ടാകുന്ന മാറ്റങ്ങളും കേരളത്തിന്റെ സാമൂഹികഭൂമികയിൽ ആഴത്തോളം ഇഴചേർന്നിരിക്കുന്നതിനാൽ പ്രവാസികളുടെ വലിയ തോതിലുള്ള മടങ്ങി വരവ് പലപ്പോഴും വാർത്താപ്രാധാന്യത്തോടെ ചർച്ച ചെയ്യാറുണ്ട്. 1990-കളിലെ കുവൈത്ത് യുദ്ധകാലം മുതൽ 2008ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ സമയത്തും 2011 മുതൽ ഗൾഫ് രാജ്യങ്ങൾ നടപ്പിലാക്കുവാൻ തുടങ്ങിയ സ്വദേശിവൽക്കരണ നയങ്ങളുടെ ആരംഭകാലത്തും കേരളത്തിലേക്ക് പ്രവാസി മലയാളികളുടെ വലിയ തോതിലുള്ള തിരിച്ചുവരവ് ഉണ്ടായിട്ടുണ്ട്. 2018ലെ കേരളാ മൈഗ്രേഷൻ സർവ്വേ പ്രകാരം ഏതാണ്ട് 13 ലക്ഷം പ്രവാസികൾ തിരികെയെത്തിയിട്ടുണ്ട്. തിരിച്ചുവരുന്നവരുടെ എണ്ണം വർഷംതോറും വർധിക്കുന്നുമുണ്ട്.

## പ്രതിസന്ധി മൂർച്ഛിപ്പിച്ച കോവിഡ്

കോവിഡ് മഹാമാരി മൂലമുണ്ടായ ആഗോള പ്രതിസന്ധി പ്രവാസികളുടെ മടങ്ങിവരവിനെ

ത്വരിതപ്പെടുത്തുന്ന ഒന്നാണെന്ന് നിസംശയം പറയാം. മുൻ പ്രതിസന്ധികളിൽ നിന്ന് വ്യത്യസ്തമായി മലയാളി പ്രവാസികൾ കൂടുതലായി കുടിയേറുന്ന ഗൾഫ് രാജ്യങ്ങളെ കോവിഡ് കാര്യമായി ബാധിച്ചു. കോവിഡ് മൂലം കേരളത്തിലേക്ക് വളരെ കുറഞ്ഞ സമയം കൊണ്ട് വളരെയധികം പ്രവാസികൾ, പ്രധാനമായും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തി എന്നതും കാണാം.

## തിരികെയെത്തുന്ന പ്രവാസികൾ

വലിയ തോതിലുള്ള പ്രവാസികളുടെ തിരിച്ചുവരവ് ഒരു വെല്ലുവിളി തന്നെയാണ്.

തിരിച്ചെത്താൻ ആഗ്രഹിക്കുന്ന പ്രവാസികളുടെ രജിസ്ട്രേഷനായി നോർക്ക തുടങ്ങിയ പോർട്ടൽ ലഭ്യമാക്കുന്ന കണക്കുകൾ അനുസരിച്ച് 2020 മേയ് ഏഴ് മുതൽ 713756 പ്രവാസികൾ കേന്ദ്ര സർക്കാരിന്റെ വന്ദേ ഭാരത് മിഷൻ വഴിയും ചാർട്ടേഡ് വിമാനങ്ങൾ വഴിയും കേരളത്തിൽ തിരിച്ചെത്തിയിട്ടുണ്ട്. കോവിഡ് കാലത്ത് തിരിച്ചെത്തിയവരിൽ 452258 (63.3%) പേർ തിരികെ വരാനുള്ള കാരണം തൊഴിൽ നഷ്ടം എന്നതാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രധാന ആതിഥേയ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികളുടെ വരവിൽ കാര്യമായ കുറവുണ്ടായിട്ടുണ്ടെങ്കിലും മലയാളികളുടെ പ്രധാന ആശ്രയമായ യുഎഇ, സൗദിഅറേബ്യ എന്നീ രണ്ടു രാജ്യങ്ങളിൽ നിന്ന് മാത്രം ഏകദേശം അഞ്ചുലക്ഷം പ്രവാസികളാണ് തിരികെയെത്തിയത്. (2020 ഡിസംബർ 11 വരെയുള്ള കണക്കുകൾ)

നിലവിൽ തിരിച്ചെത്തിയവരിൽ പകുതി പേരും 48 വയസ്സിൽ താഴെയുള്ളവരും ബാക്കി പകുതി 48 വയസ്സിനു മുകളിൽ ഉള്ളവരുമാണ് എന്നതാണ്. ഇതിൽ 20 ശതമാനം മാത്രമാണ് 60 വയസ്സിനു മുകളിൽ പ്രായമുള്ളവർ

കേരള മൈഗ്രേഷൻ സർവ്വേ ഡേറ്റ ഇഴകീറി പരിശോധിച്ചാൽ തിരികെയെത്തുന്ന പ്രവാസികളുടെ നിരവധി വിവരങ്ങൾ ലഭ്യമാകും. 2018ലെ സർവ്വേ കണക്കുകൾ പ്രകാരം 13 ലക്ഷം തിരിച്ചെത്തിയ പ്രവാസികൾ എന്നത് ആകെ കുടിയേറ്റക്കാരുടെ 61 ശതമാനമാണ്. മടങ്ങിയെത്തിയ പ്രവാസികളുടെ എണ്ണം ഇത്രയധികം ഉണ്ടായത് 1998ലാണ്. അന്ന് 54 ശതമാനമായിരുന്നു. നിലവിൽ, മടങ്ങിയെത്തിയ പ്രവാസികളിൽ 98 ശതമാനവും ഗൾഫ് രാജ്യങ്ങളിൽ നിന്നാണ്. സൗദി അറേബ്യയിൽ നിന്ന് 38, യു.എ.ഇ യിൽ നിന്നു 34 ശതമാനവുമാണ് തിരികെയെത്തുന്നത്. കൂടാതെ തിരികെയെത്തുന്ന പ്രവാസി തൊഴിലാളികളിൽ 94 ശതമാനവും പുരുഷന്മാരാണ്. ഒരു പക്ഷെ കേരളത്തിലെ പ്രവാസികളുടെ സംഖ്യയ്ക്ക് ആനുപാതികമായിരിക്കാം തിരിച്ചുവരുന്ന പ്രവാസികളിലുള്ള പുരുഷന്മാരുടെ വലിയ തോതിലുള്ള പ്രാതിനിധ്യം.

സർവ്വേ നൽകുന്ന മറ്റൊരു സുപ്രധാന കണക്ക് തിരികെയെത്തുന്നവരുടെ ശരാശരി പ്രായമാണ്. നിലവിൽ തിരിച്ചെത്തിയവരിൽ പകുതിപേരും 48 വയസ്സിൽ താഴെയുള്ളവരും ബാക്കി പകുതി 48 വയസ്സിനു മുകളിൽ ഉള്ളവരുമാണ് എന്നതാണ്. ഇതിൽ 20 ശതമാനം മാത്രമാണ് 60 വയസ്സിൽ മുകളിൽ പ്രായമുള്ളവർ. ഈ കണക്കുകൾ പ്രകാരം തിരിച്ചു വരുന്നവരിൽ കൂടുതലും തൊഴിൽ ചെയ്യാൻ സാധിക്കുന്ന പ്രായപരിധിക്കുള്ളിൽ ഉള്ളവരാണ്. തിരിച്ചെത്തിയവരിൽ 30 ശതമാനത്തോളം 40 വയസ്സിൽ താഴെയുള്ളവരാണ് എന്നത് പ്രവാസികളിൽ എത്രത്തോളം തൊഴിൽ ജീവിതം ബാക്കിയുണ്ട് എന്നതിന്റെ സൂചനയാണ്. ഏതാണ്ട് 29 ശതമാനം തൊഴിലാളികളും തൊഴിൽനഷ്ടമാണ് തിരിച്ചുവരവിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്.

ചർച്ച ചെയ്യപ്പെടേണ്ട മറ്റൊരു പ്രധാന വിഷയം ഇവരുടെ വിദേശത്തെ തൊഴിൽ മേഖലകളും തിരിച്ചുവന്നതിനു ശേഷം കണ്ടെത്തുന്ന വരുമാന മാർഗ്ഗങ്ങളുമാണ്. തിരിച്ചുവരുന്ന പ്രവാസികളിൽ ഏതാണ്ട് 35 ശതമാനത്തോളം തൊഴിലാളികൾ സെയിൽസ്മാൻ, നിർമ്മാണ മേഖല, ഡ്രൈവിംഗ് എന്നീ മേഖലകളിലാണ് തൊഴിലെടുത്തത്. ഏതാണ്ട് പകുതിയോളം പേർ ബിസിനസ്, കൃഷി, നിർമ്മാണ മേഖല, ഡ്രൈവിംഗ് എന്നിവയെയാണ് വരുമാനത്തിനായി ആശ്രയിച്ചത്. ഭൂരിഭാഗം പ്രവാസികളും വിദേശത്ത് മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നവരാണ്. ഇവയൊക്കെ സ്വയം തൊഴിൽ മേഖലകളാണ് താനും. നിർമ്മാണ മേഖല പോലെ വിദേശത്ത് വളരെയധികം യന്ത്രവൽക്കൃതമായ തൊഴിൽ മേഖലകളിൽ സിദ്ധിച്ച അറിവുകളും കഴിവുകളും കേരളത്തിലെ നിർമ്മാണ മേഖലയിൽ പലപ്പോഴും ആവശ്യമായി വരുന്നില്ല.

## നയരൂപീകരണവും പദ്ധതി ആസൂത്രണവും

നിലവിലെ സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങളിൽ ബുദ്ധിമുട്ടേറിയ നയരൂപീകരണമാണ് ഈ രംഗം ആവശ്യപ്പെടുന്നത്.

നോർക്ക വഴി നടപ്പിലാക്കി വരുന്ന പുനരധിവാസ പദ്ധതികളിൽ സർക്കാരിന്റെ തിരിച്ചു വരുന്നവരോടുള്ള അനുഭാവപൂർണമായ കാഴ്ച്ചപ്പാടും ഇച്ഛാശക്തിയും വ്യക്തമാണ്. ഡ്രീം കേരള പദ്ധതിയും കേരളത്തിലെ രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിൽ പ്രവാസികളോടുള്ള കരുതലിന്റെ പരിച്ഛേദമായി വേണം കണക്കാക്കുവാൻ. പുനരധിവാസ പദ്ധതികൾ രാജ്യത്തു നിലവിലുള്ളത് കേരളത്തിൽ മാത്രവുമാണ്. സർക്കാരിന്റെ താൽപര്യത്തോടൊപ്പം സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന സഹകരണ സ്ഥാപനങ്ങളുടെ ശൃംഖലയും കുടുംബശ്രീ പോലുള്ള സ്ഥാപനങ്ങളും നമുക്ക് മുന്നിൽ വലിയ സാധ്യതകൾ തുറന്നിടുന്നുണ്ട്.

കോവിഡാനന്തര പുനർനിർമ്മാണത്തിൽ തിരിച്ചെത്തിയ പ്രവാസികളുടെ കഴിവുകൾ ഉപയോഗിക്കാൻ അനുയോജ്യമായ രീതിയിൽ കൂടി പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയും. അതിനായി കേരളത്തിലെ പ്രവാസി സംഘടനകളുടെയും ലോക കേരള സഭയുടെയും സഹായം ഉപയോഗപ്പെടുത്താം. ■

# മറുനാട്ടിലെ മലയാളി മിശ്രചിത്രം



**എസ്. ഗോപാലകൃഷ്ണൻ**
എഴുത്തുകാരൻ, ദൽഹി



## ഒന്ന്

ദുബായിയിൽ ദയറായിൽ മൽസ്യക്കടയിൽ മീൻ വൃത്തിയാക്കുന്ന തോമസ്. വൈപ്പിൻകാരൻ. കൊച്ചി തുറമുഖത്തു പണിയെടുക്കുമ്പോൾ ഏതോ ചുമട് വീണ് നട്ടെല്ലിന് പരിക്കേറ്റു. നിന്നു ജോലിചെയ്യാൻ കഴിയില്ല. അതിനാൽ ഒരു വിസ സംഘടിപ്പിച്ചു പോന്നു. രാവിലെ ഒരു മലയാളി ഹോട്ടലിൽ രണ്ടു പൊറോട്ട ഒരു കറിപോലുമില്ലാതെ പച്ചവെള്ളത്തോടൊപ്പം കഴിക്കും. ഉച്ചക്കു ഭക്ഷണമില്ല. രാത്രിയിൽ മുറിയിൽ കഞ്ഞിയും പയറും ഉണ്ടാക്കും. ഭാര്യയും പഠിക്കുന്ന രണ്ടുകുട്ടികളും നാട്ടിൽ. ഒരു മാസം കിട്ടുന്ന വരുമാനം ദുബായിൽ അറുന്നൂറ് ദിർഹം, അതായത് ഇന്നത്തെ നിരക്കിൽ പന്തീരായിരം ഇന്ത്യൻ രൂപ. ഞാൻ തോമസിനെ ആദ്യം ശ്രദ്ധിച്ചത് ദുബായിയിൽ അപ്രതീക്ഷിതമായി മഴ പെയ്ത ഒരു രാവിലെ പച്ചവെള്ളത്തിൽ പൊറോട്ട മുക്കി കഴിക്കുമ്പോൾ അയാൾ 'Zindagi bhar nahi n bhoolegi woh barsaat ki raat' എന്ന മുഹമ്മദ് റാഫി ഗാനം പാടുന്നതു കേട്ടപ്പോഴാണ്. അയാളുമായി ഞാൻ അടുത്തു. ഒരു ദിവസം അയാൾ പറഞ്ഞു,'തിരിച്ചു പോകണം ഇരുന്നുചെയ്യാൻ പറ്റുന്ന ഒരു പണി കിട്ടിയാൽ മതി'.

## രണ്ട്

ഡൽഹിയിൽ ഞങ്ങൾ താമസിക്കുന്നതിനടുത്തുള്ള ക്ഷേത്രത്തിനടുത്ത് ഒരു കടയുണ്ട്. ആഴ്ചയിലൊരിക്കൽ മലയാള വാരികകൾ, കപ്പ, ഏത്തപ്പഴം, ഉണക്കമീൻ, ചേന തുടങ്ങിയവ വരും. തൊട്ടടുത്തുള്ള മുഹമ്മദ്പൂർ ചേരിയിലായിരുന്നു കട നടത്തുന്ന പ്രവാസി മലയാളിയുടെ താമസം. കഴിഞ്ഞ ദിവസം ഞാൻ ചോദിച്ചു : 'മുഹമ്മദ്പൂർ എന്ന പേര് മാധവപുരം എന്നാക്കാൻ പോകുന്നു എന്നു കേട്ടു. ശരിയാണോ'. ആരെയോ ഭയമുള്ളതുപോലെ സ്വരം താഴ്ത്തി കേശവൻ മറുപടി പറഞ്ഞു : 'സാറ് ഇവിടെ വന്ന് രണ്ടു കിലോ ഓണപ്പതിപ്പുസാഹിത്യം വാങ്ങിച്ചുകൊണ്ടുപോയാൽ ഈ കോരന് കുമ്പിളിൽ കഞ്ഞി കുടിയ്ക്കാം. എല്ലാവരും കൂടി നാട് കുട്ടിച്ചോറാക്കും'.



## മൂന്ന്

ചണ്ഡിഗഢിൽ വൻതോതിൽ തയ്യൽ മെഷീനുകൾ ഉണ്ടാക്കുന്ന ഫാക്ടറികൾ ഉണ്ട്. ഇന്ത്യയിലെ എല്ലാ പ്രമുഖ ബ്രാൻഡുകളും തയ്യൽ മെഷീനുകൾ ഉണ്ടാക്കുന്നത് അവിടെയാണ്. ഈ വ്യവസായത്തിലുള്ള ഒരു സുഹൃത്തിനോടൊത്ത് ഒരു ഫാക്ടറിയിൽ പോയപ്പോഴാണ് സലാമിനെ കണ്ടത്. മീശ കണ്ടപ്പോൾ എനിക്കു മനസ്സിലായി മലയാളിയാണെന്ന്. ഇരുപതുകൊല്ലങ്ങളായി കേരളം വിട്ടിട്ട്. തുച്ഛമായ വരുമാനം. രണ്ടുമുറിയുള്ള വീട്ടിൽ ഭാര്യയും ഒരു മകനുമായി താമസിക്കുന്നു. വൈകുന്നേരം ഞങ്ങളെ വിളിച്ചുകൊണ്ടുപോയി ചായയും ഉള്ളിപൊരിച്ചതും തന്നു. ദരിദ്രമെങ്കിലും മുറി വൃത്തിയായി വെച്ചിരുന്നു. അച്ഛൻ ഒരു കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിലായിരുന്നു. ആസ്തമ രോഗിയായിരുന്ന അമ്മ ആത്മഹത്യ ചെയ്തു. അച്ഛൻ തയ്യൽക്കാരനായിരുന്നു. അങ്ങനെയാണ് കൊല്ലത്തെ ഒരു തയ്യൽ മെഷീൻ ഏജൻസി ഉടമ ഈ തൊഴിൽ ശരിയാക്കിത്തന്നത്.'

ഇറങ്ങാൻ നേരം ഞാൻ ചോദിച്ചു , നാട്ടിലൊക്കെ പോകാറുണ്ടോ? സലാമിന്റെ ഭാര്യയാണ് മറുപടി പറഞ്ഞത് : 'പത്തുകൊല്ലമായി നാട്ടിൽ പോയിട്ട്'.

## നാല്

ഭോപ്പാലിനടുത്തുള്ള ഭീം ബേട്ക ഗുഹാചിത്രങ്ങൾ കാണാൻ പോയപ്പോഴാണ് രാമചന്ദ്രനെ പരിചയപ്പെട്ടത് . ഭോപ്പാലിനടുത്തുള്ള, സമ്പന്നരുടെ കുട്ടികൾ പഠിക്കുന്ന ഒരു സ്വകാര്യ വിദ്യാലയത്തിൽ ഹിന്ദി അധ്യാപകനാണ് രാമചന്ദ്രൻ. മധ്യപ്രദേശിൽ ജനിച്ചയാൾ. കുമാരനാശാന്റെ കവിതകളേക്കാൾ മൈഥിലി ശരൺ ഗുപ്തയുടെ കവിതകൾ അറിയാവുന്ന മലയാളി. പക്ഷേ എല്ലാ കൊല്ലവും കേരളത്തിൽ നെന്മാറ-വല്ലങ്ങി വേല കാണാൻ പോകും. ഇഷ്ടപ്പെട്ട ആന എന്നും ഗുരുവായൂർ പത്മനാഭൻ. ഞാൻ ചോദിച്ചു, എന്നെങ്കിലും കേരളത്തിൽ തിരികെ പോകുമോ? രാമചന്ദ്രൻ നല്ല മലയാളത്തിൽ വൈലോപ്പിള്ളിയെ ഉദ്ധരിച്ച് എന്നെ ഞെട്ടിച്ചു കളഞ്ഞു:

' ദ്യോവിനെ വിറപ്പിക്കു -
        മാ വിളി കേട്ടോ, മണി -
കോവിലിൽ മയങ്ങുന്ന
        മാനവരുടെ ദൈവം?

എങ്കിലുമതു ചെന്നു
        മാറ്റൊലിക്കൊണ്ടൂ, പുത്ര -
സങ്കടം സഹിയാത്ത
        സഹ്യന്റെ ഹൃദയത്തിൽ !'



# ചലച്ചിത്രങ്ങളിലെ



**പി. എസ്. രാധാകൃഷ്ണൻ**
പ്രൊഫസർ,
സ്കൂൾ ഓഫ് ലെറ്റേഴ്സ്

പൊന്നുവിളയുന്ന നാടിനെപ്പറ്റിയുള്ള കഥകൾ മലയാളിയെ എക്കാലവും ആകർഷിച്ചിരുന്നു. ഒരിക്കൽ അത് സിലോണായിരുന്നു. പിന്നെയത് മലയായും ബിലാത്തിയുമായി. ഒടുക്കമെത്തിയത് സ്വപ്നങ്ങൾ കായ്ക്കുമെന്ന് വിശ്വസിച്ച ഗൾഫിൽ. കിടപ്പാടം വിറ്റോ പണയപ്പെടുത്തിയോ പരദേശങ്ങൾ തേടിയുള്ള പ്രയാണത്തിൽ വാഴുന്നവരും വീഴുന്നവരുമേറെ. സമ്പന്നരായി തിരികെവരാനുള്ള ആവേശവുമായി അവർ മറുനാടുകളിലേക്ക് കടന്നു. മാധ്യമങ്ങൾ 'മറുനാടൻമലയാളി ' എന്ന് ഇവർക്ക് വിളിപ്പേരിട്ടു. എന്തുജോലിയും ചെയ്യാൻ തയ്യാറായിപ്പോയവരാണിവർ. ഇവരുടെ 'കുടിയേറ്റങ്ങൾ'മറ്റു പ്രവാസസംസ്കാരത്തിൽ നിന്നും അളവിലും തോതിലും പാടെ വ്യത്യസ്തമാണ്.

ഒരുകാലത്ത് നാടുവിട്ട് അന്യദേശത്തേക്ക് നീങ്ങുന്നത് സ്വാഭാവികമായി സംഭവിക്കുന്നത് കാണാം. വിദ്യാഭ്യാസം നേടിയ യുവാക്കളുടെ പടതന്നെ തുടർച്ചയായി മുംബൈയിലേക്ക് സ്ഥലം മാറുകയായിരുന്നു. ഐക്യകേരളം യാഥാർഥ്യമായെങ്കിലും അതിജീവനത്തിനായുള്ള യുവത്വത്തിന്റെ പരക്കംപാച്ചിൽ 1960 കളിൽ നിന്ന് 70 കളിലേക്കും 80കളിലേക്കും വ്യാപിക്കുകയായിരുന്നു. പൊന്നുപൂക്കുന്ന സ്വപ്നഭൂമിയിലേക്കുള്ള പലായനങ്ങളുടെ തുടർച്ചയിവിടെ കാണാനാവും. താറുമാറായ സാമ്പത്തികബന്ധങ്ങളെ പ്രതിരോധിച്ചത് ജന്മനാടുപേക്ഷിച്ച് പരദേശങ്ങളിൽ അതിജീവിതം ഉണർത്തിയെടുത്ത സമൂഹത്തിലെ ന്യൂനപക്ഷങ്ങളായിരുന്നു. രാപകലില്ലാത്ത അധ്വാനത്തിന്റെ യാതനകളിലൂടെയാണവർ ജീവിതം വീണ്ടെടുത്തത്. അവരുടെ നിക്ഷേപങ്ങൾ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ സ്ഥിരപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വൈയക്തികമായും ഉപഭോഗപരമായും മാത്രമല്ല വ്യവസായരംഗത്തും ഇവരുടെ നിക്ഷേപങ്ങളുണ്ടായി. ഇവരിലൂടെ ധനാത്മകമായി മാറിയ സാമ്പത്തികമൂലധനം സിനിമയുൾപ്പെടെയുള്ള മേഖലകളിലേക്ക് വ്യാപിക്കുകയായിരുന്നു.

പ്രവാസജീവിതത്തെ ചലച്ചിത്രവ്യവഹാരങ്ങൾ വ്യാഖ്യാനിക്കുകയും നിർവഹിക്കുകയും ചെയ്ത രീതികൾ സമാനസ്വഭാവമുള്ളതായിരുന്നില്ല. പ്രവാസജീവിതം പലപ്പോഴായി സിനിമ വിഷയമാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ സിലോൺ, ബോംബെ(മുംബൈ), ചെന്നൈ തുടങ്ങിയ സ്ഥലങ്ങളായിരുന്നു. മലയാളത്തിലെ ആദ്യ ശബ്ദ-നിശബ്ദ സിനിമകളിലാണ് പ്രവാസത്തിന്റെ ആദിമസൂചനകൾ. ചന്ദ്രകുമാർ (വിഗതകുമാരൻ, 1928), ബാലൻ (ബാലൻ, 1938) തുടങ്ങി യുദ്ധകാലം വിഷയമാക്കുന്ന സിനിമകളിലും ഇതിന്റെ പകർച്ചകളുണ്ട്. നാടിനെക്കുറിച്ചുള്ള മധുരസ്വപ്നങ്ങൾ പാട്ടുകളിലൂടെയായിരുന്നു സംവദിച്ചിരുന്നത്. ഇത് പിന്നീട് പ്രവാസചിത്രങ്ങളിൽ ക്ളീഷേയായി മാറുന്നു.

80 കളുടെ അവസാനത്തെത്തുടർന്ന് സിങ്കപ്പൂർ, മലേഷ്യ തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളും ചില യൂറോപ്യൻനാടുകളും സിനിമയുടെ ഭാഗമായിട്ടുണ്ട്. അമേരിക്കൻ ഐക്യനാടുകളെ അത്ഭുതത്തോടെയാണ് സിനിമ കണ്ടിരുന്നത്. ഹിന്ദി ചിത്രങ്ങളിലായിരുന്നു ഇതിന്റെ വിജയകരമായ തുടക്കം. തെക്കേ ഇന്ത്യയിൽ തമിഴകത്തും ഇതിന്റെ അലയൊലികളുണ്ടായി. താരതമ്യേന ഒട്ടുവൈകിയാണ് മലയാളസിനിമ മറുനാടുകളിലേക്ക് കടക്കുന്നത്. അമേരിക്കയെന്ന അത്ഭുതത്തെ മലയാളികൾക്ക് കാഴ്ചപ്പെടുത്തിയ ആദ്യചിത്രമാണ് 'ഏഴാംകടലിനക്കരെ'(1979).'അമേരിക്ക അമേരിക്ക', 'ഉദയം പടിഞ്ഞാറ് ' (1986), 'മെയിഡ് ഇൻ യു എസ് (2004)', 'അക്കരെയക്കരെ' എന്നീ ചിത്രങ്ങളും ഈ നിരയിൽ വരും.

## ഗൾഫിലെ മലയാളി ജീവിതം

ഏഷ്യ, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളെക്കാൾ ഗൾഫിലെ മലയാളി ജീവിതമാണ് ഏറെ വെള്ളിത്തിരയിലെത്തിയത്. സിനിമ ഇതിനെ ആഖ്യാനം ചെയ്ത രീതി പലപ്പോഴും പരസ്പരബന്ധമില്ലാത്തതാണ്. പലപ്പോഴും ഇവ കാല്പനികതയിൽ പൂണ്ടുപോവുന്നതായി കാണാം. അടിസ്ഥാന യാഥാർഥ്യങ്ങൾ വെളിപ്പെടുത്തുന്നതിനേക്കാൾ പ്രവാസ ജീവിതത്തെ ഭ്രമാത്മകമായാണ് സിനിമ നേരിട്ടത്. പിന്നീടത് തമാശകളിലേക്കും വീരാരാധനയിലേക്കും വിസ്മയത്തിലേക്കും വഴിമാറി.

മലയാളികളുടെ മാനവവിഭവശേഷി അറബ് ഐക്യനാടുകളുടെ പുരോഗതിക്ക് നൽകിയ സംഭാവനകളെന്തെന്ന് സിനിമകൾ അന്വേഷിക്കാറില്ല. ഗൾഫിൽ നിന്ന് നാട്ടിലേക്കു വരുന്നവരെ അന്യവൽകരിക്കരിക്കാനാണ് സിനിമയുടെ നിയോഗം.




# പ്രവാസജീവിതം

കൈയിൽ ടേപ്പ് റിക്കാർഡറും, മൽബോറോ സിഗരറ്റും, തിളങ്ങുന്ന മിഠായികളുമായി നാട്ടിലേക്ക് വരുന്ന 'പുതുപ്പണ'ക്കാരെയാണ് സിനിമ അവതരിപ്പിക്കുന്നത്. 'ഓടരുതമ്മാവാ ആളറിയാം '(1984), 'അക്കരെ നിന്നൊരു മാരൻ'(1985), 'അറബിയും ഒട്ടകവും പി. മാധവൻ നായരും '(2011),' വെനീസിലെ വ്യാപാരി'(2011), 'ആനക്കള്ളൻ'(2018) തുടങ്ങിയ ചിത്രങ്ങൾ ഈ ജനുസ്സിലുള്ളവയാണ്. അന്യനാടുകളിൽ ജോലിചെയ്യുന്നവരുടെ അധ്വാനശേഷി ഇവരുടെ പരിഗണനയിലില്ല. പലപ്പോഴും ആൾമാറാട്ടക്കാരുടെ കൂട്ടായ്മയിലൂടെയാണ് ആഖ്യാനം നീങ്ങുന്നത്. അല്ലെങ്കിൽ മുറപ്പെണ്ണിനെയോ കാമുകിയെയോ സ്വന്തമാക്കാനുള്ള തരികിടകളാവും. രണ്ടിലെയും കേന്ദ്രബിന്ദുവായി ഒരു അറബിയുണ്ടാവും. (പലപ്പോഴും അറബി വേഷം കെട്ടുക മലയാളികളാവും).

## കുടിയേറ്റ ജീവിതത്തിന്റെ ആവിഷ്കാരം

ഇതിന് വിപരീതമായി ഗൾഫ് ജീവിതത്തിന്റെ സൂക്ഷ്മയാഥാർഥ്യങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്ന ചിത്രങ്ങളുമേറെ. 'വിൽക്കാനുണ്ട് സ്വപ്നങ്ങൾ', 'വിസ' 'ഗർഷോം ', 'അറബിക്കഥ', 'ഗദ്ദാമ', 'പത്തേമാരി' തുടങ്ങിയവ കുടിയേറ്റജീവിതത്തിന്റെ അന്യതയും കഷ്ടപ്പാടുകളും നഷ്ടസ്വപ്നങ്ങളും ആവിഷ്കരിച്ചവയാണ്. ഗൾഫ് നാടുകളിലേക്കുള്ള പലായനത്തെയും കേരളത്തിലെ സാമ്പത്തിക തകർച്ചകളെയും അതിജീവനത്തിനായുള്ള നീക്കങ്ങളെയും തിരിച്ചറിയുന്ന ചിത്രമെന്ന നിലയ്ക്കാണ് 'വിൽക്കാനുണ്ട് സ്വപ്നങ്ങൾ' പ്രസക്തമാകുന്നത്. യുവത്വത്തിന്റെ വിഷാദങ്ങളും തൊഴിൽ നിഷേധവും യുവാക്കളിൽ ചെലുത്തിയ സംഘർഷങ്ങളും അസ്വാസ്ഥ്യവും ഇവിടെ പ്രകടമാണ്. മാടമ്പിത്തത്തിന് തിരിയാത്ത മാറുന്ന സമ്പദ് വ്യവസ്ഥയുടെ പുതുമാനങ്ങളെയാണ് ചിത്രത്തിലെ രാജൻ (സുകുമാരൻ) പ്രതിനിധീകരിക്കുന്നത്. മുകളിലൊരു സ്ഥലം, വെട്ടിപ്പിടിക്കാനുള്ള വെമ്പൽ, പണവും പത്രാസുമായി നാട്ടിലേക്കുള്ള മടക്കം തുടങ്ങിയ സ്വപ്നങ്ങളെല്ലാം വ്യാമോഹങ്ങളായി തീർന്നു. പത്തേമാരിയിൽ നിന്നും കടലിടുക്കിലേക്കും തുടർന്ന് മനുഷ്യവാസമില്ലാത്ത മരുഭൂമിയിലേക്കുമാണ് രാജൻ സഞ്ചരിച്ചത്.

സ്വപ്നഭൂമിയിലേക്കുള്ള പ്രയാണം കടുത്തതും ഇരുണ്ടതുമാണ്. ഗൾഫിൽ പോയി മടങ്ങുന്നവരുടെ വാഴ്ത്തലുകളും വീഴ്ത്തലുകളും തിരിച്ചറിയുന്ന ചിത്രങ്ങളാണ് 'വിൽക്കാനുണ്ട് സ്വപ്നങ്ങൾ', 'വിസ', 'ഗർഷോം' തുടങ്ങിയവ. ഗൾഫിലേക്കുള്ള യാത്രയിൽ വീണവരും വീണ്ടെടുത്തവരുമുണ്ട്. വിസാതട്ടിപ്പുകൾ വഴി അങ്ങോട്ടേക്കുള്ള വഴി നഷ്ടപ്പെട്ടവരുമുണ്ട്. 'വിസ' (1983), 'അടിയൊഴുക്കുകൾ'(1984) തുടങ്ങിയ ചിത്രങ്ങളിൽ യുവത്വത്തിന്റെ നിസ്സഹായത പ്രകടമാണ്.

## ഗർഷോമും പത്തേമാരിയും

ഗൾഫിൽ നിന്നും പന്ത്രണ്ട് വർഷത്തിനുശേഷം നാട്ടിൽ വന്ന് പുതിയൊരു സംരംഭം തുടങ്ങി പരാജയപ്പെട്ടവരുമുണ്ട്. പി. ടി. കുഞ്ഞിമുഹമ്മദിന്റെ 'ഗർഷോം' (1999) വേറിട്ടുനിൽക്കുന്നത് അതിലെ സ്വാഭാവിക പരിചരണത്താലാണ്.

ഗൾഫിൽ നിന്നും മടങ്ങുന്നവരെ എങ്ങനെയാണ് സമൂഹം കാണുന്നത്? എങ്ങനെയാണ് ഇടപെടുന്നത്? എന്നത് പ്രശ്നമാണ്. നാട്ടിൽ വന്ന് ബിസിനസ് നടത്തുന്ന നാസർ നേരിടുന്ന മാനസികസംഘർഷം വലുതാണ്. അമ്മയും ഭാര്യയും കുട്ടികളുമടങ്ങുന്ന കുടുംബത്തോട് താൻ അനീതി ചെയ്യുന്നു എന്ന ആകുലത അയാളെ തുടരെ വേട്ടയാടുന്നുണ്ട്. ഒരു ഘട്ടത്തിൽ ബാങ്ക് വായ്പ്പയുടെ മുറ തെറ്റിയതിന് നാസർ കസ്റ്റഡിയിൽ പോവുന്നുണ്ട്. നാട് വിട്ട് ഗൾഫിലേക്ക് വീണ്ടും മടങ്ങാനാണ് നാസറിന്റെ വിധി. നാടിനും വീടിനുമായി ചോര നീരാക്കിയ ഗൾഫ് മലയാളികളെ വസ്തുവൽക്കരിക്കാനാണ് മലയാളികൾ ആഗ്രഹിക്കുന്നത്. നാട്ടിൽ അതിഥിയായി ജീവിക്കേണ്ടി വരുന്നവർ നാസറിനെ പ്പോലെ എത്രയോ പേരുണ്ടാവും? പത്തേമാരി'(2015)യിലെ നാരായണനും (മമ്മൂട്ടി) മൊയ്തീനുമൊക്കെ (ശ്രീനിവാസൻ) ഇതിന്റെ മാതൃകകളാണ്. മറുനാട്ടിൽ പണം കിളിർപ്പിക്കുന്ന മരങ്ങളായാണ് ഇവരെ നാട്ടുകാരും വീട്ടുകാരും കാണുന്നത്. വീട്ടിൽ വന്നു മടങ്ങുമ്പോഴുള്ള പരിഗണനയല്ല നാട്ടിൽ സ്ഥിരതാമസത്തിന് വരുമ്പോഴുള്ളത്.

ഗൾഫുകാരുടെ കുടുംബമെന്ന ഐഡന്റിറ്റിക്ക് തനതായ വ്യാപകശേഷിയുണ്ട്. കുടുംബം നന്നാവുമ്പോഴും അതിന് കാരണഭൂതരായ വ്യക്തികൾക്കെന്ത് സംഭവിച്ചുവെന്ന ചോദ്യം ഉത്തരമില്ലാതെ നിൽക്കുന്നു. മറ്റൊരു തലത്തിൽ മലയാളിജീവിതത്തെ സമ്പന്നമാക്കുന്നതിൽ സാംസ് കാരികവും സാമൂഹികവുമായി വലിയ പങ്കാണ് ഗൾഫുനാടുകൾ വഹിച്ചിട്ടുള്ളത്. മലയാളിയും ഗൾഫ്നാടുമായുള്ള പാരസ്പര്യം ചരിത്രത്തിൽ മാഞ്ഞ് പോവാത്ത സവിശേഷമായ അധ്യായമാണ്. ■



# കോവിഡ് കാലത്തും സാന്ത്വനസ്പർശമായി മലയാളി നഴ്സുമാർ



**ജോബി ബേബി**
നഴ്സ്, കുവൈത്ത്

പ്രവാസ ലോകത്ത് കോവിഡ് കാലം മലയാളി നഴ്സുമാരുടെ പ്രധാന്യത്തിന്റെയും പ്രസക്തിയുടെയും തിരിച്ചറിവായിരുന്നുവെന്ന് ഏവർക്കുമറിയാം. ലോകം കോവിഡ് ഭീതിയിൽ വിറച്ചുനിൽക്കുമ്പോഴും കേരളത്തിൽ നിന്നുള്ള നഴ്സുമാർ രോഗീ പരിചരണത്തിൽ മുന്നിൽ തന്നെയാണ് ഉണ്ടായിരുന്നത്. അതിനുദാഹരണമാണ് ലോകത്തിന്റ വിവിധ ഭാഗങ്ങളിൽ മലയാളി നഴ്സുമാരുടെ സേവനം.

ആതുരശുശ്രൂഷയിൽ മലയാളി നഴ്സുമാരുടെ അർപ്പണ ബോധമാണ് അവരെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. മലയാളി നഴ്സുമാർ സ്നേഹം കൊണ്ട് പരിചരിക്കുന്നവരാണെന്നു നിസംശയം പറയാം. പുതുതായി വരുന്ന സഹപ്രവർത്തകരെ എങ്ങനെ സ്വീകരിക്കണമെന്നും പുതിയ സാഹചര്യത്തിൽ തൊഴിലെടുക്കാൻ എങ്ങനെ പ്രാപ്തരാക്കണമെന്നും അവർക്കറിയാം. ഗൾഫ് രാജ്യങ്ങളിൽ പുതുതായി വരുന്ന മലയാളി നഴ്സുമാർ പൊതുവെ ഭാഷയുടെ കാര്യത്തിൽ പലപ്പോഴും പിറകിലായിരിക്കും. അറബിയും, ഉർദുവും, ഹിന്ദിയും അപൂർവം പേർക്കേ അറിയൂ. എന്നാൽ കുറഞ്ഞകാലം മതി, അവർ എല്ലാ ഭാഷയിലും പ്രാവീണ്യമുള്ളവരായി മാറും. ഏത് ദേശക്കാരായ രോഗിക്കും മലയാളി നഴ്സിനുമിടയിൽ പരസ്പരം മനസ്സിലാകുന്ന ഒരു അദൃശ്യ ഭാഷ ഉണ്ടെന്ന് അവരോട് സംസാരിക്കുമ്പോൾ തോന്നാറുണ്ട്. ഗൾഫ് നാടുകളിൽ പുതുതായി വരുന്ന മലയാളി നഴ്സുമാർ പോലും അവർക്കറിയാത്ത ഭാഷക്കാരായ രോഗികളോട് ആശയവിനിമയം സാധ്യമാക്കുന്നത് കണ്ട് പലപ്പോഴും അത്ഭുതമാണ്. പ്രത്യേകതരം സ്നേഹത്തിന്റേയും കരുതലിന്റേയും ഭാഷയാണത്.

കോവിഡ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച സമയത്ത് മലയാളി നഴ്സുമാരിൽ പലരും പൊടുന്നനെ ജീവകാരുണ്യ പ്രവർത്തകരായി മാറിയതാണ് ഗൾഫ്

നാടുകളിൽ കണ്ട മറ്റൊരു ഹൃദ്യമായ അനുഭവം. മുൻ പരിചയമുള്ള രോഗികൾ കോവിഡ് ബാധയേറ്റ് ആരോഗ്യപ്രശ്നങ്ങൾ നേരിട്ട സമയത്ത് സഹായം അഭ്യർഥിച്ചു വിളിക്കുമ്പോഴും അവർക്ക് മറ്റ് ആശുപത്രിയിൽ ചികിത്സ തരപ്പെടുത്തുന്നതിനും ആംബുലൻസ് സേവനം ലഭ്യമാക്കുന്നതിനുമെല്ലാം നിരന്തരമായി ഇടപെട്ടിരുന്നത് മലയാളി നഴ്സുമാരാണ്. രാജ്യത്തെ വിവിധ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ വാട്സ് ആപ് ഗ്രൂപ്പുണ്ടാക്കിയും അവരുമായി നിരന്തരം ബന്ധപ്പെട്ടും തങ്ങളെ സമീപിച്ചവരുടെ ജീവൻ സംരക്ഷിക്കാൻ മുന്നിൽ നിന്ന് പ്രവർത്തിച്ച ഗൾഫ് രാജ്യങ്ങളിലെ മലയാളി നഴ്സുമാർ നഴ്സിംഗ് ലോകത്തെ വലിയ മാതൃകയാണ്.

## കേരള സർക്കാരിന്റെ ചരിത്ര നേട്ടം

സംസ്ഥാന സർക്കാരിന്റെ ഉദ്യമത്തിലൂടെ നിരവധി നഴ്സുമാർക്കാണ് വിദേശ രാജ്യത്തെ ജോലി എന്നത് യാഥാർഥ്യമാക്കുന്നത്. നഴ്സിംഗ് മേഖലയിലെ തട്ടിപ്പുകൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ ഒഡെപെക് ഈ ദൗത്യം ഏറ്റെടുക്കുന്നത്. അതിന്റെ ആദ്യപടിയാണ് ഒഡെപെക് മുഖേന ബെൽജിയത്തിലേക്കുള്ള ആദ്യ സംഘം നഴ്സുമാർ യാത്രയ്ക്ക് സജ്ജമായി എന്നുള്ളത്. ഇന്ത്യയിൽ നിന്നും ബെൽജിയത്തിലേക്ക് പോകുന്ന ആദ്യ സംഘം കൂടിയാണ് 22 പേർ. തൊഴിൽ സുരക്ഷ ഉറപ്പാക്കി റിക്രൂട്ട് ചെയ്യുക എന്നതാണ് ഇതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഒഡെപെക്കിന്റെ ഓരോറാ എന്ന പദ്ധതി പ്രകാരമാണ് ഈ റിക്രൂട്ട്മെന്റ് നടത്തിയത്. ബെൽജിയത്തിലേക്ക് പോകുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംഘം കൂടിയാണ് എന്ന പ്രത്യേകതയും ഉണ്ടവർക്ക്. ബെൽജിയത്തിലേക്കുള്ള ജോലിക്കായി 22 പേർ ഒഡെപെക് നടത്തിയ പരീക്ഷ എഴുതി. മുഴുവൻ പേരും യോഗ്യത നേടി. തുടർന്ന് കൊച്ചിയിൽ ആറ് മാസത്തെ ഭാഷാ പ്രാവിണ്യം അടക്കമുള്ള പരിശീലനം. ഈ രീതിയിലാണ് സംസ്ഥാന സർക്കാർ ബെൽജിയത്തിലെക്കുള്ള ആദ്യ സംഘത്തെ സജ്ജമാക്കിയത്. ലക്ഷങ്ങൾ ചിലവാക്കി സ്വകാര്യ ഏജൻസികൾ മുഖേന വിദേശത്ത് ജോലിക്കായി പോയി ദുരിതത്തിലാകുന്ന സാഹചര്യത്തിൽ ഒഡെപെക് മുഖേനയുള്ള റിക്രൂട്ട്മെന്റ് വലിയ ആശ്വാസമാണെന്ന് നഴ്സുമാരും പറയുന്നു. ■

കോവിഡ് മഹാമാരി തീർത്ത പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകൊണ്ട് ലോകകേരളസഭ വീണ്ടും സമ്മേളിക്കുകയാണ്. കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഇന്ത്യക്ക് പുറത്തും വസിക്കുന്ന പ്രവാസികളുടെ കൂട്ടായ്മയെന്നോണം രൂപീകരിക്കപ്പെട്ട ലോക കേരള സഭ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളും, പ്രതിസന്ധികളും ചർച്ച ചെയ്യാനും, അവയ്ക്കു പരിഹാരം കാണാനും, അതോടൊപ്പം കേരളത്തിന്റെ വികസനത്തിന് പ്രവാസി ലോകത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്താനും പറ്റുന്ന നല്ലൊരു വേദിയായിരിക്കുമെന്നു ഉറപ്പാണ്. ഇതിലൂടെ പ്രവാസി ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ ജനാധിപത്യപരവും ഉപകാരപ്രദവുമാകുമെന്ന് പ്രതീക്ഷിക്കുന്നു. മൂന്നാം ലോകകേരളസഭയ്ക്ക് എല്ലാവിധ ആശംസകളും പിന്തുണയും നേരുന്നു.



**റീന രാജൻ,**
ലാബ് ടെക്നീഷ്യൻ, മിനിസ്ട്രി ഓഫ് ഹെൽത്ത്,
മുബാറക് അൽകബീർ ഹോസ്പിറ്റൽ,
കുവൈത്ത്

"വിപുലമായ വൈദഗ്ധ്യങ്ങളുള്ള പ്രവാസികൾക്ക് സംസ്ഥാനത്തിന്റെ വികസനത്തിലും മറ്റ് പ്രവർത്തനങ്ങളിലും പങ്കാളികളാകാൻ കേരള സർക്കാർ സൃഷ്ടിച്ച ഒരു മികച്ച ഇടമാണ് ലോക കേരള സഭ. ലോകമെമ്പാടുമുള്ള മലയാളികൾക്ക് അവർ വസിക്കുന്ന രാജ്യത്തും നാട്ടിലും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സൗകര്യമൊരുക്കുന്ന ഒരു സുപ്രധാന ചർച്ചാവേദി കൂടിയാണിത്.

അംഗങ്ങൾക്ക് അവരുടെ സാംസ്കാരികവും മതപരവുമായ സ്വത്വം നിലനിർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം വിദേശ ജീവിതാനുഭവങ്ങൾ പങ്കിടാൻ കഴിയുന്ന ഒരു മികച്ച പ്ലാറ്റ്ഫോം കൂടിയാണ് എൽ .കെ എസ്സ് എന്ന് ഞാൻ വിശ്വസിക്കുന്നു.'



**റെജ്ജി വർഗീസ്,**
ഓസ്ട്രേലിയ


ഇന്ത്യയിലെയും യു.കെ യിലെയും സംസ്കാരം എന്റെ ജീവിതത്തിന്റെ ഭാഗമാണ്. ഇന്ത്യൻ ശീലങ്ങൾ ഒന്നും മറന്നിട്ടില്ല. എല്ലാ അവധിക്കാലത്തും 32 വർഷമായി കുടുംബസമേതം ഞാൻ നാട്ടിലെത്തുന്നു. നമ്മുടെ ഭാഷ, ശീലങ്ങൾ എന്നിവ കുട്ടികൾ അറിയണം എന്നതിൽ നിർബന്ധമുണ്ടായിരുന്നു. അതുപോലെ യു.കെയിലെ ഒരുപാട് പ്രത്യേകതകളും എന്നെ സ്വാധീനിച്ചിട്ടുണ്ട്. ബ്രിട്ടീഷ് രീതിയിലുള്ള അച്ചടക്കം, കൃത്യനിഷ്ഠ, ഒരു ജോലി ഏറ്റെടുത്താൽ കൃത്യമായും ഭംഗിയായും ചെയ്യാനുള്ള താൽപര്യം, ഏത് ജോലിയായാലും അതിന് അതിന്റേതായ പ്രാധാന്യം ഉണ്ടെന്നും ജോലിചെയ്യുന്നവർക്ക് അതിന്റെ ബഹുമാനം കൊടുക്കണം എന്നും യുകെ സംസ്കാരം എന്നെ പഠിപ്പിച്ചു. ഒരുപാട് ആൾക്കാരെ പരിചയപ്പെടാനും മലയാളികളെ, ഇന്ത്യക്കാരെ ഇവിടത്തെ സാധാരണ ജനങ്ങളെ അറിയാനും പഠിക്കാനും ഒരുപാട് അവസരങ്ങൾ കിട്ടി. അവരുടെ സംസ്കാരത്തെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ അറിയാൻ കഴിഞ്ഞു.

മനോഹരമായ ഒരു യാത്രയായി തന്നെ ഞാൻ ഇതിനെ കണക്കാക്കുന്നു.



**ഡോ. ദേവിക മഹേശ്വരി**
ഡോക്ടർ, യു.കെ

Date of Publication: 01.06.2022
RNI No.2014/58028 Price: 12.00




Printed and Published by S.Harikishore IAS, Director, Information Public Relations Department on behalf of Government of Kerala and Printed at St.joseph's press, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt.of.Kerala, Government Secretariat, Thiruvananthapuram-695001.
Editor: S.Harikishore IAS